പുസ്തകം 76
ലക്കം 7
ജൂലായ് 2005
വഫാ 1383
ജ. അവ്വൽ – ജ. ആഖിർ 1426



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ – 100 ക.
ഒറ്റപ്രതി – 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


**4** *യുഗശബ്ദം*

**5** *മുഖക്കുറിപ്പ്*

ലേഖനം

**6** *മതത്തെ സംബന്ധിച്ച ഭൗതിക കാഴ്ചപ്പാട്*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**8** *ഈസാ നബി (അ): മരിച്ചവരുടെ കൂടെ*
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**9** *നിരക്ഷരനായ പ്രവാചകൻ*
മുഹമ്മദ് ഉമർ

**13** *മാനസിക പ്രതിഭാസങ്ങൾ*
ബഷീർ അഹ്മദ് ഓർച്ചാഡ്

**18** *നിരക്ഷരത : റസൂൽ തിരുമേനി (സ) യുടെ യോഗ്യത*
ഏ. എം. മുഹമ്മദ് സലീം

**26** *ഈസാ നബി : അദ്ദേഹമിപ്പോൾ ജീവിച്ചിരിപ്പുണ്ടോ? ഇങ്ങോട്ട് തിരിച്ചുവരുമോ:*
സി. എൻ. അഹമ്മദ് മൗലവി

**31** *പാപപങ്കിലമായ ലോകവും ആസന്നമായ ആണവ യുദ്ധവും*
ഏ. പി. കുഞ്ഞാമു

**35** *ഇസ്‌ലാം : അക്ഷയമായ ആത്മീയ സ്രോതസ്സ്*
മഹ്മൂദ് , കൽക്കുളം

*കുറിപ്പുകൾ, വാർത്തകൾ.*


മുഖചിത്രം : 17 – ാം നൂറ്റാണ്ടിൽ ചിത്രണം ചെയ്ത ഒരു മാർബിൾ ഫലകം , തുർക്കി


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


അവിശ്വാസികളുടെ ആരോപണങ്ങളിൽ നിന്ന് നിന്നെ പരിശുദ്ധനാക്കുകയും നിന്നെ പിൻതുടരുന്നവരെ പുനരുത്ഥാന നാൾ വരെയും നിഷേധിച്ചർക്കുപരിയായ നിലയിൽ ആക്കുകയും ചെയ്യും. (3:56)

## നബിവചനം

നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായി ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എത്രമേൽ നന്നായിരിക്കുകയില്ല.

(ബുഖാരി, മുസ്‌ലിം)

# ആകാശത്ത് നിന്ന് ആരും ഇറങ്ങിവരില്ല



**വാഗ്ദത്ത മസീഹ്**

“വാഗ്ദത്ത മസീഹിന്റെ ആകാശത്തു നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നും ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചു കൊൾവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്കു ആകാശത്ത് നിന്ന് മറിയമിന്റെ മകൻ യേശു (ഇബ്നുമറിയം) ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനുശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസാ അതുവരെയും ഇറങ്ങിവന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടേ വെറുത്തു തുടങ്ങും. അങ്ങനെ ഇന്നു മുതൽ മൂന്നു നൂറ്റാണ്ടു പൂർണ്ണമാവുന്നതിനു മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിംകളാവട്ടെ, ക്രിസ്ത്യാനികളാവട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും മനം മടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും.”

***(തദ്കിറത്തുശ്ശഹാദത്തൈൻ)***

മുഖക്കുറിപ്പ്

# ഈസാനബി(അ)യുടെ മരണത്തിന്റെ പ്രാധാന്യം

ഈസാനബി(അ) മറ്റെല്ലാം പ്രവാചകന്മാരേയും പോലെ മരിച്ചുപോയി എന്ന് വിശുദ്ധ ഖുർആനും ഹദീസും ഏറ്റവും വ്യക്തമായി പ്രഖ്യാപിച്ചതാണ്. പക്ഷേ അദ്ദേഹം ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നാണ് അഹ്മദികൾ ഒഴികെയുള്ള മുസ്‌ലിംകൾ ഒന്നടക്കം വിശ്വസിക്കുന്നത്. ഇത് യേശുദൈവപുത്രാണെന്ന് വിശ്വസിക്കുന്ന പൂർവ്വവേദക്കാരായി ക്രിസ്ത്യാനികളിൽ നിന്നും മുസ്‌ലിംകളിലേക്ക് പകർന്ന ഒരു പാരമ്പര്യ വിശ്വാസമാണ്. വളരെ ശക്തവും ആഴത്തിൽ വേരുകളുള്ളതുമായ ഈ അബദ്ധ വിശ്വാസം ഇസ്‌ലാമിനെ തുരങ്കം വെക്കുന്ന ഒന്നാണ്. ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഈസാനബി(അ) മരിച്ചുപോയി എന്ന് അഹ്മദികൾ വാദിക്കുമ്പോൾ അതിന് മറുപടി പറയാൻ കഴിയാത്ത മുസ്‌ലിം കക്ഷി നേതാക്കന്മാർ ഈസാനബി മരിക്കട്ടെ മരിക്കാതിരിക്കട്ടെ അതൊരു പ്രശ്നമേ അല്ല എന്ന് പറഞ്ഞ് സാധാരണക്കാരായ മുസ്‌ലിംകളെ വിഡ്ഢിക്കളാക്കാറുണ്ട്.

വാസ്തവത്തിൽ മുസ്‌ലിംകൾക്ക് ഈസാ നബി(അ)യുടെ മരണം ഒരു നിസ്സാര പ്രശ്നമാണോ? ഒരിക്കലുമല്ല മുസ്‌ലിം കക്ഷികളുടെ അസ്തിത്വത്തേക്കാൾ പ്രാധാന്യം ഈസാനബി(അ) വരുമെന്ന അവരുടെ വിശ്വാസത്തിനുണ്ട്. കാരണം ഇസ്‌ലാം ജീർണ്ണതക്കും നാശത്തിന്നും വിധേയമാവുമ്പോൾ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി, സുന്നി, തബ്‌ലീഗ് എന്നീ കക്ഷികൾ ആഗതരാവുമെന്നല്ല റസൂൽ കരിം(സ) പറഞ്ഞത്. കക്ഷികളെ സംബന്ധിച്ച് വളരെ മോശം അഭിപ്രായമാണ് റസൂൽ തിരുമേനി(സ) പ്രകടിപ്പിച്ചത് എന്ന കാര്യവും ശ്രദ്ധേയമാണ്. എന്റെ സമുദായം 73 കക്ഷികളായി പിരിയുമെന്നും അതിൽ ഒരു വിഭാഗമായ അൽ ജമാഅത്തൊഴികെ മറ്റെല്ലാം നരകത്തിൽ പതിക്കുമെന്നുമാണ് റസൂൽ തിരുമേനിയുടെ പ്രവചനം. ഈ പ്രവചനം എത്ര സത്യസന്ധമായിരുന്നു. മുസ്‌ലിംകക്ഷികൾ ഭിന്നിപ്പും കുഴപ്പവുമല്ലാതെ മറ്റൊന്നും കൊണ്ടുവന്നില്ല എന്നത് നമ്മുടെ അനുഭവമാണ്. ഇസ്‌ലാമിന്റെ സംഘടനാ രൂപം അൽ ജമാഅത്താകുന്ന ഖിലാഫത്ത് വ്യവസ്ഥയാണ്. മുസ്‌ലിംകളുടെ ഖിലാഫത്തായിരുന്ന തുർക്കി ഖിലാഫത്ത് നശിച്ചതിനുശേഷമാണ് ഭൗതിക രാഷ്ട്രീയ പ്രസ്ഥാനങ്ങളെ അനുകരിച്ച് കൂണുപോലെ മുസ്‌ലിം കക്ഷികൾ മുളച്ചുപൊന്തിയത് ഇസ്‌ലാം ജീർണ്ണതക്കും നാശത്തിനും വിധേയമാകുമ്പോൾ മസീഹ് അവതരിക്കുമെന്നാണ് റസൂൽ തിരുമേനി(സ) പറഞ്ഞത്. ഈയൊരു പരിഹാരമല്ലാതെ തിരുമേനി (സ) മറ്റൊരു പരിഹാരവും പറഞ്ഞിട്ടില്ല. ആ പരിഹാര പുരുഷൻ ഈസാ നബിയായിരിക്കുമെന്നും അദ്ദേഹം ഇപ്പോൾ ആകാശത്ത് വസിക്കുകയാണെന്നും മുസ്‌ലിം കക്ഷികൾ വിശ്വസിക്കുന്നു. നൂറ്റാണ്ടുകളുമായി മുസ്‌ലിംകൾ ഈ വിശ്വാസം ഹൃദയത്തിൽ താലോലിച്ചു കാത്തിരിക്കുകയാണ്.മാത്രമല്ല ഇസ്‌ലാമിന്റെ ആഗോളവിജയത്തെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും ഈസാനബി വന്നതിനുശേഷമാണ് സംഭവിക്കുക എന്ന് 120 കോടിയോളമുള്ള മുസ്‌ലിംകൾ വിശ്വസിക്കുന്നു. കൂടാതെ 200 കോടി ക്രിസ്ത്യാനികളും പ്രതീക്ഷിക്കുന്നത് മറ്റാരെയുമല്ല. യേശുവിനെ അതായത് ഈസാനബിയെ തന്നെയാണ്. അങ്ങനെ ഏറ്റവും പ്രബലമായതും ലോകജനസംഖ്യയുടെ മഹാഭൂരിപക്ഷം വരുന്നതുമായ രണ്ട് മുഖ്യ മതങ്ങളുടെ ദൈവീക പ്രതീക്ഷ ഈസാനബിയുടെ വരവിലാണ്. നമ്മുടെ കാലവുമായി ബന്ധപ്പെട്ടതും പ്രാമാണികവുമായ ഈ വിശ്വാസം ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റാണെന്നും ഈസാ നബി മരിച്ചുപോയി എന്നും പറയുമ്പോൾ അദ്ദേഹം മരിക്കട്ടെ, മരിക്കാതിരിക്കട്ടെ എന്നു പറഞ്ഞ് അത് നിസ്സാരമാക്കി തള്ളാൻ ഈ മുസ്‌ലിം കക്ഷികൾക്ക് എന്ത് അധികാരം?

ഈസാനബി (അ) മരിച്ചുപോയി എന്ന് ഖുർആനും, സുന്നത്തും, ഹദീസും അനിഷേധ്യമാം വിധം സാക്ഷ്യം വഹിക്കുന്നുവെങ്കിൽ പിന്നെ വരാനിരിക്കുന്ന മസീഹ് ആരാണ്? മുസ്‌ലിം സഹോദരന്മാർ ചിന്തിക്കേണ്ടിയിരിക്കുന്നു? വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് വന്നു കഴിഞ്ഞു. അദ്ദേഹമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) എന്ന അഹ്മദികളുടെ വാദം ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ പരിശോധിക്കേണ്ടതുണ്ട്. മുസ്‌ലിം ലോകം മുഴുവനും ഭയാനകമായ വിപത്തുകളിൽപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിലെങ്കിലും അവർ ഇക്കാര്യം ചിന്തിക്കട്ടെ. നമ്മുടെ മുമ്പിൽ ഖുർആൻ വിവരിച്ച സജീവമായൊരു ദൃഷ്ടാന്തവും ഈ വിഷയത്തിലുണ്ട്. ഈസാ നബി(അ) മസീഹായി ബനീ ഇസ്രായേൽ മസുദായത്തിൽ ഇറങ്ങിയപ്പോൾ ആകാശത്തുനിന്നും മസീഹിന് മുൻഗാമിയായി ഇൽയാസ് നബി(അ) ഇറങ്ങാതെ ഞങ്ങൾ വിശ്വസിക്കില്ല എന്ന് പറഞ്ഞ് ഈസാ മസീഹിനെ നിഷേധിച്ചവരാണ് യഹൂദികൾ. മുസ്‌ലിം സമുദായത്തിന്റെ ഗതി യഹൂദികളുടേത് പോലെയാവാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ■

ലേഖനം

# മതത്തെ സംബന്ധിച്ച ഭൗതിക കാഴ്ചപ്പാട്

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ഭയത്തിൽ നിന്നാണ് ദൈവവിശ്വാസം ഉണ്ടായതെന്ന സാമൂഹിക ശാസ്ത്രജ്ഞന്മാരുടെ നിഗമനം അശാസ്ത്രീയവും അയുക്തികവുമാണ്.**

സാമൂഹ്യശാസ്ത്രജ്ഞന്മാർ അവതരിപ്പിക്കുന്ന മതവികാസ സിദ്ധാന്തവും, ദൈവവിശ്വാസം എങ്ങനെ ഉടലെടുത്തു എന്ന അവരുടെ സങ്കല്പവും പ്രാഥമികമായി അവരുടെ സാമൂഹ്യ മനശാസ്ത്ര ധാരണകളുടെ അടിസ്ഥാനത്തിലുള്ളതാണ്. സമുഹജീവിതത്തിലുള്ള മനുഷ്യന്റെ പെരുമാറ്റത്തിലെ പൊതുവായ പ്രവണതകളെ നിരീക്ഷിച്ചുകൊണ്ട് മനുഷ്യൻ, അവൻ ഭയപ്പെടുന്നതിന് നേരെ ബഹുമാനാദരം പ്രദർശിപ്പിക്കുന്നു എന്ന നിഗമനത്തിൽ സാമൂഹ്യശാസ്ത്രജ്ഞന്മാർ എത്തിച്ചേരുന്നു. മാത്രമല്ല മനുഷ്യൻ ഇഷ്ടപ്പെടുന്നതിന് നേരെ അവൻ നിയന്ത്രിതവും ബഹുമാനിതവുമായ ഒരു സമീപനം കൈകൊള്ളുകയും ചെയ്യുന്നു അല്ലെങ്കിൽ അങ്ങനെ ഒരു സമീപനം ആവശ്യമായി വരുന്നു എന്ന് അവർ ഊഹിക്കുകയും ചെയ്യുന്നു. പരസ്പരം വാങ്ങിയും കൊടുത്തുമുള്ള മനുഷ്യന്റെ പെരുമാറ്റത്തിലൂടെയാണ് സാമൂഹ്യക്രമം രൂപപ്പെടുന്നത് സാമൂഹ്യശാസ്ത്രജ്ഞന്മാരുടെ ഈ സങ്കല്പം മതത്തിന്റെ കാര്യത്തിലും അവർ ആരോപിക്കുന്നു. അതായത് ഭയത്തിന്റെയും ആർത്തിയുടേയും പ്രവണതകളാണ് മതത്തെ രൂപപ്പെടുത്തിയതെന്ന് അവർ മനസ്സിലാക്കുന്നു.

മനുഷ്യന്റെ പരിണാമ ശ്രേണിയിൽ മനുഷ്യന്റേയും മനുഷ്യകുരങ്ങിന്റേയും വിഭജനരേഖക്കടുത്ത് നിൽക്കുന്ന പുരാതന മനുഷ്യൻ അവന് ചുറ്റും കണ്ടതിനെയെല്ലാം ആശയകുഴപ്പത്തോടെയും ഭയപ്പാടോടും കൂടി നിഷ്ക്കളങ്കഭാവത്തിൽ നോക്കി കണ്ടതായി സാമൂഹിക ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. പ്രകൃതിയിലെ സംഭ്രാന്തിയുണ്ടാക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ഉത്തരം തേടാൻ ശ്രമിക്കവേ വസ്തുതകളുടെ യാഥാർത്ഥ്യം ഗ്രഹിക്കുന്നതിൽ പ്രാക്തന മനുഷ്യൻ പരാജയപ്പെട്ടു. മനുഷ്യന്റെ ബുദ്ധിപരമായ വളർച്ചയുടെ ഘട്ടത്തിൽ പ്രകൃതിയുടെ അത്ഭുതകരമായ ശക്തി അവനെ ഹഠാദാകർഷിക്കുകയുണ്ടായി. മനുഷ്യജീവിതത്തെ സ്വാധീനിക്കുന്ന പ്രകൃതിപ്രതിഭാസങ്ങൾ അവന് ഗ്രഹിക്കാൻ കഴിയാത്ത അതീതശക്തികളുടെ പ്രകടനമാണെന്ന് അവർ ധരിച്ചു.

ഇതേ തുടർന്ന് അത്തരം ശക്തികൾക്ക് അവൻ ദേവന്മാരുടെ സ്ഥാനം നൽകി. കൊടുങ്കാറ്റിന്റെ സംഹാരാത്മകമായ ശക്തിയും, ചുഴലിക്കാറ്റും കാണുമ്പോൾ അവ അവനെ കീഴ്പ്പെടുത്തിക്കളയുമോ എന്ന ഭീതി കാരണം ഈ ശക്തികൾക്ക് നേരെ അവൻ ഭയത്താൽ തലകുനിച്ചു. വീണ്ടും അവൻ സൂര്യപ്രകാശം കാണുകയും സൂര്യന്റെ സൃഷ്ടിപരമായ പ്രവർത്തനങ്ങളുമായി പരിചയപ്പെടുകയും ചെയത്പ്പോൾ ദൈവത്തിന്റെ ദയാപരമായ പ്രഭാവം അവന്റെ ഭാവനയിൽ രൂപംകൊണ്ടു. പ്രകൃതി പ്രതിഭാസങ്ങളാകുന്ന കണ്ണാടിയിലൂടെ ഈ പ്രകടനങ്ങൾ നോക്കിക്കണ്ട പൗരാണിക മനുഷ്യന് ഇതെല്ലാം ഭയവും കാരുണ്യവുമായി അനുഭവപ്പെട്ടു. അങ്ങിനെ പ്രകൃതിയിലെ വേലിയേറ്റം, കൊടുങ്കാറ്റ്, മിന്നൽ കൊണ്ടുവരുന്ന മഴക്കാറ്റ്, അതേ തുടർന്ന് വരുന്ന വെള്ളപൊക്കവും ഇടിനാദം മുതലായ ഇരുട്ടിന്റെ ശക്തികളെ ശത്രുക്കളായും ദുഷ്ടശക്തികളായും കണക്കാക്കപ്പെട്ടു.

അപകടകാരികളായ മൃഗങ്ങളും ഇക്കാര്യത്തിൽ പിന്നിലായിരുന്നില്ല. കാട്ടിലെ വന്യമൃഗങ്ങൾ, കാട്ടുപൂച്ചകൾ, സർപ്പങ്ങൾ, തേളുകൾ, മുതലായവക്ക് കൂടി ദുഷ്ടശക്തികളെ ആവ

ഹിച്ച സാങ്കല്പിക ദൈവങ്ങളുടെ സമൂഹത്തിൽ പങ്ക് വകവെച്ച് കൊടുത്തിരുന്നു. തണുത്ത മന്ദമാരുതൻ, നീരാവി വഹിച്ചുള്ള കാറ്റ്. ആഹ്ലാദകരവും ജീവൽദായകവുമായ മഴ മുതലായ പ്രകൃതിയുടെ കാരുണ്യത്തിന്റെ പ്രകടനങ്ങൾ കരുണാദായകന്മാരായ സൽദൈവങ്ങളായിരുന്നു നിയന്ത്രിച്ചിരുന്നത് എന്ന് അവൻ കരുതി. പ്രാക്തന മനുഷ്യന്റെ പ്രാകൃത ചിന്തകളിൽ അതെല്ലാം തന്നെ വിവിധ മനോഭാവങ്ങളോ അഭിരുചിയോ, അനുഭാവമോ ഉള്ള ദൈവങ്ങളായോ ദൈവത്തിന്റെ പ്രതിനിധികളായോ കാണപ്പെട്ടു. അവന്റെ ഭാവനയിലുള്ള അത്തരത്തിലുള്ള എല്ലാ ദൈവങ്ങളേയും അവൻ പ്രീതിപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഏതെങ്കിലും ദൈവത്തിന്റെ കോപം സമ്പാദിച്ചെങ്കിലോ അല്ലെങ്കിൽ സ്നേഹം നഷ്ടപ്പെട്ടെങ്കിലോ എന്ന് അവൻ ഭയപ്പെട്ടു. സമുജ്ജ്വല ശോഭയോടെയുള്ള സൂര്യൻ, ചന്ദ്രൻ, നിഗൂഢമായ രാശികളോടെയുള്ള നക്ഷത്രങ്ങൾ മുതലായ വാനലോകത്തെ അത്ഭുതങ്ങൾ പ്രാക്തന മനുഷ്യന്റെ അഗാധമായ ബഹുമാനങ്ങളും പിടിച്ചു പറ്റിയിരുന്നു. ഇങ്ങിനെ പുരാതന മനുഷ്യന്റെ ദൈവത്തെ സംബന്ധിച്ച ആശയം മുകളിലേക്ക് കുതിച്ചുകയറി. അങ്ങിനെ ദൈവങ്ങൾ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും വർഗ്ഗീകരിക്കപ്പെട്ടു.

പുരാതന മനുഷ്യൻ എല്ലാറ്റിനേയും അമിതമായി വിശ്വസിക്കുന്നവനാണെന്ന സങ്കല്പത്തിനെതിരെ ഇക്കാലത്ത് ആരെങ്കിലും വിമർശനമുന്നയിച്ചേക്കാം. ഈ വിമർശനത്തിനെതിരെ പ്രാക്തന മനുഷ്യന്റെ അപക്വമായ മനസ്സിന്റെ സ്വാഭാവിക ചിന്തകളായിരുന്നു ഈ അമിതവിശ്വാസമെന്ന് വിശദീകരണം നൽകികൊണ്ട് സാമൂഹ്യശാസ്ത്രജ്ഞന്മാർ ഇത്തരം സംശയങ്ങളെ നേരിടുന്നു. ചുരുക്കത്തിൽ ഇതാണ് മതത്തിന്റെ ഉദ്ഭവത്തെക്കുറിച്ചും പരിണാമത്തെക്കുറിച്ചുമുള്ള ഉന്നതന്മാരായ സാമൂഹ്യശാസ്ത്രജ്ഞന്മാർക്കുള്ള വ്യാപകമായ വീക്ഷണം.

ഈ പ്രാകൃതമായ ചിന്താപ്രക്രിയയാണ് ആത്യന്തികമായി ഒരു ഏക സ്രഷ്ടാവ് എന്ന സങ്കല്പം ഉണ്ടാക്കിയതെന്നുകൂടി സാമൂഹ്യശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ബഹുദൈവങ്ങളുടെ സങ്കല്പത്തിൽ നിന്നും ക്രമേണയാണ് ഏകദൈവസങ്കല്പം രൂപപ്പെട്ടതെന്നും അവർ കരുതുന്നു. ഈ ബഹുദൈവങ്ങളെല്ലാം അസുഖകരമായ ഒരു സമവാകൃത്തിലായിരുന്നു സഹവർത്തിച്ചു നിന്നത്. മേധാവിത്വത്തിനുവേണ്ടിയുള്ള ഈ ദൈവങ്ങളുടെ പോരാട്ടം സ്ഥിരമായ യുദ്ധങ്ങളിൽ ഇവരെ തളച്ചിട്ടു. ഒരു സങ്കല്പമല്ലെങ്കിൽ മറ്റൊന്ന് എന്ന വിധത്തിൽ ഏകദൈവത്തേയോ, ബഹുദൈവങ്ങളെയോ ആരാധിച്ചുകൊണ്ട് ക്രമേണ സർവ്വവ്യാപകമായി നിരവധി മതങ്ങൾ നിലവിൽ വന്നു. ഫലത്തിൽ അവരുടെ അജ്ഞതയിൽ അവർ ആരാധിക്കുന്നത് അഭ്യൂഹങ്ങളെ മാത്രമായിരുന്നുവെന്ന് അവർ അറിഞ്ഞിരുന്നില്ല. അവരായിരുന്നു ദൈവത്തെ സൃഷ്ടിച്ചത്. മറിച്ച് ഒരു ദൈവവും അവരെ സൃഷ്ടിച്ചിരുന്നില്ല, ഇങ്ങിനെ ലളിതവും പ്രാകൃതവുമായ ഈ ചിന്താപ്രക്രിയ വികസിച്ചു. അത് പെരുകുകയും പുഷ്കലമാവുകയും ചെയ്തു. ഇത് അതിമാനുഷരായ നിരവധി ദൈവിക ബിംബങ്ങളെ ഉല്പാദിപ്പിച്ചുകൊണ്ട് കൂടുതൽ അമ്പരപ്പും ആശയക്കുഴപ്പവും സൃഷ്ടിച്ച് സങ്കീർണമായി വളരുകയും ചെയ്തു.

മതത്തെ പറ്റിയുള്ള ദൈവനിഷേധികളുടെ പ്രസ്തുത വീക്ഷണം ഒരു പടിക്കൂടി കടന്നുകൊണ്ട് മതസ്ഥാപകരെല്ലാം തന്നെ കരുതിക്കൂട്ടിയുള്ള വ്യാജവും വഞ്ചനയും പ്രവർത്തിക്കുകയായിരുന്നുവെന്ന് ആരോപിക്കുകയും ചെയ്യുന്നു. മതത്തിന്റെ പിന്നീടുള്ള വളർച്ചയുടെ ഘട്ടത്തിൽ അത് സാധാരണക്കാരുടെ അന്ധവിശ്വാസങ്ങളുടെ ഏടാകൂടമായി മാത്രം അവശേഷിച്ചില്ല. പിന്നീട് സംഘടിതമായ ഒരു പുരോഹിത വർഗ്ഗം പിന്നീട് ഉടലെടുത്തു. ഈ ഘട്ടത്തിലാണ് വെളിപാടുകൾ എന്ന ആശയം വഞ്ചനാപരമായി രംഗപ്രവേശനം ചെയ്യുന്നത് പുരോഹിത ഗണത്തിന്റെ ചതിയെ കൂടുതൽ പാപപങ്കിലമാകുവാനാണ് വെളിപാടുകളുടെ ആവിർഭാവമുണ്ടായത്. മതസമൂഹശ്രേണിയിലെ പുരോഹിതന്മാർ എന്ന ഈ പ്രവരവർഗ്ഗം സമുന്നതസ്ഥാനത്തുനിന്നുള്ള സന്ദേശങ്ങൾ സ്വീകരിക്കുന്നവർ എന്ന നിലക്ക് പ്രത്യേക പദവിയുള്ളവരാണെന്ന് അവകാശപ്പെട്ടു. ദൈവവും അഥവാ ദൈവങ്ങളുമായുള്ള മനുഷ്യസമൂഹത്തിന്റെ വിനിമയത്തിൽ മാധ്യമത്തിന്റെ പങ്കാണ് അവർക്കുള്ളതെന്ന് വാദിക്കുകയും ചെയ്തു. അത്തരത്തിലുള്ള അവകാശവാദങ്ങളുമായി നിരവധി പേർ അക്കാലത്ത് ഉയർന്നുവന്നു. മനുഷ്യന്റെ വിധിയെ രൂപപ്പെടുത്തുന്ന പ്രകൃത്യാതീത ശക്തികളുമായി ബന്ധമുണ്ടെന്ന് ഓരോരുത്തരും വാദിച്ചു.

ഗ്രീക്ക് മതേതിഹാസങ്ങളിലും നിരവധി പ്രാകൃത മതങ്ങളിലെ ആചാരങ്ങളിലും സാമൂഹ്യശാസ്ത്രജ്ഞന്മാർ പ്രതിഫലിച്ച് കണ്ടത് ഇതായിരുന്നു. അതായത് ചുറ്റുമുള്ള പ്രകൃതിയുടെ സങ്കീർണമായ നിഗൂഢതകളുടെ പരിഹാരത്തിനുവേണ്ടി പ്രാക്തന മനുഷ്യൻ നടത്തിയ ആത്മാർത്ഥമായ ശ്രമങ്ങൾ, ദൈവത്തിന്റേയും / ദൈവങ്ങളുടേയും പേരിൽ ജനങ്ങളെ ചതിക്കുകയും വഞ്ചിക്കുകയും ചെയ്യുന്ന ശ്രേണീബദ്ധമായ സംഘടിതമതങ്ങളുടെ ബോധപൂർവ്വമായ ശ്രമങ്ങളിൽ കലാശിച്ചു.

ക്രമേണ വികസിച്ചുകൊണ്ടിരുന്ന മനുഷ്യന്റെ ബോധം സമാന്തരമായി തന്നെ മറ്റൊരു രീതിയിൽ പരിണമിച്ചു. സാമൂഹ്യ-ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം ചുറ്റുപാടുകളെ സംബന്ധിച്ച അവന്റെ ഭാവനകളിൽ മാറ്റങ്ങളും ഭേദഗതികളും പ്രത്യക്ഷപ്പെട്ടു. ഇതിനുമുമ്പ് നിർജ്ജീവങ്ങളായ ബിംബങ്ങളും പ്രതിമകളുമായിരുന്നു ദൈവമായി കരുതപ്പെട്ടിരുന്നത്. ഇപ്പോൾ അവ ആകാശത്തിരിക്കുന്ന ദൈവത്തിനെ പ്രാപിക്കാ

*(ശേഷം 30-ാം പേജിൽ)*

ലേഖനം

# ഈസാനബി (അ) : മരിച്ചവരുടെ കൂടെ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## റസൂൽ തിരുമേനി (സ) മിഅ്റാജിൽ കണ്ട ആത്മീയ ദർശനത്തെ സംബന്ധിച്ച്

**എ**ന്റെ വാദത്തിന് രണ്ടു വശങ്ങളാണുള്ളത്. ഒന്ന് ഹദ്റത്ത് ഈസാ (സ)യുടെ മരണം. രണ്ട് അദ്ദേഹത്തിന്റെ പുനരാഗമനം. മരണത്തെ സംബന്ധിച്ച് അദ്ദേഹം തന്നെ പറയുന്നതായി വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യം നാം പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

ഫലമ്മാ തവഫ്ഫയ്തനീ കുൻത അൻതർറഖീബ അലയ്ഹിം

ഈ വിവരണത്തെ ഖിയാമത്തു നാളിലേക്കായി അല്ലാഹു പ്രത്യേകപ്പെടുത്തി വെച്ചിട്ടുള്ളത് അത്ഭുതമുളവാക്കുന്ന കാര്യമാണ്. ഇതിൽ നിന്ന് ഹദ്റത്ത് ഈസാ (അ) മരിച്ചുപോയിരിക്കുന്നുവെന്ന് വ്യക്തമാകുന്നു. കാരണം, ബഹുദൈവാരാധനാപരമായ ധാരണകളും വിശ്വാസങ്ങളും വെച്ചുപുലർത്താൻ നീയാണോ ജനങ്ങളോടു പറഞ്ഞത് എന്ന് അല്ലാഹു ചോദിച്ചപ്പോൾ, ഹദ്റത്ത് ഈസാ (അ) അത് വ്യക്തമായി നിഷേധിക്കുകയും ഏത്തമിട്ടുകൊണ്ട് അല്ലാഹുവേ, ഞാനവർക്ക് തൗഹീദിന്റെ അധ്യാപനമാണ് നൽകിയിട്ടുള്ളത്. ബഹുദൈവാരാധനാപരമായ വിശ്വാസം എന്റെ മരണത്തിനുശേഷമാണ് അവർ സ്വീകരിച്ചത്, നീ ഇച്ഛിക്കുന്നെങ്കിൽ അവരെ ശിക്ഷിക്കുകയോ അവർക്ക് പൊറുത്തുകൊടുക്കുകയോ ചെയ്യാം. കാരണം അവർ നിന്റെ ദാസരാണ്, എന്ന മറുപടി നൽകുകയും ചെയ്യുന്നു. ഹദ്റത്ത് ഈസാ (അ) രണ്ടാമതും ലോകത്ത് വന്നിട്ടുണ്ടായിരുന്നെങ്കിൽ, തീർച്ചയായും ക്രിസ്ത്യാനികളുടെ ഇത്തരം തെറ്റായ വിശ്വാസങ്ങളെ തിരുത്തിയിട്ടുണ്ടാകും. അപ്പോൾ, അല്ലാഹുവേ! ഞാൻ വൻയുദ്ധങ്ങൾ ചെയ്തും നിരവധി ബുദ്ധിമുട്ടുകൾ സഹിച്ചും അവർ വെച്ചുപുലർത്തിയ ബഹുദൈവാരാധനാപരമായ ധാരണകളുടേയും വിശ്വാസങ്ങളുടേയും സ്ഥാനത്ത് വീണ്ടും നിന്റെ ഏകത്വം സ്ഥാപിച്ചു. അതുകൊണ്ട് ഞാൻ നിന്റെ സമ്മാനത്തിന്നർഹനാണ്. ആ ചോദ്യം നീ എന്നോടു ചോദിക്കേണ്ടതു തന്നെയായിരുന്നു. എന്നൊക്കെ അദ്ദേഹം തറപ്പിച്ചു പറയുമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, അദ്ദേഹത്തിന്റെ മറുപടിയിൽ നിന്ന് അദ്ദേഹം മരിച്ചുപോയിരിക്കുന്നുവെന്നും രണ്ടാമതു ഈ ലോകത്തേക്ക് വരികയില്ലെന്നും വ്യക്തമാണ്.

നബി(സ) തിരുമേനി മിഅ്റാജ് രാവിൽ ഇദ്ദേഹത്തെ മരിച്ചവരുടെ കൂട്ടത്തിലിരിക്കുന്നതായി കാണുകയും ചെയ്തു. ജീവിച്ചിരിക്കുന്നവർക്ക് മരിച്ചവരുമായി എന്തു ബന്ധമാണുള്ളത്? ഹദ്റത്ത് ഈസാ(അ) അപ്പോഴും ജീവിച്ചിരിക്കുകയായിരുന്നെങ്കിൽ മരിച്ചവരുടെ ഇടയിൽ പോയിരുന്നതെന്തിന്?

ഇതുകൂടാതെയും ഹദ്റത്ത് ഈസാ(അ) മരിച്ചുപോയി എന്ന് സ്ഥാപിതമാകുന്ന നിരവധി ഖുർആനിക വചനങ്ങളുണ്ട്. ഇവിടെ പ്രയോഗിച്ച 'തവഫ്ഫാ' എന്ന പദം മറ്റുള്ളവരെക്കുറിച്ച് പറയുമ്പോൾ മരിച്ചുപോയി എന്നർത്ഥം പറയുകയും ഹദ്റത്ത് ഈസാ (അ)യെക്കുറിച്ച് പറയുമ്പോൾ മാത്രം മറ്റൊരർത്ഥം പറയുകയും ചെയ്യുന്നത് അത്ഭുതകരമായ കാര്യം തന്നെ. ഇങ്ങനെയൊരു

*(ശേഷം 17-ാം പേജിൽ)*

ലേഖനം

# നിരക്ഷരനായ പ്രവാചകൻ

**മുഹമ്മദ് ഉമർ**

**റസൂൽ തിരുമേനി (സ) നിരക്ഷരനായിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നിപറയുന്നു. 'ഉമ്മി' എന്നതിന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെപ്പോലെ അന്യങ്ങളിൽ നിന്നും പരിശുദ്ധൻ എന്ന ദ്വിതീയാർത്ഥവുമുണ്ട്.**

പ്രവാചകശ്രേഷ്ഠനും മനുഷ്യകുലത്തിന്റെ ആത്മീയ മാർഗ്ഗദർശകനും ലോകാനുഗ്രഹിയുമായ ഹദ്റത്ത് മുഹമ്മദ് നബി (സ) തിരുമേനി സൃഷ്ടിച്ച മഹാ പരിവർത്തനങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചതാണ്. ചരിത്രത്തിൽ അതുല്യമായ വ്യക്തിമുദ്ര പതിപ്പിച്ച റസൂൽ തിരുമേനി(സ) നിരക്ഷരനായിരുന്നു, അഥവാ 'ഉമ്മി' ആയിരുന്നു. മനുഷ്യസമൂഹത്തിന്റെ സമസ്ത മേഖലയിലും സമൂലവിപ്ലവം വരുത്തുകയും സ്വാധീനിക്കുകയും ചെയ്ത റസൂൽ തിരുമേനിയുടെ ജ്ഞാന സ്രോതസ്സ് ശുദ്ധമായ വെളിപാടുകൾ മാത്രമായിരുന്നു. കലർപ്പില്ലാത്ത ഈ ദൈവിക സ്രോതസു മാത്രമാണ് റസൂൽ തിരുമേനി(സ)യുടെ ജ്ഞാനത്തിന്റെ ഉറവിടം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് 'ഉമ്മിയ്യീൻമ' എന്നതിന്റെ അർത്ഥം ഉമ്മയുമായി അഥവാ മാതാവുമായി അഭേദ്യമായി ബന്ധപ്പെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നവജാത ശിശുവിനെപ്പോലെ പരിശുദ്ധൻ. റസൂൽ തിരുമേനി(സ) മാനുഷമായ മറ്റ് ഉറവിടങ്ങളിൽ നിന്നൊന്നും തന്നെ ജ്ഞാനം സ്വീകരിച്ചിട്ടില്ല. അദ്ദേഹത്തിന് ലബ്ധമായതെല്ലാം ദൈവത്തിൻ നിന്നുള്ളതാണ്. ഇസ്‌ലാം മതത്തിന്റെ ഉറവിടത്തെ സംബന്ധിച്ച ദൈവികമായ ഈ സ്വഛതയാണ് 'ഉമ്മി'യായ പ്രവാചകൻ എന്ന വിശേഷണത്തിലെ നിറഞ്ഞുനിൽക്കുന്ന ധ്വനി. മറ്റു പ്രവാചകന്മാരെ സംബന്ധിച്ച് ഊന്നിപ്പറയാത്ത ഈയൊരു ഗുണം റസൂൽ തിരുമേനിയെ സംബന്ധിച്ച് ഊന്നിപ്പറയാനുള്ള കാരണമിതാണ്.

ലോകത്തിന് ശാശ്വതമായ ആത്മീയ ജ്ഞാനത്തിന്റെ ഭണ്ഡാരമായ വിശുദ്ധ ഖുർആൻ നൽകി അനുഗ്രഹിച്ച ആ പുണ്യാത്മാവ് എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിയായിരുന്നുവെന്നത് തിരുമേനി(സ)ക്കു മാത്രം സ്വന്തമായ ഒരാത്മീയ മഹൽ പ്രതിഭാസമാണ്. മറ്റൊരു പ്രവാചകനെയും വിശുദ്ധ ഖുർആനോ മറ്റേതെങ്കിലും വേദഗ്രന്ഥമോ 'ഉമ്മി' എന്നു വിശേഷിപ്പിച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ തിരുനബിയെ ഉമ്മിയെന്നും അദ്ദേഹത്തിന്റെ സമുദായത്തെ ഉമ്മിയീൻ എന്നും വിശേഷിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് റസൂൽ കരിം(സ) തിരുമേനിയെക്കുറിച്ച് അല്ലാഹു ഇപ്രകാരം അരുൾ ചെയ്യുന്നു:

"നിരക്ഷരപ്രവാചകനായ ഈ ദൂതനെ (അതായത് മുഹമ്മദ് നബിയെ) പിൻപറ്റുന്നവരാണവർ. അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടെത്തുന്നു." (7:158)

യഹൂദി നസാറാക്കളുടെ വേദഗ്രന്ഥമായ തൗറാത്തിലും ഇഞ്ചീലിലും നിരക്ഷരകുക്ഷിയായ ഒരു പ്രവാചകനെപ്പറ്റി അതായത് മുഹമ്മദു നബിയെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. മറ്റൊരു പ്രവാചകനും ഈ സവിശേഷതയുള്ളതായി ഒരു ഗ്രന്ഥവും പ്രതിപാദിക്കുന്നില്ല.

തുടർന്നു അല്ലാഹു അരുൾ ചെയ്യുന്നു:

"നീ പറയുക. അല്ലയോ ജനങ്ങളേ, നിശ്ചയമായും ഞാൻ നിങ്ങളെല്ലാവർക്കുമായുള്ള ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവന്നുള്ളതാണ്. അവനല്ലാതെ മറ്റൊരാരാധ്യനുമില്ല തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും (വിശ്വസിക്കു

ക). നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിന്നായി അദ്ദേഹത്തെ പിൻതുടരുകയും ചെയ്യുക" (7:159).

ഇവിടെ സർവ്വജനങ്ങൾക്കും സ്ഥലകാലാദികൾക്കും അതീതമായ മാർഗ്ഗദർശനത്തോടുകൂടി അവതീർണ്ണരായ ഹദ്റത്ത് മുഹമ്മദു നബി(സ)യെ ഒരു ഉമ്മിയായി, നിരക്ഷരനായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രഥമ അഭിസംബോധകരായ അറബികളെക്കുറിച്ച് അവർ നിരക്ഷരരായിരുന്നുവെന്നു സൂചിപ്പിച്ചുകൊണ്ട് അല്ലാഹു അരുൾ ചെയ്യുന്നു:

"ഗ്രന്ഥം നൽകപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങൾ (അല്ലാഹുവിന്നു സ്വയം) അർപ്പണം ചെയ്യുന്നുണ്ടോ എന്നു ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്യുന്നുവെങ്കിൽ അവർ നേർമാർഗ്ഗം പ്രാപിച്ചവരായിത്തീരുന്നു. ഇനി അവർ പിന്തിരിഞ്ഞു കളയുകയാണെങ്കിൽ (സന്ദേശം) എത്തിക്കുക എന്നത് മാത്രമാണ് നിനക്കുള്ള ബാധ്യത. അല്ലാഹു ദാസന്മാരുടെ സ്വിതിഗതികൾ നന്നായി കണ്ടുകൊണ്ടിരിക്കുന്നവനാണ്" (3:21)

ഇവിടെ അല്ലാഹു യഹൂദി നസാറാക്കളായ ഗ്രന്ഥാനുസാരികൾക്കും അവരിൽപ്പെടാത്ത നിരക്ഷരകുക്ഷികളായ അറബികൾക്കും ഇസ്ലാം മതം ആശ്ലേഷിക്കുവാനുള്ള സന്ദേശമെത്തിക്കണമെന്ന് ഹദ്റത്ത് റസൂൽ തിരുമേനിയോട് ആജ്ഞാപിക്കുന്നു. മറ്റൊരിടത്ത് അരുൾ ചെയ്യുന്നു:

"അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുമുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്." (62:3)

ഇവിടെയും പൊതുവിൽ അറേബ്യൻ ജനത അക്ഷരജ്ഞാനമില്ലാത്തവരാണെന്നും ഹദ്റത്ത് നബി കരിം(സ)യും അവരിൽപെട്ട ഒരാളായിരുന്നെന്നും വിശേഷിപ്പിക്കുന്നു.

ഹദ്റത്ത് റസൂൽ കരിമി(സ)ന്റെ പ്രവചനമനുസരിച്ച് 'ഹകമൻ അദലൻ' ആയവതരിച്ച ഹദ്റത്ത് മഹ്ദി മസീഹ് (അ) തന്റെ വിവിധ ഗ്രന്ഥങ്ങളിൽ ഹദ്റത്ത് റസൂൽ തിരുമേനി(സ) ഒരു നിരക്ഷര കുക്ഷിയായിരുന്നുവെന്നു സമർത്ഥിച്ചുകൊണ്ട് ആത്മീയ ജ്ഞാനങ്ങളുടെ ഭണ്ഡാരവും ശാശ്വതമാർഗ്ഗദർശകഗ്രന്ഥവും ആയ വിശുദ്ധ ഖുർആൻ ലോകത്തിന്ന് പ്രദാനം ചെയ്തത് ആ പുണ്യാത്മന്റെ സത്യത്തിന്ന് സാക്ഷ്യമാണെന്നു പ്രതിപാദിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് അരുൾ ചെയ്യുന്നു: "ഇവിടെ ഒരു മഹാത്ഭുതകരമായ കാര്യം തീരെ എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിക്കാണു ആ ദിവ്യജ്ഞാനങ്ങളും മഅ്രിഫത്തുകളും നൽകപ്പെട്ടിരുന്നതെന്നതാണ്. അദ്ദേഹം തന്റെ ആയുസ്സിൽ ഒരു വിദ്യാലയത്തിന്റെയും ഉമ്മറപ്പടി തന്നെ കാണുകയോ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ ഒരക്ഷരമെങ്കിലും വായിക്കുകയോ അദ്ദേഹത്തിന്ന് ഏതെങ്കിലും പണ്ഡിതന്റെയോ തത്വജ്ഞാനിയുടെയോ സഹവാസം ലഭിക്കുകയോ ചെയ്തിരുന്നില്ല. തന്റെ ജീവിതകാലം മുഴുവനും വിദ്യാവിഹീനരായ കാട്ടറബികളിൽ കഴിച്ചുകൂട്ടുകയും അവരിൽത്തന്നെ വളർന്നുവരികയും ചെയ്തു. ആ കാട്ടറബികളിൽ നിന്നു തന്നെ ജന്മമെടുക്കുകയും അവരോടൊപ്പം തന്നെ സമ്പർക്കം പ്രാപിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് റസൂൽ കരീം (സ) ഒരു ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത ആളും ആണെന്ന യാഥാർത്ഥ്യം ഇസ്ലാം മത ചരിത്രകാരനെ സംബന്ധിച്ചേടത്തോളം അവിതർക്കിതമായ കാര്യമാണ്.

ഹദ്റത്ത് നബി കരിം(സ) അക്ഷരജ്ഞാനമില്ലാത്ത ആളായിരുന്നുവെന്ന യാഥാർത്ഥ്യം സ്ഥാപിക്കുന്നതിന്നായി ഹ: മസീഹ് മൗഊദ് (അ) വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന ആയത്തുകൾ ഉദ്ധരിക്കുകയുണ്ടായി.

(1) ആ ദൈവം തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരിൽ അവരിൽ നിന്നുതന്നെയുള്ള ഒരു പ്രവാചകനെ അയച്ചത്. അദ്ദേഹം അവർക്ക് അവന്റെ ആയത്തുകൾ ഓതിക്കേൾപ്പിക്കുകയും അവരെ പരിശുദ്ധരാക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. അവർ ഇതിന്നുമുമ്പ് വ്യക്തമായ വഴികേടിൽ ഒടുങ്ങിപ്പോയിരുന്നു. (62:3)

(2) "ഞാൻ ഇച്ഛിക്കുന്നവർക്ക് എന്റെ ശിക്ഷ എത്തിക്കുന്നു. എന്റെ കാരുണ്യം ഓരോ വസ്തുവിനെയും വലയം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ശിർക്കിൽ നിന്നും കുഫ്റിൽ നിന്നും തീയ പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞുമാറി സൂക്ഷ്മത പാലിക്കുകയും സക്കാത്ത് കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് തന്റെ കാരുണ്യം എഴുതിവെക്കുന്നതാണ്. നമ്മുടെ പരിപൂർണ്ണമായ ശക്തിപ്രഭാവത്തിന്റെ രണ്ടു അടയാളങ്ങൾ പൂർത്തിയായിരിക്കുന്ന ആ പ്രവാചകനിൽ വിശ്വസിക്കുന്നവരാണവർ (7:157). ഒന്നു ബാഹ്യമായ അടയാളമായ തൗറാത്തിലും ഇഞ്ചീലിലും ഉള്ള ആ പ്രവാചകനെപ്പറ്റിയുള്ള മുന്നറിയിപ്പുകളാണ്. അവന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതായിട്ടവർ കാണുന്നു. രണ്ടാമത്തെ അടയാളം ആ നബിയുടെ വ്യക്തിപ്രഭാവമാണ്. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്ത എഴുതാനും വായിക്കാനും അറിയാത്ത ആളായിരുന്നിട്ടും പരിപൂർണ്ണവും തികവുറ്റതുമായ ഹിദായത്ത് കൊണ്ടുവന്നു. ലോകത്ത് അവശേഷിച്ചിട്ടില്ലാത്തതും ബുദ്ധിയും ശരീഅത്തും സാക്ഷീകരിക്കുന്നതും ആയ സദാചത്തുകൾ ജനങ്ങളുടെ മാർഗ്ഗദർശനത്തിന്നായി അദ്ദേഹം പ്രതിപാദിക്കുന്നു. അതനുഷ്ഠിക്കുവാനുള്ള കല്പന പുറപ്പെടുവിക്കുകയും ഏതൊരു സത്യത്തെ ബുദ്ധിയും ശരീഅത്തും നിഷേധിക്കന്നുവോ അതിനെ വിലക്കുകയും പരിശുദ്ധവസ്തുതകൾ അവർക്ക് അദ്ദേഹം അനുവദിക്കുകയും തിയ്യ വസ്തുക്കളെ നിഷിദ്ധമാക്കുകയും ക്രിസ്ത്യാനികളുടെയും യഹൂദികളുടെയും മേൽ ഉണ്ടായിരുന്ന കനമേ

റിയ ഭാരങ്ങളിൽ നിന്നും കുരുക്കുകളിൽ നിന്നും അവർക്ക് മോചനം നൽകുകയും ചെയ്യുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്നു ശക്തിപകർന്നു കൊടുക്കുകയും അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പരിപൂർണ്ണമായും പിൻപറ്റുകയും ചെയ്യുന്നവരാണ് മോക്ഷം പ്രാപിച്ചവർ. നീ ജനങ്ങളോടു പറയുക. ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്നു നിങ്ങൾ ഏവർക്കുമായി നിയുക്തനാക്കപ്പെട്ടിരിക്കുന്നു. ആ ദൈവം മറ്റാരുടെയും പങ്കില്ലാത്ത ആകാശഭൂമികളുടെ യജമാനനാകുന്നു. അവനെ കൂടാതെ ആരാധ്യനായിട്ടു മറ്റാരും തന്നെ ഇല്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു നിങ്ങൾ അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിന്നായി അദ്ദേഹത്തെ പിൻതുടരുകയും ചെയ്യുക. (7:158, 159)

(3) "ഇതേപ്രകാരം നാം നമ്മുടെ കല്പനയനുസരിച്ച് നിന്നിലേക്ക് ഒരാത്മാവിനെ ഇറക്കി. ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിഞ്ഞിരുന്നില്ല. എന്നാൽ നാം ഇതിനെ ഒരു പ്രകാശമാക്കി. അതുമുഖേന നമ്മുടെ ദാസന്മാരിൽ നിന്നും നാം ഇച്ഛിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേരായ മാർഗ്ഗത്തിലേക്കു ഹിദായത്തു നൽകുന്നു." (42:53)

(4) "ഇതിന്നുമുമ്പ് (നബിയേ), നീ ഒരു ഗ്രന്ഥവും വായിക്കുകയോ വലങ്കൈ കൊണ്ടു എഴുതുകയോ ചെയ്തിരുന്നില്ല. എങ്കിൽ അസത്യവാദികൾക്ക് സംശയിക്കുവാനുള്ള കാരണമുണ്ടായേനെ. പക്ഷെ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ടവരുടെ ഹൃദയങ്ങളിൽ സ്ഥിതി ചെയ്യുന്ന വ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അധർമ്മികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്നവർ" (29:49, 50)

പ്രസ്തുത എല്ലാ തിരുവചനങ്ങളിൽ നിന്നും ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനി ഒരു ഉമ്മിയായിരുന്നുവെന്ന് പരിപൂർണ്ണവും വ്യക്തവും ആയ രീതിയിൽ സ്ഥാപിതമാണ്. കാരണം, ഹദ്റത്ത് നബി കരിം(സ) വാസ്തവത്തിൽ ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത ദേഹവും ആയിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു ഉമ്മിയാണെന്ന വാദത്തെ വ്യാജപ്പെടുത്തുവാൻ ധാരാളം പേർ ഇടപെടുക്കുമായിരുന്നുവെന്നത് പ്രത്യക്ഷമായ കാര്യമാണ്. കാരണം, അദ്ദേഹത്തിന്റെ സ്ഥിതിഗതികളും സംഭവങ്ങളും അറിയാത്ത ഒരു നാട്ടിൽ വെച്ചായിരുന്നില്ല താൻ ഒരു ഉമ്മിയാണെന്നു അദ്ദേഹം വാദിച്ചിരുന്നത്. മറിച്ചു ആ ജനങ്ങളിൽത്തന്നെയായിരുന്നു ഹദ്റത്ത് നബി തിരുമേനി(സ) തന്റെ ബാല്യകാലവും യൗവനകാലവും കഴിച്ചുകൂട്ടിയിരുന്നത്. അതുകൊണ്ട് തിരുമേനി(സ) യഥാർത്ഥത്തിൽ ഉമ്മിയായിരുന്നില്ലെങ്കിൽ നബികരിം (സ) തിരുമേനിയുടെ ഒരവസ്ഥയും ഗോപ്യമാകാതെ അറിഞ്ഞിരുന്നവരും അദ്ദേഹത്തിന്റെ ഏതെങ്കിലും തെറ്റു കണ്ടുപിടിച്ച് പരസ്യമാക്കുവാൻ തക്കം പാർത്തുകൊണ്ടിരിക്കുന്നവരുമായ ജനങ്ങളുടെ മുമ്പാകെ താൻ ഉമ്മിയാണെന്ന് വാദിച്ചിരുന്നെങ്കിൽ അവർ അതു വിളംബരപ്പെടുത്തുമായിരുന്നു. (റൂഹാനീഖസായിൻ വോ. 1 പേജ്. 562–572).

ഹസ്റത്ത് നബി കരിം (സ) ഒരു ഉമ്മിയായിരുന്നുവെന്നും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്ന് വഹ്യ് മുഖേന ഇറങ്ങിയ വേദഗ്രന്ഥമായിരുന്നുവെന്നും തെളിയിക്കുവാൻ ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) തുടർന്നു വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഉദ്ധരിക്കുന്നു.

"നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ അതായത് നാമുമായി തികച്ചും ബന്ധം വിച്ഛേദിച്ചിരിക്കുന്നവർ പറയുന്നു. ഈ ഖുർആനല്ലാതെ മറ്റൊരു ഖുർആൻ നീ കൊണ്ടുവരിക. അല്ലെങ്കിൽ ഇതിലെ അദ്ധ്യാപനങ്ങൾക്കുപകരമായി ഭേദഗതി ചെയ്ത മറ്റു അദ്ധ്യാപനങ്ങൾ കൊണ്ടുവരിക. അവരോട് നീ മറുപടി പറയുക. ദൈവവചനത്തിൽ സ്വന്തം നിലയിൽ ഭേദഗതി ചെയ്യുവാനുള്ള ശക്തി എനിക്കില്ല. എനിക്കു വഹ്യ് നൽകപ്പെട്ടതിനെ ഞാൻ പിന്തുടരുക മാത്രമാണു ചെയ്യുന്നത്. എന്റെ നാഥന്റെ കല്ന ഞാൻ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ നാളിന്റെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങൾക്കീവചനം കേൾപ്പിക്കുകയോ നിങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല. ഇതിന്നുമുമ്പ് ഇത്ര വയസ്സുവരെ അതായത് 40 വർഷക്കാലം നിങ്ങളിൽ ഞാൻ വസിച്ചിരുന്നില്ലേ. നിങ്ങൾ ചിന്തിക്കുന്നില്ലേ? അതായത് കറ്റു കെട്ടിപറയുക എന്റെ പണിയല്ലെന്നും കള്ളം പറയുക എന്ന സ്വഭാവം എനിക്കില്ലെന്നും നിങ്ങൾക്കു നന്നായിട്ടറിയുമായിരുന്നില്ലേ? തുടർന്നു പറയുന്നു. അല്ലാഹുവിന്റെപേരിൽ കറ്റുകെട്ടി പറയുന്നവനേക്കാൾ, ദൈവവചനത്തെപ്പറ്റി അത് മനുഷ്യവചനമാണെന്ന് കറ്റുകെട്ടി പ്പറയുന്നവനേക്കാൾ അധർമ്മി ആരാണ്? തീർച്ചയായും കുറ്റവാളികൾക്കു മോക്ഷം ലഭിക്കുന്നതല്ല. (10: 16, 17, 18).

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദു നബി (സ) അക്ഷരജ്ഞാനമില്ലാത്ത വ്യക്തിയായിരുന്നുവെന്നത് അറബികളുടെയും ക്രിസ്ത്യാനികളുടെയും യഹൂദികളുടെയും ദൃഷ്ടിയിൽ അവിതർക്കിതവും മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്തതും ആയ ഒരു യാഥാർത്ഥ്യമാണ് (റൂഹാനിഖസായിൻ വോ. പേ. 574, 575).

പ്രസ്തുത ഖുർആനിക വചനങ്ങളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത് നിരക്ഷരകുക്ഷിയും ഉമ്മിയുമായിരുന്ന റസൂൽ തിരുമേനിക്ക് വിശുദ്ധ ഖുർആന്റെ ദിവ്യവെളിപാടുകൾ ഇറങ്ങുന്നതിൽ വ്യക്തിപരമായി ഒരു പങ്കും ഉണ്ടായിരുന്നില്ലെന്നാണ്.

ഹ: റസൂൽ തിരുമേനി(സ) ഗ്രന്ഥവും വിശ്വാസവും എന്നാൽ എന്താണെന്നറിയാതിരുന്ന നിരക്ഷരരായിരുന്നുവെന്നും ദൈവിക പ്രകാശമാണ് അദ്ദേഹത്തിന്ന് മാർഗ്ഗ

ദർശനം നൽകിയിരുന്നതെന്നും പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു.

ഹദ്റത്ത് മഹ്ദീ മസീഹ് (അ) മറ്റൊരു സ്ഥലത്ത് അരുൾ ചെയ്യുന്നു:

“അറബ്യയിലുള്ള ജനങ്ങൾ നിരക്ഷരരായിരുന്നു. ആ നാട്ടിൽ അപൂർവ്വം വല്ല ക്രിസ്ത്യാനികളും ഉണ്ടായിരുന്നെങ്കിൽത്തന്നെ അവർക്ക് തങ്ങളുടെ മതത്തെക്കുറിച്ച് വിപുലമായ അറിവുണ്ടായിരുന്നില്ല. (പാതിരി ഫെണ്ടർ തന്റെ മീസാനുൽ ഹഖ് എന്ന ഗ്രന്ഥത്തിൽ അറേബ്യയിലുള്ള ക്രിസ്ത്യാനികളും കാട്ടറബികളെപ്പോലെ ഒന്നും അറിയാത്തവരായിരുന്നുവെന്നെഴുതിയിരുന്നു). ആ സ്ഥിതിയിൽ ഹദ്റത്ത് റസൂൽ തിരുമേനി(സ) അവരുടെ ഗ്രന്ഥങ്ങളിൽ നിന്നും മോഷ്ടിച്ചുകൊണ്ട് പ്രസ്തുത അദ്ധ്യാപനം (വിശുദ്ധ ഖുർആനിൽ) ചേർത്തിരുന്നുവെന്ന ആരോപണം ഒരു ശപിക്കപ്പെട്ട ചിന്താഗതിയാണ്. റസൂൽ തിരുമേനി നിരക്ഷരകുക്ഷിയായിരുന്നു. അദ്ദേഹത്തിന്ന് അറബിഭാഷ തന്നെ വായിക്കാനറിയുമായിരുന്നില്ല. എന്നിട്ടാണോ യൂനാനിയും ഹിബ്രുവും? ആ കാലത്തുള്ള വല്ല പുരാതനഗ്രന്ഥത്തിൽ നിന്നും ഈ ആരോപണം തെളിയിക്കേണ്ടുന്ന ബാധ്യത നമ്മുടെ എതിരാളികളുടെതാണ്. (അഥവാ ക്രിസ്തീയ ഗ്രന്ഥങ്ങളിൽ നിന്നും) വല്ലതും മോഷ്ടിച്ചു ഖുർആൻ ശരീഫിൽ ചേർത്തിരുന്നുവെന്നു സങ്കല്പിക്കുകയാണെങ്കിൽത്തന്നെ ഇസ്ലാമിന്റെ ശത്രുക്കളായിരുന്ന അറേബ്യയിലെ ക്രിസ്ത്യാനികൾ തങ്ങളിൽ നിന്നും കേട്ടാണ് പ്രസ്തുത അദ്ധ്യാപനം എഴുതിയിരുന്നതെന്ന് മുറവിളി കൂട്ടുമായിരുന്നു.”

(റൂഹാനിഖസായിൻ വോ. 20. പേ. 342)

മറ്റൊരിടത്തിൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

“ഹദ്റത്ത് നബികരിമി(സ)ന്നു മുമ്പ് രണ്ട് മഹാന്മാരായ പ്രവാചകന്മാർ കഴിഞ്ഞിരുന്നു. ഒന്നു ഹദ്റത്ത് മൂസാനബി(അ), മറ്റൊന്നു ഹദ്റത്ത് ഈസാനബി(അ). അവർ രണ്ടുപേർക്കും വിദ്യാഭ്യാസത്തിന്നുള്ള സന്ദർഭം ലഭിച്ചിരുന്നു. അവരിൽ ആരെക്കുറിച്ചും തന്നെ അക്ഷരജ്ഞാനമില്ലാത്തയാളെന്നു വാദം ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ വാദം ഹദ്റത്ത് നബി കരിം (സ) തിരുമേനിക്കു മാത്രമാണുണ്ടായിരുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു അരുൾ ചെയ്യുന്നു. ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷെ നാം ഇതിനെ (ഈ ഗ്രന്ഥത്തെ) ഒരു പ്രകാശമാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു (43:53) ഹദ്റത്ത് മൂസാ നബി (അ) രാജകുമാരന്മാരെപ്പോലെയായിരുന്നു വിദ്യ അഭ്യസിച്ചിരുന്നത്. ഫിർഔന്റെ മടിയിൽ രാജകീയ നിലയിൽ വളർന്ന അദ്ദേഹത്തിന്നായി അദ്ധ്യാപകന്മാർ നിയമിക്കപ്പെട്ടിരുന്നു. ................ഹദ്റത്ത് ഈസാനബിക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു...... എന്നാൽ ഹദ്റത്ത് റസൂൽ തിരുമേനിയെക്കുറിച്ച് ഏതെങ്കിലും യഹൂദിയോടൊ നസറാണിയോ ഹിന്ദുവിനോടോ അദ്ദേഹം ആരിൽ നിന്നെങ്കിലും വിദ്യാഭ്യാസം നേടിയിരുന്നോ എന്നു ചോദിക്കുകയാണെങ്കിൽ ഒരിക്കലും ഇല്ല എന്നവർ വ്യക്തമായിപ്പറയുന്നതാണ്. എത്രമാത്രം ‘റുബൂബിയ’ത്തിന്റെ പ്രകടനമായിരുന്നു ഇത്.? (മൽഫൂസാത്ത് വോ. 2. പേ. 34)

ഹദ്റത്ത് നബികരിമി(സ)ന്ന് ഒന്നാമത്തെ വഹ്യ് “ഇഖ്റഅ് ബിസ്മിറബ്ബിക്കല്ലദീ ഖലഖ്’ ഉണ്ടായപ്പോൾ (സൃഷ്ടി കർത്താവായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക) അദ്ദേഹം പറഞ്ഞിരുന്നത് മാ അനബിഖാരിയിൻ’ (എനിക്കു വായിക്കാനറിയില്ല) എന്നായിരുന്നു. അതിന്നുശേഷം ഹദ്റത്ത് ജിബ്രീൽ പറഞ്ഞുകൊടുത്തതുപോലെ അദ്ദേഹം ഉരുവിടുകയുണ്ടായി. ഖിറാഅത്ത് എന്നതിന്ന് പാരായണം ചെയ്യുക എന്നു മാത്രമല്ല മറിച്ച് ഒരാൾ പറയുന്നതനുസരിച്ച് ഉരുവിടുക എന്നും അർത്ഥമുണ്ട്. ഒരാൾ ഖുർആൻ നന്നായോതുകയാണെങ്കിൽ അയാൾ അന്ധനാണെങ്കിലും യുഹ്സിനു ഖിർഅത്തുൽ ഖുർആൻ (അയാൾ നന്നായി പാരായണം ചെയ്തു) എന്നാണു പറയുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പ്രസ്താവിക്കുന്നു. ‘’ഉമ്മി എന്ന വാക്കിന്ന് അറബിഭാഷയിൽ നിരക്ഷരൻ എന്ന അർത്ഥവും ഉണ്ട്. ഉമ്മയുമായി ബന്ധപ്പെട്ട ആൾ എന്നാണിതിന്റെ ശരിയായ അർത്ഥം. അതുകൊണ്ടു തന്നെ അതിന്റെ വിവക്ഷിതം വിദ്യാഭ്യാസില്ലാത്ത ആൾ എന്നാണ്. കാരണം അയാൾ നവജാതശിശുവിനെപ്പോലെ എഴുതാനും വായിക്കാനും അറിയാത്ത ആളാണ്. എന്റെ അഭിപ്രായത്തിൽ പരിശുദ്ധൻ എന്നും ഇതിന്നർത്ഥമുണ്ട്. കാരണം നവജാത ശിശു പരിശുദ്ധ പ്രകൃതമുള്ളവനായിരിക്കുമല്ലോ. ഈ അർത്ഥങ്ങളിൽ ഹ: നബി കരിം (സ) തിരുമേനിയെക്കുറിച്ച് ഈ വാക്ക് ഉപയോഗിക്കപ്പെട്ടിരിക്കുന്നു. (തഫ്സീർ കബീർ വോ. 3 പേ. 53).

ചുരുക്കത്തിൽ ഹദ്റത്ത് നബിതിരുമേനി(സ) ഒരു നവജാതശിശുവിനെപ്പോലെ പരിശുദ്ധനാണ് എന്ന വിശേഷണം ഇവിടെ പ്രകടിതമായിരിക്കുന്ന വിശുദ്ധ ഖുർആന്റെ മേൽ പ്രസ്താവിക്കപ്പെട്ട എല്ലാ തിരുവചനങ്ങളും അദ്ദേഹം എഴുതാനും വായിക്കാനും അറിയാത്ത, അക്ഷരജ്ഞാനമില്ലാത്ത ദേഹമായിരുന്നുവെന്നും മനസ്സിലാക്കിത്തരുന്നു. അങ്ങനെയുള്ള ഒരാളുടെ വായിൽ നിന്നും വിശുദ്ധ ഖുർആനെപ്പോലുള്ള സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ്ണജ്ഞാനവും അദ്ധ്യാപനങ്ങളുമുള്ള മഹൽഗ്രന്ഥം പുറപ്പെടുക എന്നത് വിശുദ്ധ ഖുർആന്റെയും ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടെയും മഹത്വം വിളിച്ചോതുന്ന മഹാത്ഭുതമാണ്. നുസൂലുൽ ഖുർആനി മുഅ്ജിസത്തുൻ – വിശുദ്ധ ഖുർആന്റെ അവതരണം തന്നെ ഒരു മഹാത്ഭുതമാണ് – എന്ന നബി വചനം ഈ യാഥാർത്ഥ്യം അന്വർത്ഥമാക്കുന്നു.

■

ലേഖനം

# മാനസിക പ്രതിഭാസങ്ങൾ

ബശീർ അഹ്മദ് ഓർച്ചാഡ്

**സാത്വികർക്കുണ്ടാകുന്ന ആത്മീയദർശനങ്ങളും, ശാബ്ദിക വെളിപാടുകളും പോലെ ശാരീരിക കാരണങ്ങൾക്കൊണ്ടും ഇത്തരം പ്രതിഭാസങ്ങളുണ്ടാവാം. ഇത് രണ്ടും തമ്മിൽ വേർതിരിച്ചറിയേണ്ടതുണ്ട്**

സ്വപ്നങ്ങൾ, ദർശനങ്ങൾ, അശരീരികൾ മുതലായവ സംബന്ധിക്കുന്ന രണ്ടു പ്രതിഭാസങ്ങൾ ഉണ്ട്.

1). മാനസിക പ്രതിഭാസങ്ങൾ

2) ആത്മീയ പ്രതിഭാസങ്ങൾ

മാനസികപ്രതിഭാസങ്ങളെക്കുറിച്ചുള്ള ചുരുങ്ങിയ ഒരു പഠനമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്. ചില ഭൗതിക നിയമങ്ങളുടെ യാഥാർത്ഥ്യം വിവരിച്ചുകൊണ്ട്, ആത്മീയ നിയമങ്ങളുമായി അവയെ ചേർത്തു ആശയക്കുഴപ്പമുണ്ടാക്കുന്നതിനെ തടയുകയാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്. ദർശനങ്ങൾ, അത്ഭുതസ്വപ്നങ്ങൾ, അശരീരികൾ, മറ്റു പ്രതിഭാസങ്ങൾ എന്നീ ദൈനംദിന അനുഭവങ്ങളിൽ വളരെ പ്രകടമാക്കപ്പെട്ട എല്ലാ പ്രതിഭാസങ്ങളും ശാസ്ത്രീയമായി വിശദീകരിക്കാൻ സാധിക്കും. ഓരോ അനുഭവവും ബുദ്ധിപൂർവ്വം പരിശോധിക്കണം. അവ ദൈവികദൃഷ്ടാന്തങ്ങളായി സ്വീകരിക്കാനും അങ്ങനെ പ്രഖ്യാപിക്കാനും നാം ബന്ധപ്പെട്ടുകൂടാ. രാത്രിയുടെ നിശ്ചലതയിൽ രണ്ടുപേർ ഒരു ശബ്ദം കേട്ടുവെന്നു വരാം. ഒരാൾ ദൈവിക വെളിപാടായിരിക്കും കേൾക്കുന്നത്. എന്നാൽ അപരൻ കേൾക്കുന്നത് ഒരു ടെലിപ്പതിക്ക് സന്ദേശമായിരിക്കും. ഈ പ്രതിഭാസങ്ങളെ വളരെ സൂക്ഷ്മതയോടെ നാം പഠിക്കണം. അല്ലാത്തപക്ഷം ആത്മീയ കാര്യങ്ങളെക്കുറിച്ച് യാതൊരറിവുമില്ലാത്ത ആളുകൾ നിരുത്തരവാദത്തോടെ അവയെ ദൈവികപ്രകടനങ്ങളായി കണക്കാക്കിയേക്കും.

## ഇസ്‌ലാമതം മതത്തിന്റെ മഹത്വം

ലോകത്തിലെ ഏറ്റവും സജീവ മതം ഇസ്‌ലാം മതമാണ്. എന്തെന്നാൽ അത് ശുദ്ധമായ ദൈവിക വചനങ്ങളിൽ അധിഷ്ഠിതമാണ്. എല്ലാ പ്രവാചകന്മാരേക്കാളും വളരെ ശ്രേഷ്ഠനായ പ്രവാചകനായിരുന്നു മുഹമ്മദ് നബി(സ.അ) തിരുമേനി. അദ്ദേഹം ജാജ്വല്യമായ ദൈവികപ്രകാശത്തിൽ മുങ്ങിക്കുളിച്ചുനിന്ന ആളായിരുന്നു. വെളിപാടിന്റെ ഉറവിടത്തിന്റെ അഗാധതയിൽ നിന്നും അദ്ദേഹം പാനം ചെയ്തു. ആ പ്രവാചകന്റെ മേൽ വർഷിക്കപ്പെട്ടത്ര ധാരാളമായി അനുഗ്രഹങ്ങൾ മറ്റൊരു പ്രവാചകനിലും വർഷിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഒരു പിതാവ് പുത്രനോടെന്നപ്പോലെ അദ്ദേഹത്തോട് ദൈവം സംസാരിച്ചു. വി ശുദ്ധ ഖുർആനിലെ ഓരോ വാക്കും പ്രപഞ്ചനാഥന്റെ യഥാർത്ഥമായ വാചിക വെളിപാടായിരുന്നു. ഇത് മഹത്തായ ഒരു ഗ്രന്ഥമാണ്. ഇതിൽ സംശയമില്ല. അതിന്റെ ദൈവികശക്തിയോടു പൊരുതാൻ ആർക്കും സാധ്യമല്ല. എന്തെന്നാൽ അത് അക്ഷരാർത്ഥത്തിൽ ദൈവവചനമാണ്.

ആയിരക്കണക്കായ മുസ്‌ലിംകൾ ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ദൈവികവെളിപാടുകൾ ലഭിച്ചവരായുണ്ട്. അതിന് അഖണ്ഡ്യമായ തെളിവുകൾ ഉണ്ട് എന്നിരിക്കിലും ഈ ലേഖനത്തിന്റെ വിവക്ഷ ആത്മീയപ്രതിഭാസങ്ങൾ എന്നതല്ല. ഇതിൽ മുഖ്യമായും മാനസിക പ്രതിഭാസങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അതിനാൽ ഈ വിഷയത്തിലേക്ക് വെളിച്ചം വീശാൻ ഞാനാഗ്രഹിക്കുന്നു.

## സ്വപ്നങ്ങൾ

സ്വപ്നത്തിൽ, ഒരു മനുഷ്യൻ താൻ മഞ്ഞുമൂടിയ ഒരു മലയിൽ കയറുന്നതായി കാണുന്നു. എന്നിട്ടയാൾ ഹതാശയനായി മഞ്ഞുകട്ടകളിൽ

പിടിച്ചുതൂങ്ങുന്നു. പക്ഷെ, കഷ്ടം, അയാൾ പിടിവിട്ട് അഗാധതയിലേക്ക് വീഴുന്നു. താഴെയുള്ള പാറകളിൽ തട്ടി തന്റെ ശരീരം ഛിന്നഭിന്നമായി തന്റെ ജീവൻ പോകുന്ന ആ നിർണ്ണായകമായ നിമിഷം അയാൾ പ്രതീക്ഷിക്കുന്നു. പക്ഷെ അങ്ങനെ സംഭവിക്കുന്നതിനുമുമ്പ് അയാൾ ഉണരുന്നു. തുറന്നുവെച്ച ജനലിൽ കൂടി കുളിർക്കാറ്റ് മുന്നിലേക്ക് വരുന്നുണ്ടായിരുന്നു. ഉറങ്ങാൻ പോകുന്നതിനുമുമ്പ് ആ ജാലകം അടക്കാൻ അയാൾ മറന്നുപോയിരുന്നു.

ഒരു യുവതി വേനൽക്കാലത്ത് കുളിരുള്ള ഒരു സന്ധ്യയിൽ സുഗന്ധപുഷ്പങ്ങൾ വിരിഞ്ഞുനിൽക്കുന്ന തോട്ടത്തിൽ നടക്കുകയാണ്. ഉദ്യാനത്തിലെ വൃക്ഷശാഖകളിൽ വർണ്ണാഭയുള്ള പക്ഷികൾ പാടുന്നുണ്ടായിരുന്നു. വിവിധ വർണ്ണങ്ങളിലുള്ള ചിത്രശലഭങ്ങൾ പൂക്കളിൽ തത്തിക്കളിക്കുന്നു. പശ്ചിമചക്രവാളത്തിൽ സൂര്യൻ അസ്തമിക്കുന്നു. നിഴലുകൾ നീളുന്നു. നക്ഷത്രങ്ങൾ ആകാശത്തിൽ തിളങ്ങുന്നു. ചന്ദ്രൻ പ്രകാശം ചൊരിഞ്ഞുദിച്ചുകൊണ്ട് രാത്രിയുടെ നിശ്ശബ്ദതയിൽ പ്രകാശം വിതറുന്നു. രാത്രിയുടെ മനോഹാരിതയും സുഗന്ധവും ആ യുവതിയെ ആനന്ദപരവശയാക്കുന്നു. താൻ ഈ ഭൂമിയിലെ സ്വർഗ്ഗം കണ്ടുവെന്ന് ആ യുവതി വിചാരിക്കുന്നു. പക്ഷെ അധികനേരം ആ അവസ്ഥ നിലനിൽക്കുന്നില്ല. ആ യുവതി നിദ്രയിൽ നിന്ന് ഉണർന്നപ്പോൾ തന്റെ മെത്തക്കരികെയുള്ള മേശമേൽ തനിക്ക് ഏറ്റവും ഇഷ്ടമുള്ള സുഗന്ധദ്രവ്യത്തിന്റെ തുറന്നുവെച്ച കുപ്പിയാണ് അവളുടെ ദൃഷ്ടിയിൽ പെട്ടത്.

ഒരു മനസ്സിൽ നിന്നും മറ്റൊരു മനസ്സിലേക്കുള്ള ചിന്തയുടെ സ്ഥാനാന്തരം കാരണം സ്വപനമുണ്ടായേക്കാം. ടെലിപ്പതി ഒരു തെളിയിക്കപ്പെട്ട ശാസ്ത്രമാണ്. ചിന്തകൾ തുടർച്ചയായി ഈതറിലൂടെ തരംഗരൂപത്തിൽ സഞ്ചരിച്ച് മറ്റുള്ളവരുടെ മനസ്സിൽ നിദ്രയിലോ ജാഗ്രാവസ്ഥയിലോ എത്തുന്നു.

അന്ത്യശ്വാസം വലിക്കുന്ന തന്റെ പിതാവിന്റെ ശയ്യക്കു ചുറ്റും സ്നേഹിതന്മാരും ബന്ധുക്കളും നിൽക്കുതായി ഒരാൾ സ്വപ്നം കണ്ടു. തന്റെ പിതാവിന്റെ സമീപസ്ഥമായ മരണത്തെക്കുറിച്ച് പൂർണ്ണബോധ്യത്തോടെ അയാൾ നിദ്രയിൽ നിന്നുമുണർന്നു. പിറ്റെ ദിവസം രാവിലെ തന്റെ പിതാവ് കഴിഞ്ഞ ദിവസം രാത്രി മരണപ്പെട്ടതായി അറിയിച്ചുകൊണ്ടുള്ള കമ്പി സന്ദേശം അയാൾക്ക് കിട്ടി. തന്റെ പിതാവ് മരിക്കുന്നതിന് അല്പ സമയം മുമ്പ് തന്നെ വിളിച്ചിരുന്നതായി പിന്നീടയാൾക്ക് അറിയാൻ കഴിഞ്ഞു. ഉറങ്ങിക്കിടക്കുന്ന ഒരാളുടെ മനസ്സിലേക്ക് ആത്മാർത്ഥമായ ഒരു ചിന്ത കടന്നുവന്നതിന്റെ ഒരുദാഹരണമാണിത്. ചിന്താതരംഗങ്ങൾ ഒരു മനുഷ്യന്റെ മനസ്സ് ആവാഹിച്ചെടുത്തേക്കും. ആ ചിന്തകൾ ഒരാൾക്ക് ചുരുങ്ങിയപക്ഷം മൂന്നു വഴികളിൽ കൂടി ലഭ്യമായേക്കാം.

1. ആശയങ്ങളുടെയും തോന്നലിന്റെയും രൂപത്തിൽ
2. വാക്കുകളുടെ ശബ്ദങ്ങളുടെ രൂപത്തിൽ
3. ദർശനങ്ങളുടെ രൂപത്തിൽ.

വെളിപാടിന്റെ ഉന്നതരൂപങ്ങൾ വാക്കുകളുടെയും ദർശനങ്ങളുടെയും മാദ്ധ്യമത്തിൽക്കൂടി ഇറങ്ങിയേക്കാം. പക്ഷേ, സാധാരണഗതിയിൽ ഒരിക്കലും തെറ്റുപറ്റാത്ത രീതിയിലുള്ള പ്രതാപത്തോടും കൂടെയായിരിക്കും അവ ഇറങ്ങുക. മാനസികവും ആത്മീയവുമായ ഈ അനുഭവങ്ങളിൽ വളരെയധികം സാമ്യതയുള്ളതിനാൽ അതിന്റെ ഉറവിടത്തെക്കുറിച്ച് വിധിക്കുമ്പോൾ നാം വളരെ ശ്രദ്ധിക്കേണ്ടതുണ്ട്.

## ആശയങ്ങളും തോന്നലുകളും

തന്റെ സ്നേഹിതന്റെ മനസ്സിലുള്ള ഒരു ആശയം അതേ നിമിഷം തന്നെ തന്റെ മനസ്സിലും ഉള്ളതായി അനുഭവപ്പെടാത്ത ഒരാളും ഒരുപക്ഷേ, ഉണ്ടായിരിക്കാനിടയില്ല. അല്ലെങ്കിൽ ചില നിമിഷങ്ങളിൽ താൻ വെച്ചുപുലർത്തുന്ന ഒരാശയത്തെക്കുറിച്ച് അതേ നിമിഷം സ്നേഹിതൻ സംസാരിക്കുന്നു. ഒരു ഭർത്താവ് പറയുന്നു: “ഇന്ന് ഉച്ചക്ക് ശേഷം ഫർണ്ണിച്ചർ പോളിഷു ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നു.' അപ്പോൾ ഭാര്യ പ്രതികരിക്കുന്നു: ''അതേ ആശയം എന്റെ മനസ്സിലും ഉണ്ടായിരുന്നു. താങ്കളങ്ങനെ ചെയ്യണമെന്ന് ഞാൻ പറയാൻ ഉദ്ദേശിക്കുകയായിരുന്നു.” മറ്റൊരവസരത്തിൽ വിശപ്പു കാരണം അയാൾ അടുത്ത നേരത്തെ ഭക്ഷണത്തെക്കുറിച്ചു ചിന്തിക്കുന്നു. അതേ നിമിഷം വസ്ത്രം അലക്കുകയായിരുന്ന ഭാര്യ പറയുന്നു. ''താങ്കൾക്ക് വിശക്കുന്നുവെന്ന് തോന്നുന്നു. ഞാൻ പോയി ആഹാരം പാകം ചെയ്യാം.”

ഒരു കടയുടമയെക്കുറിച്ചുള്ള വിശ്വാസയോഗ്യമായ വിവരണമിതാ. തന്റെ കട രണ്ടു കള്ളന്മാർ കുത്തിത്തുറക്കുന്നതായി ഒരു കച്ചവടക്കാരന് തോന്നുന്നു. ആ വിചാരം മനസ്സിനെ ശക്തമായി അലട്ടിയപ്പോൾ അയാൾ പോലീസിൽ വിവരമറിയിക്കുകയും പോലീസ് വന്നു കെട്ടിടത്തിൽ ഒളിച്ചിരിക്കുകയും ചെയ്യുന്നു. അല്പം സമയം കഴിഞ്ഞപ്പോൾ രണ്ടുപേർ സാധനങ്ങൾ വാങ്ങാനെന്ന വ്യാജേന കടയിൽ വന്നു റിവോൾവർ കാണിച്ചു കടയുടമയെ ഭീഷണിപ്പെടുത്തുന്നു. അപ്പോൾ പെട്ടെന്ന് പോലീസ് ചാടി വീണ് അവരെ അറസ്റ്റു ചെയ്യുന്നു. അത്തരം മുന്നറിയിപ്പുകൾ രേഖപ്പെട്ടുകിടക്കുന്നു.

ഓരോ മനുഷ്യനും മാനസികമായ പ്രവാഹങ്ങൾ വികിരണം ചെയ്യുന്നു. ഓരോ മനുഷ്യനേയും ഓറയിലോ (തേജോവലയത്തിനാലോ) അയാളെ ആവരണം ചെയ്യുന്ന വ്യക്തിപരമായ അന്തരീക്ഷത്തിലോ, അവ പ്രത്യേകിച്ചും ശക്തമായിരിക്കും. ഏതെങ്കിലും ഒരു വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ എത്തിപ്പെടാതെ തന്നെ അവിടെ എന്തോ ഒരു പന്തികേടുണ്ടെന്നു ഒരാൾ മനസ്സിലാക്കുന്നു. എന്നാൽ ആ വ്യക്തിയുടെ പെരു

മാറ്റത്തിൽ ഒരു സൂചന ലഭിച്ചതിന്റെ അസ്വാഭാവികതയൊന്നും ഉണ്ടാവുകയുമില്ല.

ഒരാളുടെ സാന്നിദ്ധ്യത്തിൽ മാത്രമായിരിക്കില്ല അയാളുടെ മാനസിക വികിരണം മറ്റൊരാളിൽ സ്വാധീനം ചെലുത്തുന്നത്. കടകളുടെയും വീടുകളുടെയും മറ്റു സ്ഥലങ്ങളുടെയും അന്തരീക്ഷം വർണശബളമാക്കുന്നത് അവിടെ പെരുമാറുന്ന ആളുകളുടെ മാത്രം മാനസിക കമ്പനങ്ങളല്ല, ഇതിനു മുമ്പ് അവിടെ താമസിച്ചിരുന്നവരുടെ കൂടി മാനസിക കമ്പനങ്ങൾ ആ അന്തരീക്ഷത്തിൽ സ്വാധീനം ചെലുത്തുന്നു. സാത്വികരും ദൈവഭയം പുലർത്തുന്നവരുമായ കുടുംബങ്ങൾ ഒഴിഞ്ഞുപോയ വീടുകളിൽ പ്രവേശിക്കുന്നവർക്ക് അവിടെ ശാന്തിയുടെ അന്തരീക്ഷം അനുഭവപ്പെടാൻ വളരെ സാദ്ധ്യതയുണ്ട്. എന്നാൽ തിന്മയും, ശണ്ഠയും, കാഠിന്യവും നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ പ്രവേശിക്കുന്ന ഒരാൾക്ക് മ്ലാനീഭവിക്കപ്പെട്ട ഒരു ബോധമാണ് ഉണ്ടാവാൻ സാദ്ധ്യത.

അന്ത:പ്രജ്ഞ അഥവാ സഹജാവബോധം (Intution) എന്നത് സ്ത്രീകളിൽ കാണുന്ന ഒരു സവിശേഷതയാണ്. അന്ത:പ്രജ്ഞ ടെലിപ്പതിക്ക് ആണ്. അതുമുഖേന വേറൊരാളുടെ മനസ്സിൽ നിന്നും വിവരങ്ങൾ ചോർത്തിയെടുക്കാൻ കഴിയും.

ഒരാൾ തന്റെ ചിന്തകളെ മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകിച്ചും നിയന്ത്രിക്കണം. ഒരാൾ പേശീ നിയന്ത്രണം മുഖേന തന്റെ ചിന്തകൾ മറച്ചു വെക്കുന്നതിൽ വിജയിച്ചേക്കാം. പക്ഷേ, അയാൾക്ക് തന്റെ മാനസിക കമ്പനങ്ങളെ മറച്ചുപിടിക്കാൻ സാധ്യമല്ല. എന്നാൽ ശുദ്ധവും ശക്തമായ മഹാമനസ്സുകൾ മറ്റുള്ളവരുടെ ചിന്തകൾ സ്വീകരിക്കാൻ നിപുണമായിരിക്കും.

## കേൾക്കാവുന്ന വാക്കുകളും ശബ്ദങ്ങളും

ശബ്ദങ്ങൾ സാധാരണഗതിയിൽ തരംഗങ്ങളായി അന്തരീക്ഷത്തിലൂടെ സഞ്ചരിക്കുന്നു. പക്ഷെ അവ റേഡിയോ സ്റ്റേഷനിൽ നിന്നും റേഡിയോ തരംഗങ്ങളായി പ്രക്ഷേപണം ചെയ്യപ്പെട്ടാൽ അന്തരീക്ഷത്തിലൂടെ സഞ്ചരിക്കുകയും പിന്നീട് അവയെ റിസീവിംഗ് സെറ്റുകൾ പിടിച്ചെടുക്കുക്കുകയും ചെയ്യുന്നു. പിന്നെ വീണ്ടും റേഡിയോവിൽ നിന്നും അന്തരീക്ഷതരംഗങ്ങളായി ശ്രോതാക്കളിലെത്തുന്നു.

എന്താണ് ഈതർ? അത് അഗോചരവും ഇലാസ്തികവുമായ ഒരു പദാർത്ഥമാകുന്നു. ശൂന്യാകാശം മുഴുവൻ ഇത് നിറഞ്ഞിരിക്കുന്നു. വൈദ്യുതി, പ്രകാശം, ചിന്താ തരംഗങ്ങൾ എന്നിവയെ അത് പ്രവഹിപ്പിക്കുന്നു. ഖരപദാർത്ഥങ്ങളിൽ ആറ്റങ്ങൾക്കിടയിലുള്ള സ്ഥലങ്ങളിൽ ഈതർ നിറഞ്ഞു നിൽക്കുന്നു. കോടിക്കണക്കായ നക്ഷത്രങ്ങൾ ചേർന്ന് ക്ഷീരപഥങ്ങൾ ഉണ്ടാവുന്നതുപോലെയാണിത്. റേഡിയോ തരംഗങ്ങൾ ഖരമതിലിലൂടെ സഞ്ചരിക്കുന്നു എന്നതിന്റെ വിശദീകരണമാണിത്. അത് പ്രത്യക്ഷത്തിൽ ഖരവസ്തുവായിത്തോന്നാമെങ്കിലും യഥാർത്ഥത്തിൽ അങ്ങനെയല്ല. എല്ലാ ഖരപദാർത്ഥങ്ങളും എണ്ണമറ്റ ആറ്റം ചേർന്നതാണ്. അവ ക്ഷീരപഥങ്ങളിലെ നക്ഷത്രങ്ങൾ പോലെ മറ്റൊന്നുമായി വേറിട്ടുനിൽക്കുന്നു. പദാർത്ഥത്തിന്റെ ഓരോ അണുവിന്നിടയിലും ഈതർ ഒഴുകുന്നു. കട്ടിയുള്ള ഒരു ഖരവസ്തുവിനെപ്പോലെയാണ് അത് മനുഷ്യനേത്രങ്ങൾക്ക് തോന്നുക. വായു നിബദ്ധമായ ഒരു മുറിയിൽ ഒരു റേഡിയോ വെക്കുക. അപ്പോഴും അതു പ്രവർത്തിക്കുന്നതാണ്. ചിന്താതരംഗങ്ങൾ പ്രക്ഷേപണം ചെയ്യാനുള്ള ഏക മാദ്ധ്യമമാണ് ഈതർ. ചിലപ്പോൾ അത് കേൾവിക്കാരന്റെ തലച്ചോറിൽ ശബ്ദമായി പുനരുൽപ്പാദിപ്പിക്കപ്പെടുന്നു.

ഒരു ആംഗ്ലേയ വനിത ഫ്രാൻസ് സന്ദർശിച്ചു. അവിടെ ഇംഗ്ലീഷ് ചാനലിനടുത്തുള്ള തീരദേശ വസതിയിൽ അവർ താമസിച്ചു. ഒരു രാത്രി അവർ ഉണർന്നപ്പോൾ വ്യക്തമായി റൈഫിളിന്റെയും മെഷീൻഗണ്ണിന്റെയും ശബ്ദം അവർ കേട്ടു. പട്ടാളക്കാരുടെ അട്ടഹാസങ്ങളും കേട്ടു. അവരുടെ ശയനമുറിയുടെ ജനലിന്റെ താഴെ കടപ്പുറത്തു 1945ൽ അതേ രാത്രിയിൽ സഖ്യശക്തികൾ നിലയുറപ്പിച്ചിരുന്നുവെന്നും ജർമ്മൻ സൈന്യം അവരെ പ്രതിരോധിച്ചിരുന്നുവെന്നുമാണ് അന്വേഷണം വെളിപ്പെടുത്തിയത്. ഈ പ്രതിഭാസത്തിനുള്ള വിശദീകരണമെന്തെന്നാൽ, ഈ യുദ്ധത്തിൽ പങ്കെടുത്ത ഒരു പട്ടാളക്കാരന്റെ ചിന്താതരംഗങ്ങൾ പ്രസരിച്ചതായിരിക്കുമെന്നാണ്. അല്ലെങ്കിൽ ഒരുപക്ഷേ, സമീപത്തുള്ള ഈതറിൽ ശക്തമായ നിലയിൽ പട്ടാളക്കാരുടെ മാനസിക കമ്പനങ്ങൾ ചാർജ്ജ് ചെയ്യപ്പെട്ടിട്ടുണ്ടാവുമെന്നുള്ളതാണ്. അതു കാരണം അനേകം വർഷങ്ങൾക്കുശേഷവും ആ കമ്പനങ്ങൾ നമുക്ക് 'പെറുക്കിടെയുക്കാൻ' കഴിയുമെന്നതാണ്.

1924-ൽ ഒരു ലണ്ടൻ പൗരൻ തന്റെ വീട്ടിൽ പുത്രനോടും ബന്ധുക്കളോടുമൊപ്പം ഇരിക്കുകയായിരുന്നു. പെട്ടെന്ന് തന്റെ മാതാവ് തന്നെ പേരെടുത്തു വിളിക്കുന്നതായി അയാൾ കേട്ടു. അവിടെ സന്നിഹിതരായിരുന്ന മറ്റു രണ്ടുപേരും ഇത് കേട്ടു. അപ്പോൾ അയാളുടെ അമ്മ സമീപപ്രദേശത്തൊന്നും ഉണ്ടായിരുന്നില്ല. പിറ്റേന്ന് രാവിലെ ആ മാന്യന് തന്റെ അമ്മ തലേന്ന് വൈകുന്നേരം മരിച്ചതായ കമ്പി സന്ദേശം ലഭിച്ചു. ഇപ്രകാരം വാക്കുകളും ശബ്ദങ്ങളും കേട്ട അനുഭവങ്ങൾ സർവ്വസാധാരണമാണ്. ഇതിന്റെ ഒരു കാരണം ടെലിപ്പതിയാണെന്ന് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മാനസികതരംഗങ്ങൾ ശബ്ദങ്ങളായി പുനരുൽപ്പാദിപ്പിക്കപ്പെടുന്നു.

## ദർശനങ്ങൾ

ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ 'ദർശന'ങ്ങൾ കണ്ടിട്ടുള്ള ആളുകൾ ഓരോ തലമുറയിലും പുരാതന കാലം മുതലേ ഉണ്ടായിട്ടുണ്ട്. അവർ സൂര്യനു കീഴിലുള്ള ഓരോ തത്വജ്ഞാനത്തെയും

പ്രതിനിധീകരിച്ചിട്ടുണ്ട്. അവർക്ക് അസാധാരണമായ സ്വപ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് മാത്രമല്ല, ജാഗ്രാവസ്ഥയിലോ മയക്കത്തിലോ പോലും അവർക്ക് വിദൂര ദൃശ്യങ്ങളും, ജനങ്ങളും മറ്റു കാര്യങ്ങളും കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അത്തരം പ്രകടനങ്ങൾ തീർച്ചയായും സംഭവിച്ചിട്ടുണ്ടാവും. അവയുടെ യഥാർത്ഥസ്ഥിതിയെക്കുറിച്ച് സംശയിക്കേണ്ടതില്ല. എന്തെന്നാൽ അവ ജീവിതയാഥാർത്ഥ്യങ്ങളാണ്. അവ ആത്മീയമോ ഭൗതികമോ ആയ നിയമങ്ങളുടെ പ്രവർത്തനഫലമായേക്കും. അല്ലെങ്കിൽ രണ്ടും കൂടിച്ചേർന്നതായിരിക്കാം.

(എ) ഭൗതിക നിയമങ്ങൾ വഴി മാത്രം ഒരു ദർശനം രൂപം കൊണ്ടേക്കാം.

(ബി) ഒരു ദർശനം ഭൗതികവും ആത്മീയവുമായ നിയമങ്ങളുടെ കൂടിച്ചേരൽ മുഖേന സംഭവിക്കാം.

(സി) ഐഹിക ലോകത്തെ ഭൗതിക നിയമങ്ങൾ മുഖേന ഒരു ദർശനം രൂപം കൊണ്ടേക്കാം.

(ഡി) ആത്മീയലോകത്തെ ആത്മീയവും ഭൗതികവുമായ നിയമങ്ങൾ മുഖേന ഒരു ദർശനം രൂപം കൊണ്ടേക്കാം.

ദർശനത്തിന്റെ അർത്ഥമെന്താണ്? ദർശനം എന്ന വാക്കിന് പല അർത്ഥങ്ങളുമുണ്ട്. സന്ദർഭത്തിന്റെ ഔചിത്യമനുസരിച്ചാണ് അത് മനസ്സിലാക്കപ്പെടുന്നത്. പൊതുവിൽ പറഞ്ഞാൽ കണ്ണ് കൊണ്ട് ദർശിക്കുന്ന എല്ലാറ്റിനും അത് ബാധകമാണ്. ഉദാഹരണത്തിന് "ഞങ്ങൾ കുന്നിന്റെ മുകളിൽ കയറിയപ്പോൾ ഞങ്ങൾ തഴെയുള്ള മുഴുപട്ടണത്തിന്റെയും ദൃശ്യംകണ്ടു." ഭാവനാപരമായ ഒരു പദ്ധതിക്കും ഇതു ബാധകമാവാം. ഉദാ: "എന്റെ മകന്റെ ശോഭനമായ ഭാവിയെക്കുറിച്ച് എനിക്ക് ഒരു ദർശനമുണ്ട്." ഈ ലേഖനത്തിൽ ദർശനം എന്ന പദം ജാഗ്രാവസ്ഥയിലോ മയക്കത്തിലോ ഉള്ള സ്വപ്നങ്ങൾക്കും പ്രതിഭാസങ്ങൾക്കും ആണ് ഉപയോഗിച്ചിട്ടുള്ളത്.

ഒരു പ്രതിഭാസമെന്നാൽ, പ്രത്യക്ഷത്തിൽ വിശദീകരണമില്ലാത്ത നിഗൂഢപ്രകൃതിയിലുള്ള ഒരു സംഭവമോ, പ്രകടനമോ ആണ്. എത്ര മുമ്പാണോ സംഭവം നടക്കുന്നത് അത്രയും ആ പ്രതിഭാസം ജനങ്ങളെ സംബന്ധിച്ചിടത്തോളം നിഗൂഢമായിരിക്കും. പണ്ട് കാലത്ത് ഒരു സൂര്യഗ്രഹണം കണ്ടാൽ ജനങ്ങൾ ഭയക്കുമായിരുന്നു. അത് ദൈവങ്ങളുടെ കോപത്തിന്റെ പ്രകടനമായി കരുതപ്പെട്ടിരുന്നു. ഇപ്പോൾ നാം ഭൂമിയുടെയും ചന്ദ്രന്റെയും ഭ്രമണപഥത്തെക്കുറിച്ച് ബോധവാന്മാരാണ്. ഒരു സൂര്യഗ്രഹണമുണ്ടാവുന്നത് ചന്ദ്രൻ ഒരു നേർരേഖയിൽ ഭൂമിക്കും സൂര്യനും ഇടയിൽ വന്ന് സൂര്യന്റെ കാഴ്ച ചന്ദ്രനാൽ മറക്കപ്പെടുമ്പോഴാണ്.

മരുഭൂമിയിൽ സഞ്ചരിക്കുന്ന ഒരു യാത്രക്കാരൻ പടിഞ്ഞാറൻ ചക്രവാളത്തിൽ ഒരു വലിയ തടാകം കാണുന്നു. അതിന്റെ കരയിൽ കെട്ടിടങ്ങളും മരങ്ങളും നില്ക്കുന്നു. ക്ഷീണിതനും ദാഹപരവശനുമായ അയാൾ തന്റെ കുതിരയെ ആ സന്തോഷദായകമായ സ്ഥലത്തേക്ക് ഓടിക്കുന്നു. പക്ഷെ അടുക്കുമ്പോൾ ആ രംഗം മങ്ങുന്നതും അപ്രത്യക്ഷമാകുന്നതും അയാൾ കാണുന്നു. തരിശായ ആ മരുഭൂമി മാത്രമേ അയാൾക്ക് വീണ്ടും കാണാൻ കഴിയുന്നുള്ളൂ. അയാൾ കണ്ടത് ഒരു മരീചിക മാത്രമാണ്. അത്തരത്തിലുള്ള കാഴ്ചക്ക് ശാസ്ത്രീയമായ വിശദീകരണമുണ്ടെന്ന് അറിയാത്ത ഒരാളാണ് അയാളെങ്കിൽ താൻ ഒരു ദർശനം കണ്ടതാണെന്ന് അയാൾ വിശ്വസിച്ചുപോകും.

പലപ്പോഴും ദൈവിക പ്രകടനമാണെന്ന് കരുതുന്ന ഒരു പ്രതിഭാസം സത്യത്തിൽ ചില പ്രകൃതിനിയമങ്ങളുടെ പ്രവർത്തനഫലമായിരിക്കും. ഈ ലേഖനത്തിന്റെ ഉദ്ദേശ്യം അത്തരം പ്രതിഭാസങ്ങളെ വ്യാഖ്യാനിക്കുമ്പോൾ വളരെ ശ്രദ്ധിക്കണം എന്ന കാര്യം ഊന്നിപ്പറയുകയാണ്.

തലച്ചോറിന് എന്തെങ്കിലും തകരാറുള്ള ഒരാൾ ചിലപ്പോൾ ഭയാനകമായ ദൃശ്യങ്ങൾ കണ്ടെന്നിരിക്കാം. വസ്തുക്കൾ ചിലപ്പോൾ ഭീകരരൂപം പൂണ്ടേക്കാം. ഒരു ചായക്കോപ്പ ഒരു ഭീമാകാരമായ തവളയെപ്പോലെ അയാൾക്ക് തോന്നിയേക്കാം. അത്തരം ദൃശ്യങ്ങൾ കാഴ്ചക്കാർക്ക് യഥാർത്ഥമായിത്തോന്നും.

അതുപോലെ തലച്ചോറിനെ ആവരണം ചെയ്തപാടക്ക് വീക്കമുള്ള (മെനഞ്ചൈറ്റിസ്) ഒരാൾ അസാധാരണമായ ദൃശ്യങ്ങൾ കണ്ടേക്കാം. തലച്ചോറിനെ ആവരണം ചെയ്യുന്ന പാടക്ക് വീക്കം വരുന്നത് മദ്യപാനം, മെനിൻജൈറ്റിസ്, ടൈഫോയ്ഡ് എന്നിവ കൊണ്ടാവാം. ദൃശ്യത്തിന്റെ പ്രകൃതി ചിലപ്പോൾ ഭയാനകവും അല്ലെങ്കിൽ മനോഹരമായത്, രോഗബാധിത തലച്ചോറ് സൃഷ്ടിക്കുന്ന ചിത്രം വ്യത്യസ്തമായിരിക്കും. രോഗഗ്രസ്തമായ തലച്ചോറ് ദൃശ്യങ്ങളെ വികലമാക്കുന്നു. എന്നാൽ തലച്ചോറിനെ ആവരണം ചെയ്ത പാടക്ക് രോഗമുണ്ടായാൽ തലച്ചോറിൽ വരുന്ന ദൃശ്യം മനസ്സിൽ നിന്നു മാത്രം സൃഷ്ടിക്കപ്പെടുന്ന ഒന്നാണ്.

ഈ വിനീതന്റെ ഭാര്യ ഒരിക്കൽ ടൈഫോയിഡ് ബാധിച്ചു പിച്ചും പേയും പറയാൻ തുടങ്ങി. ഉണർന്ന അവസ്ഥയിൽ തന്റെ കിടക്കയിൽ തേളുകൾ ഇഴഞ്ഞുപോകുന്നതായി അവർക്ക് തോന്നി. പരിചാരകരോട് അവയെ നീക്കാൻ അവർ പറയും. പക്ഷെ തേളുകൾ ഇല്ലാത്തതിനാൽ അവർ ഭാര്യയെ സാന്ത്വനപ്പെടുത്തും. എന്നാൽ താൻ ശരിക്ക് തേളുകളെ കാണുന്നുണ്ടെന്ന് അവർ പറയുമായിരുന്നു. തലച്ചോറിന്റെ പാടക്ക് വീക്കം സംഭവിച്ചിരിക്കുന്നതിനാലായിരുന്നു അവർ ഈ ദൃശ്യം കണ്ടിരുന്നത്.

ടെലിപ്പതിക്ക് സന്ദേശം മുഖേന ജാഗ്രാവസ്ഥയിലും ദർശനങ്ങൾ ഉണ്ടാവുന്നതാണ്. മറ്റൊരു വ്യക്തിയുടെ ചിന്ത ഉൾക്കൊണ്ട് അത് ദർശനരൂപത്തിൽ പുനരുൽപ്പാദിപ്പിക്കപ്പെടാവുന്നതാണ്. ഇത് വിചിത്രമായി

ത്തോന്നിയേക്കാം. അങ്ങനെയാണ് ടെലിവിഷന്റെയും റേഡിയോയുടെയും കണ്ടുപിടിത്തമുണ്ടായത്. ഈ കണ്ടുപിടിത്തങ്ങളോടുകൂടി എഡിസൺ കണ്ടുപിടിച്ച ഗ്രാമഫോൺ, സിനിമാറ്റോഗ്രാഫ്, വൈദ്യുതബൾബ് എന്നിവയും ചേർക്കാം. ഡോ. ബെല്ലിന്റെ ടെലിഫോണും ചേർക്കാം. ഈ ശാസ്ത്രീയാത്ഭുതങ്ങൾ വിസ്മയത്തിന്റെ കയ്യടികളോടെയാണ് വരവേല്ക്കപ്പെട്ടത്.

ചിന്താതരംഗങ്ങൾ ആശയങ്ങളും ചിന്താതരംഗങ്ങളുമായി പുനരുൽപ്പാദിപ്പിക്കപ്പെടുന്നതിനെ സംബന്ധിച്ച് നാം ചുരുക്കത്തിൽ ചർച്ച ചെയ്തു കഴിഞ്ഞു. ചിന്ത മുഖേന തരംഗങ്ങൾ സ്ഥലമാറ്റം ചെയ്യുന്നത് ടെലിവിഷൻ മുഖേന ദൃശ്യങ്ങൾ സ്ഥലം മാറ്റം ചെയ്യുന്നതിൽ കവിഞ്ഞൊന്നുമല്ല. ഈ രണ്ടത്ഭുതങ്ങൾക്കും ഇപ്പോൾ ശാസ്ത്രീയ വിശദീകരണമുണ്ട്. ഒരാൾക്ക് പെട്ടെന്നു തന്നെ വിദൂരമായ ഒരു രംഗമോ വസ്തുവോ വ്യക്തിയോ ദർശിക്കാൻ സാധ്യമായേക്കാം.

പഞ്ചേന്ദ്രിയങ്ങളിൽ തലച്ചോറുമായി വളരെ അടുത്തുനിൽക്കുന്നത് കാഴ്ചയാണെന്നു പറയപ്പെടുന്നു. ഒരു സ്നേഹിതന്റെ പേരുച്ചരിക്കപ്പെട്ടാൽ ഉടനെത്തന്നെ അയാളുടെ രൂപഭാവങ്ങളുടെ ഒരു മാനസിക പ്രതിബിംബം പ്രത്യക്ഷപ്പെടുന്നു. ഒരു തസ്ക്കരൻ തടവുശിക്ഷക്ക് വിധിക്കപ്പെട്ടാൽ അയാളുടെ മനസ്സിൽ തടവുമുറിയുടെ ബീഭത്സമായ ചിത്രം പ്രത്യക്ഷപ്പെടുന്നു. ചിന്തയും ചിത്രാവിഷ്ക്കാരവും അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു.

ചില വർഷങ്ങൾക്കു മുമ്പ് ഈ ലേഖകൻ രസകരമായ ഒരു സംഭവത്തെക്കുറിച്ച് പത്രത്തിൽ വായിക്കുകയുണ്ടായി. കഴിഞ്ഞ യുദ്ധത്തിൽ തന്റെ പുത്രൻ കൊല്ലപ്പെട്ടതായി ഒരു മാതാവിന് യുദ്ധ ഓഫീസിൽ നിന്ന് വിവരം ലഭിക്കുകയുണ്ടായി. ഒരു ദിവസത്തിനുശേഷം അവർ തന്റെ മുറിയിൽ ഇരിക്കുമ്പോൾ അവർക്ക് വളരെ സന്തോഷവും അത്ഭുതവുമുണ്ടായി. തന്റെ മകൻ വീട്ടിലേക്ക് പ്രവേശിക്കുന്നതും തന്നെ അഭിവാദനം ചെയ്യുന്നതുമാണ് അവർ കണ്ടത്. പക്ഷേ, കഷ്ടം, ഈ അത്ഭുതകരമായ കാഴ്ച പെട്ടെന്ന് അപ്രത്യക്ഷമായി. അതൊരു നൈമിഷികമായ ദർശനമായിരുന്നു. എന്നിരിക്കിലും, തന്റെ പുത്രനെ കണ്ടതിലുള്ള അതിയായ ആനന്ദം പിന്നീട് അക്ഷരാർത്ഥത്തിൽ പൂർത്തിയായി. മരിച്ചുവെന്ന് തെറ്റായി റിപ്പോർട്ട് ചെയ്യപ്പെട്ട അവരുടെ 'നഷ്ടപ്പെട്ട' മകൻ തിരിച്ചുവന്നു. ഗാഢമായ ചിന്ത ചിലപ്പോൾ മറ്റുള്ളവരുടെ മനസ്സിലേക്ക് ടെലിപ്പതിക്ക് സന്ദേശം അയക്കുന്നു. ഈ സംഭവത്തിൽ ചിന്ത കാഴ്ചയായി രൂപമാറ്റം നടന്നതിന്റെ ഒരു ഉദാഹരണമാണ് കാണാൻ കഴിയുന്നത്. ഇത്തരം സംഭവങ്ങൾ മനസ്സിനെ സംബന്ധിച്ച് ഗവേഷണ ഫയലുകളിൽ രേഖപ്പെട്ടുകിടക്കുന്നു.

'മാനസിക പ്രതിഭാസങ്ങൾ' എന്ന വിഷയം വളരെ ദൂരവ്യാപകമായതാണ്. അതിന്റെ ശരിയായ നില സ്ഥാപിക്കുന്നതിനും അതിനെ ആത്മീയപ്രതിഭാസങ്ങളിൽ നിന്നും വേർതിരിച്ചറിയുന്നതിനും വേണ്ടുവോളം പറഞ്ഞുകഴിഞ്ഞു.

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നാകുന്നു.

(Review of Religions, April 2005)

**വിവ: കെ.വി. ഹസ്സൻകോയ** ■

---

*(8 -ാം പേജിൽ നിന്ന് തുടർച്ച)*

പ്രത്യേകത ഹദ്റത്ത് ഈസാ (അ)യ്ക്ക് നൽകുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഹദ്റത്ത് യൂസുഫ് നബി(അ) ഇങ്ങനെ ദുആ ചെയ്തതായി ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു.

തവഫ്ഫനീ മുസ്‌ലിമൻ വ അൽഹിഖ്നീ ബിസ്സാലിഹീൻ

(എന്നെ നീ) അനുസരണമുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം എന്നെ ഉയർത്തുകയും ചെയ്യേണം). ഇതിനു പുറമെ മറ്റു നിരവധി സ്ഥലങ്ങളിലും തവഫ്ഫാ എന്ന പദം വന്നിട്ടുണ്ട്. തവഫ്ഫ എന്ന 'ഫിഅ്ൽ അഥവാ ക്രിയയുടെ 'ഫാഇൽനു' അഥവാ കർത്താവ് അല്ലാഹുവും സീറൂഹ് അഥവാ ആത്മാവുള്ളവ മഫ്ഊൽ അഥവാ കർമ്മവും ആയിരിക്കുമ്പോൾ മരണം എന്നല്ലാതെ മറ്റൊരർഥം അതിനുണ്ടെന്ന് സ്ഥാപിക്കാൻ ആരാലും സാധ്യമല്ല.

### മരിച്ചവരെ ജീവിപ്പിക്കൽ

മരിച്ചവരെ ജീവിപ്പിച്ച അദ്ദേഹത്തിന്റെ മുഅ്ജിസത് അഥവാ അമാനുഷിക പ്രവൃത്തിക്കും അനാവശ്യമായ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു. ഹദ്റത്ത് ഈസാ(അ)യെക്കുറിച്ച് മരിച്ചവരെ ജീവിപ്പിച്ചു' എന്നു പറയുമ്പോൾ അല്ലാഹുവിന്റെ സുന്നത്തിനും വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിനുമെതിരായി യഥാർത്ഥമായ നിലയിൽ മരിച്ചവരെ ജീവിപ്പിച്ചുവെന്നും എന്നാൽ അതേ പദം നബി(സ) തിരുമേനിയെക്കുറിച്ചു പറയുമ്പോൾ അതുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായി മരിച്ചവരെ ജീവിപ്പിച്ചു എന്നാണെന്നും പറയുന്നതു കാണുമ്പോൾ ഈ മൗലവിമാരുടെ പ്രവൃത്തിയിൽ ആശ്ചര്യം തോന്നുന്നു.

കബ്റുകളിൽ ഉണ്ടായിരുന്ന എല്ലാശവങ്ങളും ജീവിച്ച് പട്ടണങ്ങളിൽ വന്നുവെന്ന് ഇഞ്ചിലീൽ എഴുതീട്ടുണ്ട്. മരിച്ച ആയിരക്കണക്കിന്നാളുകൾ ജീവിച്ച് പട്ടണങ്ങളിൽ വന്നതിനുശേഷം അവർക്കെന്താണ് സംഭവിച്ചതെന്ന് അവരോടു ആരെങ്കിലുമൊന്നു ചോദിച്ചുനോക്കട്ടെ. ഈ മഹാത്ഭുതം കണ്ടിട്ടും അവരെന്തുകൊണ്ട് വിശ്വസിച്ചില്ല! മരിച്ചുപോയ നിങ്ങൾ വീണ്ടും ജീവിച്ചത് ഈസാ നബിയുടെ പ്രാർത്ഥന, ഫലമാണെന്നും അതുകൊണ്ട് വലിയവനിൽ വിശ്വസിക്കുകയെന്നും ആരെങ്കിലും അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊ

*(ശേഷം 25-ാം പേജിൽ)*

ലേഖനം

# നിരക്ഷരത: റസൂൽ തിരുമേനി(സ)യുടെ യോഗ്യത

ഏ.എം. മുഹമ്മദ് സലീം

**മനുഷ്യകൃതമായ യാതൊരു സ്രോതസ്സിൽ നിന്നും ജ്ഞാനം സ്വീകരിക്കാത്ത റസൂൽ തിരുമേനി(സ)യുടെ നിരക്ഷരത അവിടുത്തെ അയോഗ്യതയല്ല, മറിച്ച് യോഗ്യതയാണ്. ശുദ്ധ മായ ദൈവിക വെളിപാടുകൾ മാത്രമായിരുന്നു റസൂൽ തിരുമേനി(സ)യുടെ അതുല്യമായ ജ്ഞാനത്തിന്റ ഉറവിടം. വാസ്തവത്തിൽ എഴുത്തുവിദ്യ എന്നത് ഭാഷയുടെ അപൂർണമായ ഒരു പ്രതീക മുദ്ര മാത്രമാണ്. ഭാഷയിൽ വാമൊഴിക്കാണ് പ്രാധാന്യം.**

റസൂൽ തിരുമേനി (സ) 'ഉമ്മി' യായ പ്രവാചകനായിരുന്നു. അഥവാ നിരക്ഷരനായ പ്രവാചകനായിരുന്നു. വിശുദ്ധ ഖുർആൻ പല സന്ദർഭങ്ങളി ലായി ഈ വസ്തുത ഊന്നിപ്പറയു ന്നു. റസൂൽ തിരുമേനി(സ) മാത്രമല്ല അക്കാലത്തെ അറബ് സമൂഹം പൊതുവെ നിരക്ഷരരായിരുന്നു. അതുകൊണ്ട് അവർ സാഹിത്യകല യിലും മറ്റു ഭാഷാ വ്യവഹാരങ്ങളിലും പിന്നോക്കക്കാരായിരുന്നുവെന്ന് കരു തുന്നത് ശരിയല്ല. നബി തിരുമേനി (സ)യുടെ ജനനത്തിനു മുമ്പുള്ള ജാഹിലിയ്യാ കാലം (അജ്ഞാനകാ ലം) എന്നാണ് അറിയപ്പെടുന്നത്. ചരി ത്രാതീത കാലം മുതൽ നബിയുടെ കാലം വരെയുള്ള കാലഘട്ടമാണ് ഇതെങ്കിലും നബി തിരുമേ നി(സ)യ്ക്ക് മുമ്പുള്ള 100–150 വർഷ ങ്ങളാണ് അറബി സാഹിത്യത്തിൽ ജാഹിലിയ്യാ കാലഘട്ടമായി പൊതുവെ അറിയപ്പെടുന്നത്. സമ്പ ന്നമായ ഒരു സാഹിത്യ സംസ്കാരം ഈ കാലയളവിലുണ്ടായിരുന്നു. ഏറെക്കുറെ പൂർണമായും വാമൊഴി പാരമ്പര്യത്തിലായിരുന്നു സാഹിത്യ വ്യവഹാരങ്ങൾ നടന്നത്. എല്ലാ പ്രാചീന സമൂഹങ്ങളിലുമെന്ന പോലെ അക്കാലത്തെ അറബ് സമൂ ഹത്തിലും ഭാഷയുടെ വാമൊഴി രൂപത്തിനായിരുന്നു പ്രാധാന്യം. വര മൊഴി ജാഹിലിയ്യാ കാലത്തെ അറ ബികളിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം. നിരക്ഷരരായ അറബി സമൂ ഹത്തിലെ നിരക്ഷരനായ പ്രവാചക നായിരുന്നു മുഹമ്മദ് നബി(സ)

എഴുത്തറിയാത്ത സമൂഹത്തിൽ എഴുതാനും വായിക്കാനുമറിയാത്ത റസൂൽ തിരുമേനി(സ)ക്ക് ലഭിച്ച ജ്ഞാനത്തിന്റെ ഉറവിടം ശുദ്ധമായ ദൈവിക വെളിപാടുകൾ മാത്രമായി രുന്നു. അക്ഷരങ്ങളിൽ സാക്ഷാൽക്ക രിക്കപ്പെട്ട വിശുദ്ധ ഖുർആൻ ആശ യലോകത്തെ അജയ്യമായ ഒരു മഹാ വിസ്മയമായി നിലകൊള്ളുന്നു. പക്ഷേ, അത് അവതീർണ്ണമായ വ്യക്തി തികച്ചും നിരക്ഷരനായിരുന്നു എന്ന യാഥാർത്ഥ്യം ഈ വിസ്മ യത്തെ ശതഗുണീഭവിപ്പിക്കുന്നു. വാസ്തവത്തിൽ ഇതൊരു അത്ഭുത കരമായ സമസ്യയാണ്. ഈ മഹാസ മസ്യയെ നിർദ്ധരിക്കാനാണ് ജോർജ് സെയിൽ, റവ: ഇ.എം. വെറി മുത ലായ യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ റസൂൽ തിരുമേനി(സ) സാക്ഷരനായി രുന്നു എന്ന വാദമുയർത്തുന്നത്.

എന്നാൽ ചില മുസ്ലിം ബുദ്ധി ജീവികളും ഉൽപതിഷ്ണുക്കളും റസൂൽ തിരുമേനി(സ) സാക്ഷരനായി രുന്നു എന്ന് അഭിപ്രായപ്പെടുന്നു.

പാശ്ചാത്യരോടും, ആധുനികതയോടുമുള്ള മാനസികാടിമത്തം കൊണ്ടോ, അല്ലെങ്കിൽ സദുദ്ദേശപരമായോ ആണ് അവർ ഇങ്ങനെ അഭിപ്രായപ്പെടുന്നത്. മുഹമ്മദ്നബി(സ) ആദ്യം നിരക്ഷരനായിരുന്നെങ്കിലും പിന്നീട് സാക്ഷരത നേടിയെന്നും ഇക്കൂട്ടർ വാദിക്കുന്നു. ആധുനിക കാലഘട്ടവുമായി താരതമ്യം ചെയ്തു കൊണ്ട് 'ഉമ്മി' അഥവാ നിരക്ഷരൻ എന്നാൽ അജ്ഞാനി, പിന്നോക്കക്കാരൻ വിദ്യാവിഹീനൻ എന്നൊക്കെയുള്ള നിഘണ്ടുവിലെ അർത്ഥം നോക്കി അവർ പരിഭ്രമിക്കുകയാണ്. അതുകൊണ്ട് റസൂൽ തിരുമേനി(സ)യെ എങ്ങനെയെങ്കിലും സാക്ഷരനാക്കിയെടുക്കുകയാണ് ഇക്കൂട്ടരുടെ ശ്രമം

വരമൊഴിയെ അപേക്ഷിച്ച് വാമൊഴിയുടെ പ്രാധാന്യത്തെ ആധുനിക ഭാഷാശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. അവരുടെ അനിഷേധ്യവും അസന്നിഗ്ദവുമായ നിരീക്ഷണങ്ങൾ വരമൊഴി അഥവാ എഴുത്ത് വിദ്യ മനുഷ്യഭാഷയിലെ കേവലം നിസ്സാരവും അപൂർണവുമായ ഒരു സാങ്കേതിക വിദ്യ മാത്രമാണെന്ന് വ്യക്തമാക്കുന്നു. പ്രത്യേകിച്ചും പുരാതനകാലത്ത് നാം കരുതുന്നത് പോലെ എഴുത്തിന് അത്ര പ്രാധാന്യമൊന്നുമില്ല. ഈ വസ്തുത വിശദീകരിക്കൽ വാമൊഴിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ചില സാങ്കേതികവശങ്ങൾ ഇവിടെ വിശകലനം ചെയ്യുകയാണ്.

## വാമൊഴിയും വരമൊഴിയും

ഏകദേശം അഞ്ഞൂറുവർഷങ്ങൾക്ക് മുമ്പ് യോഹാൻ ഗുട്ടൻബർഗ് (1398–1465) മാറ്റിവെക്കുന്ന ടൈപ്പുകളുള്ള അച്ചടിയന്ത്രം കണ്ടുപിടിച്ചതിനുശേഷമാണ് വരമൊഴിക്ക് പ്രചാരം കിട്ടിതുടങ്ങിയത്. വാസ്തവത്തിൽ ഭാഷയുടെ പ്രഥമവും പ്രധാനവുമായ അംശം വാമൊഴിയാണ്. ഭാഷയുമായി ജൈവബന്ധമുള്ളതും അതിന്റെ സ്വാഭാവികമായ പ്രകാശനവും വാമൊഴിയാണെന്നത് ആധുനിക ഭാഷാശാസ്ത്രത്തിന്റെ

**ഭാഷകളുടെ ലോകത്ത് വരുമ്പോൾ വരമൊഴിക്ക് അഥവാ ലിപികൾക്കുള്ള സ്ഥാനം നമുക്ക് ബോധ്യമാകും. യുനെസ്കോയുടെ ഒരു റിപ്പോർട്ട് പ്രകാരം ലോകത്ത് ഏകദേശം 3500 ഓളം ഭാഷകളുണ്ട്. അതിൽ 500ൽ കുറവ് എണ്ണത്തിന് മാത്രമേ എഴുത്ത് രൂപമുള്ളൂ.**

അടിസ്ഥാന സങ്കല്പമാണ്. വരമൊഴി അഥവാ ലിപികൾ ഉപയോഗിച്ചുള്ള ലിഖിത രൂപം ഭാഷയുടെ കേവലം നിസ്സാരമായ ഒരു പ്രതീകമുദ്ര മാത്രമാണ്. ഭാഷ രൂപപ്പെട്ടതിനുശേഷം എത്രയോ കാലഘട്ടങ്ങൾ കഴിഞ്ഞതിനുശേഷമാണ് എഴുത്ത് വിദ്യയും ലിപികളും രൂപപ്പെട്ടത്. അതാകട്ടെ ഇന്നും പരിഷ്കരണങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രശസ്ത ഭാഷാ ശാസ്ത്രജ്ഞനായ പീറ്റർ ഫാർബിന്റെ അഭിപ്രായം കാണുക 'ഈ ലോകത്തിലെ അക്ഷരാഭ്യാസമുള്ളവർക്ക് ലിഖിതപദത്തിൽ അഗാധമായ വിശ്വാസമാണ്. എന്നാൽ അപൂർണ്ണമായ ഒരു ആശയവിനിമയ സംവിധാനമാണ് വരമൊഴി. വാമൊഴിയുടെ ഒരു ബദൽ സംവിധാനമാണ് എന്ന് കരുതപ്പെടുന്ന അത് വായ്മൊഴിയുടെ വിളറിയ ഒരു പ്രതിഫലനം മാത്രമാണ്. ('Word Play' - by Peter Farb. Jhonathan Cape Ltd. London 1974).

ഭാഷകളുടെ ലോകത്ത് വരുമ്പോൾ വരമൊഴിക്ക് അഥവാ ലിപികൾക്കുള്ള സ്ഥാനം നമുക്ക് ബോധ്യമാകും. യുനെസ്കോയുടെ ഒരു റിപ്പോർട്ട് പ്രകാരം ലോകത്ത് ഏകദേശം 3500 ഓളം ഭാഷകളുണ്ട്. അതിൽ 500ൽ കുറവ് എണ്ണത്തിന് മാത്രമേ എഴുത്ത് രൂപമുള്ളൂ. ('നാനാനാദം ഒരേ ലോകം' യുനെസ്കോ റിപ്പോർട്ടിന്റെ മലയാള തർജ്ജമ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പേ. 68). അതായത് നിലവിലുള്ള ലോകഭാഷകളിൽ 10 ശതമാനത്തിന് മാത്രമേ ലിപി വ്യവസ്ഥയുള്ളൂ. വരമൊഴി അഥവാ എഴുത്തുരൂപം ഇല്ലെങ്കിലും ഭാഷക്ക് നിൽക്കാനാവും. എന്നാൽ വാമൊഴിയില്ലെങ്കിൽ ഭാഷക്ക് നിലനിൽക്കാൻ സാധിക്കില്ല എന്നു മാത്രമല്ല ഭാഷ തന്നെയുമില്ല. വാമൊഴിയെ അപേക്ഷിച്ച് വരമൊഴിയുടെ പരിമിതിയും നാം മനസ്സിലാക്കണം. വരമൊഴി വാമൊഴിയാക്കി മാറ്റാൻ യാതൊരു പ്രയാസവുമില്ല. എന്നാൽ വാമൊഴി വരമൊഴിയാക്കി മാറ്റുമ്പോൾ അതി ലെ പല അംശങ്ങളും നഷ്ടപ്പെടും. ഭാഷയുടെ ഈണം, പദങ്ങളുടെ ഊന്നൽ, വക്താവിന്റെ വികാരം മുതലായവ ലിഖിത രൂപം വിനിമയം ചെയ്യുന്നില്ല. ഇതിനെക്കാൾ പ്രധാനമായിട്ടുള്ളത് ഭാഷയുടെ യഥാർത്ഥ ശബ്ദങ്ങൾ പ്രകാശിപ്പിക്കാൻ തന്നെ പല ലിപി സമൂഹങ്ങൾക്കും സാധ്യമല്ല എന്നതാണ്.

ചുരുക്കത്തിൽ വാമൊഴിക്ക് വരമൊഴിയേക്കാളുള്ള പ്രാധാന്യം മനസ്സിലാക്കാൻ താഴെ പറയുന്ന മൂന്നു കാര്യങ്ങൾ നിരീക്ഷിച്ചാൽ മതി. ഒന്നാമതായി നിത്യജീവിതത്തിൽ നാം കൂടുതൽ ഉപയോഗിക്കുന്നത് വാമൊഴിയാണ്. ചില പ്രത്യേക സാഹചര്യങ്ങളിലല്ലാതെ നാം വരമൊഴി ഉപയോഗിക്കാറില്ല. രണ്ടാമതായി ഇന്ന് ലോകത്തുള്ള ഒട്ടുമിക്ക ഭാഷകൾക്കും വരമൊഴിയില്ല. അത്തരം ഭാഷകൾ നിലനിൽക്കുന്നതും ജീവിക്കുന്നതും വാമൊഴിയിലൂടെ മാത്രമാണ്. മൂന്നാമതായി ചരിത്രപരമായ പഠനങ്ങൾ കാണിക്കുന്നത് വാമൊഴി ഉണ്ടായതിൽ പിന്നെ എത്രയോ കാലങ്ങൾ കഴിഞ്ഞാണ് വരമൊഴി രൂപപ്പെട്ടത് എന്നതാണ്.

## ലിപികളുടെ ചരിത്രം

ലിപികളുടെ ചരിത്രം പരിശോധിച്ചാൽ അത് കാലാകാലങ്ങളിൽ അപൂർണ്ണമായ ഒരു ഭാഷാപ്രകാശന സങ്കേതമായിരുന്നുവെന്ന് കാണാം.

പഴയകാലത്ത് സമൂഹത്തിലെ ചുരുക്കം ചില ആളുകളുടെ സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾ രേഖപ്പെടുത്താനുപയോഗിച്ച പരിമിതമായ ഒരു കലാസങ്കേതമായിരുന്നു ലേഖനകല. വ്യാപകമായ ആശയവിനിമയത്തിന്റെ സ്ഥാനം അതിന്നില്ലായിരുന്നു. കുറ്റമറ്റ ലിപിവ്യവസ്ഥയുടെ അഭാവം, ഹസ്തലിഖിത സമ്പ്രദായത്തിന്റെ പരിമിതി, എഴുത്ത് വായിക്കാനറിയുന്നവരുടെ കുറവ് ഈ ഘടകങ്ങളെല്ലാം ഈയടുത്തകാലം വരെ എഴുത്തിലൂടെയുള്ള ആശയവിനിമയത്തെ പരിമിതപ്പെടുത്തിയ ഘടകങ്ങളായിരുന്നു. മറ്റൊരു പ്രധാന പരിമിതി, എല്ല്, കല്ല്, ഓല, ലോഹം മുതലായ മാധ്യമങ്ങളായിരുന്നു പുരാതനകാലത്ത് എഴുത്തിനുപയോഗിച്ചിരുന്നത്. എന്നതാണ് ഇതിന്റെ അസൗകര്യങ്ങളും ദൗർലഭ്യതയും സങ്കേതിക വൈദഗ്ധ്യത്തിന്റെ അപര്യാപ്തയും എഴുത്തിന്റെ വ്യാപകമായ പ്രചാരണത്തെ തടഞ്ഞുനിർത്തി.

പ്രാചീനകാലത്ത് വളരെ പരിമിതമായ തോതിൽ ഉപയോഗിച്ചിരുന്ന ലിപികൾ ചിത്രലിപി (Pictorograph) സൂത്രലിപി (logogram) പ്രതീകാത്മക ലിപി (Symbolic writing) ഭാവമൂലക ലിപി അഥവാ ആശയ ലിപി (Ideographic writing) ഭാവധ്വനി മൂലക ലിപി (Ideographic Phonetic Writing) ഭാഷാധ്വനി മൂലക ലിപി (Phonetic writing) എന്നിങ്ങനെ ആറുരൂപത്തിലുള്ള ലിപികൾ പ്രാചീനകാലത്ത് പ്രയോഗിച്ചിരുന്നതായി ലിപി ശാസ്ത്രജ്ഞന്മാർ (grammatologist) വ്യക്തമാക്കുന്നു. ആദ്യത്തെ അക്ഷര ലിപികൾക്ക് യഥാർത്ഥ ആശയവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ഐഡിയോഗ്രാഫിക്ക് റൈറ്റിങ്ങ് അല്ലെങ്കിൽ ഹിയറോഗ്രാഫിക്സ് റൈറ്റിങ്ങ് അഥവാ ഹിയറോഗ്രാഫിക്സ് (Hierographics) എന്നാൽ ഓരോ വ്യത്യസ്ത ആശയങ്ങളെ വ്യത്യസ്ത ചിത്രങ്ങളുടെ സഹായത്തോടെ പ്രകാശിപ്പിക്കുന്ന രീതിയാണ്. കണ്ണിന്റെ ആശയം പ്രകാശിപ്പിക്കാൻ കണ്ണിന്റെ ചിത്രവും സൂര്യന്റെ ആശയം അർത്ഥമാക്കാൻ സൂര്യന്റെ ചിത്രവും ആണ് ഉപയോഗിച്ചത്. ഇവർക്ക് ഭാഷാശബ്ദങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. ഈ ലിപി രൂപങ്ങളെല്ലാം സുമേറിയക്കാർ, ബാബിലോണിയക്കാർ, ഹിറ്റൈറ്റുകൾ, ചൈനക്കാർ, ആസ്ടെക്കുകൾ എന്നീ ജനതകളാണ് വികസിപ്പിച്ചെടുത്തത്. ഇവ ആശയവ്യക്തതക്ക് അപൂർണ്ണതകളും അസൗകര്യങ്ങളും സൃഷ്ടിക്കുന്നുവെന്ന് കണ്ടപ്പോൾ പ്രയോഗസൗകര്യമുള്ള ലിപികൾ സൃഷ്ടിക്കുവാൻ മനുഷ്യസമൂഹം നിർബന്ധിതരായി. ഇത് നൂതനമായ ലിപികൾ സൃഷ്ടിക്കാനുള്ള പ്രേരണ മനുഷ്യസമൂഹത്തിലുണ്ടാക്കി. ഈ പ്രേരണ കൊണ്ടാണ് പിൽക്കാലത്ത് ഭാഷാശബ്ദങ്ങളോട് നീതിപുലർത്തുന്ന സ്വനാധിഷ്ഠിതമായ (Phoneme based) ഭാഷാലിപികൾ രൂപപ്പെട്ടു തുടങ്ങിയത്.

## സ്വനവും (Phoneme) ലിപിയും

ഭാഷണകലയെ അഥവാ സ്വനപരമായ (Phonetic) വാമൊഴിയെ അടിസ്ഥാനമാക്കി എഴുത്ത് വിദ്യ വികസിച്ചത് വളരെ സമീപകാലത്താണ്. പദലേഖം (Syllabic) അക്ഷരലേഖനം (Alphabetic writing) എന്നീ ലേഖന സമ്പ്രദായങ്ങളിലൂടെ അക്ഷരലേഖനകല വളരെ പതുക്കെ ഓരോഭാഷയിലും രൂപം കൊള്ളുകയായിരുന്നു. പല ഭാഷകളിലും ഇത് സംഭവിച്ചത് ഇതിഹാസങ്ങളും, കാവ്യങ്ങളും സമ്പന്നമായ സാഹിത്യങ്ങളും, രൂപംകൊണ്ട് വളരെ കാലം കഴിഞ്ഞാണ്. ഇത് അർത്ഥമാക്കുന്നത് മനുഷ്യഭാഷയുടെ അടിസ്ഥാനം ഒരിക്കലും എഴുത്തല്ല എന്നാണ്. മറിച്ച് ഭാഷയുടേയും വിജ്ഞാനത്തിന്റെയും അടിസ്ഥാനവും, വാഹനവും സ്വനിമങ്ങളാണ് അഥവാ ഭാഷയുടെ ശബ്ദമാത്രകളാണ് എന്നാണ്. യഥാർത്ഥത്തിൽ ലിപികളെ ഭാഷാശാസ്ത്രം സ്വനിമങ്ങളുടെ ചിഹ്നങ്ങളായിപോലും കണക്കാക്കുന്നില്ല. ഇത് എളുപ്പത്തിൽ മനസ്സിലാവാൻ സ്വനവിജ്ഞാനത്തിന്റെ (Phonetics) അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഭാഷയിലെ സ്പെല്ലിങ്ങ് വ്യവസ്ഥ നോക്കിയാൽ മതി. സ്വനിമങ്ങളോട് നീതിപുലർത്താൻ ഇന്നും സാധിക്കാത്തതാണ് ഇംഗ്ലീഷ് എഴുത്തുവിദ്യ. പദങ്ങളുടെ അക്ഷരലിപി വിന്യാസം (സ്പെല്ലിംങ്ങ്) നോക്കി ഉച്ചരിക്കാൻ കഴിയാത്തതും, വിവിധ തരത്തിലുള്ള ഉച്ചാരണ ഭേദങ്ങൾക്കൊണ്ട് പൊറുതിമുട്ടുന്നതുമായ ഭാഷയാണ് ഇംഗ്ലീഷ്. ഇതിനെ അന്തർദേശീയമായി മാനനീകരിക്കാൻ അഥവാ സ്റ്റാൻഡേഡെയ്സ് ചെയ്യാനാണ് ഇന്റർനാഷനൽ ഫൊനെറ്റിക് അസോസിയേഷൻ (IPA) രൂപവത്കൃതമായത്. ഇംഗ്ലീഷിനെ അപേക്ഷിച്ച് അറബി ലിപി വ്യവസ്ഥ പോലെതന്നെ മലയാളത്തിലും സ്പെല്ലിംങ്ങിന്റെ (ലിപിവിന്യാസത്തിന്റെ) സങ്കീർണ്ണതകളൊന്നുമില്ല. ഭാഗ്യവശാൽ മലയാള ഭാഷ ഏകദേശം തൊണ്ണൂറുശതമാനവും സ്വനാത്മകമാണ് (Phonetic). അതായത് ഭാഷാശബ്ദങ്ങളോട് നീതിപുലർത്തുന്ന ലിപികളാണ്. മിക്കവാറും എഴുതിയത് പോലെ വായിക്കാൻ കഴിയും. മലയാള ലിപികൾ തന്നെ സ്വനാത്മകമായും അച്ചടിപര്യുമായ സൗകര്യത്തിനും പൂർണതക്കും വേണ്ടി പരിഷ്ക്കരിക്കണമെന്ന് ഭാഷാവിദഗ്ധർ മുറവിളിക്കൂട്ടുന്നു. മലയാളഭാഷയിൽ പഴയകാലത്ത് എഴുതപ്പെട്ട വട്ടെഴുത്തും കോലെഴുത്തും ഇന്നു നമുക്ക് വായിക്കുവാൻ സാധ്യമല്ല. എല്ലാ ഭാഷകളിലും ലിപി പരിഷ്കരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് എഴുത്ത് വിദ്യ ഭാഷയുടെ അപൂർണ്ണങ്ങളായ ഒരു ചിഹ്ന വ്യവസ്ഥ മാത്രമാണെന്നാണ്. ലിപിയെ സ്വനാത്മകമാക്കാനുള്ള പരിഷ്കരണങ്ങളാണ് എല്ലാ ഭാഷകളിലും നടന്നുകൊണ്ടിരിക്കുന്നത്.

## ഗുരുകുല സമ്പ്രദായം

പൗരാണിക കാലത്തെ ഭാരതീയ വിദ്യാഭ്യാസ സമ്പ്രദായമാണ് ഗുരുകുല വിദ്യാഭ്യാസ രീതി. ബോധനമാധ്യമം എന്ന നിലക്ക് എഴുത്ത് വിദ്യ ഗുരുകുല സമ്പ്രദായത്തിലില്ലാ

യിരുന്നു. ഗുരുവിന്റെ ഗൃഹം തന്നെയായിരുന്നു പാഠശാല. ഉപനയനം (ഉപ = അരികിലേക്ക്, നയനം = കൊണ്ടുവരിക) മുതൽ സമാവർത്തനം (പഠനം പൂർത്തിയാക്കി തിരിച്ചുപോക്ക്) വരെ ഗുരുസാമീപ്യത്തിൽ നിന്ന് കൊണ്ടുള്ള വിദ്യാഭ്യാസമായിരുന്നു ഗുരുകുലസമ്പ്രദായം. വേദങ്ങളുടെ വ്യാഖ്യാനമായ ഉപനിഷത്ത് എന്ന വിജ്ഞാനശാഖയുടെ നാമ നിരുക്തി നൽകുന്ന സൂചനയും ലേഖന വിദ്യ കൂടാതെയുള്ള വാമൊഴിയായിരുന്നു അന്നത്തെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം എന്ന് തന്നെയാണ്. ഉപ = അരികെ, നി–സദ് = ഇരിക്കുക എന്നീ പദധാതുക്കളിൽ നിന്നാണ് ഉപനിഷദ് എന്ന പദമുണ്ടായത്. ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ' എന്ന പുസ്തകത്തിൽ ശ്രീ. തായാട്ട് ശങ്കരൻ എഴുതിയത് കാണുക.

'ഉപനിഷത്തുകളുടെ വചനരീതിയിൽ നിന്നും അന്നത്തെ ശിക്ഷണ സമ്പ്രദായത്തെക്കുറിച്ച് നമുക്ക് ഒരു സാമാന്യ രൂപം കിട്ടുന്നു. ഗുരുശിഷ്യ സംവാദത്തിന്റെ രൂപത്തിലാണ് ഉപനിഷത്തുകൾ രചിക്കപ്പെട്ടത്. ശിഷ്യന്മാർ ചോദ്യം ചോദിക്കും, ഗുരു വിശദമായി വിവരിക്കും. ചിലപ്പോൾ കഥാകഥന രീതി കൈക്കൊള്ളും, ചിലപ്പോൾ പാരബിൾ (പ്രശ്നകഥകൾ) എന്ന രൂപത്തിലാവും വിഷയാവതരണം. പ്രശ്നം (ചോദ്യം) അഭിപ്രശ്നം (മറുചോദ്യം) പ്രശ്ന വിവേകം (ഉത്തരം) ഈ രീതി സാർവ്വത്രികമായിരുന്നു. ഗുരു ഒരു പ്രവാചകനെ പോലെ ചൊല്ലിക്കൊടുക്കുന്ന രീതിയിലും ഇല്ലാതില്ല. ശിഷ്യന്റെ ചിന്താപരതയെ വളർത്തുന്നതിനും മനനം അനുപേഷണീയമായ ഭാഗമായി ഗണിക്കപ്പെട്ടു. (ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ – പേ. 4).

## അറബിഭാഷയും എഴുത്തുവിദ്യയും

അറബിഭാഷയുടെ ലിപികൾ എപ്പോഴാണ് രൂപപ്പെട്ടതെന്ന് ചരിത്രകാരന്മാർക്ക് കൃത്യമായി പറയാൻ സാധിച്ചിട്ടില്ല. മുഹമ്മദ് നബി(സ)ക്ക് മുമ്പുള്ള ജാഹിലിയ്യാ (അജ്ഞാന) കാലഘട്ടത്തിൽ തന്നെ പ്രാകൃത രീതിയിലാണെങ്കിലും അറബിലിപികൾ രൂപപ്പെട്ടിട്ടുണ്ട്. ഉമ്മുൽ ജിമാലിൽ നിന്നും (ക്രി. വ. 250) ജാഹിലിയ്യാ കാലത്തെ അനശ്വര കവി ഇംറുൽ ഖൈസിന്റെ കാലത്തെ എഴുത്തും റസൂൽ തിരുമേനി(സ)യുടെ ജനനത്തിന് 9 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട 'നഖ്ശു ഹർറാൻ' (ക്രി. വ. 562) ലിഖിതങ്ങളും ഇതിന് തെളിവാണ്. ഹർറാനിന് വടക്ക് ഭാഗത്ത് ദുറൂസ് പർവ്വതത്തിൽ കിന്ദി രാജാവ് സ്ഥാപിച്ച ക്രിസ്ത്യൻ ദേവാലയത്തിന്റെ കവാടത്തിൽ രേഖപ്പെടുത്തിയ ലിഖിതമാണിത്.

അറബി ലിപി രൂപപ്പെട്ടത് നബ്ത്വിയൻ ശൈലിയിൽ നിന്നാണെന്ന് പറയപ്പെടുന്നു. ബത്റാഇലെ (ജോർദ്ദാൻ) നബ്ത്വിയൻ ഭരണകാലത്താണ് ഇത് രൂപപ്പെട്ടത്. ക്രി. വ. അഞ്ചാം നൂറ്റാണ്ടിൽ അറേബ്യയിലെ ചുരുക്കം ചില കുലീനർ അറബി ലേഖന വിദ്യ അഭ്യസിച്ചിരുന്നു. അറേബ്യയിലെ ഹിജാസിലും ഈ ലേഖനവിദ്യ പരിമിതമായ തോതിൽ കുലീന വൃത്തങ്ങളിൽ പ്രചരിക്കുകയുണ്ടായി. മക്കയിൽ ഇത് പ്രചരിപ്പിച്ചത് അബ്ദിൽ മലിക്കാണ്. ഖുറൈശി ഗോത്രത്തിലെ അപൂർവ്വം ഉന്നതർ ഇദ്ദേഹത്തിൽ നിന്നാണ് അക്ഷരലേഖന കല അഭ്യസിച്ചതെന്ന് കരുതപ്പെടുന്നു. അവരിൽ പ്രമുഖർ ഉമറുബ്നുൽ ഖത്വാബ്, അലിയ്യുബ്നു അബീത്വാലിബ്, ഉസ്മാനുബ്നു അഫ്ഫാൻ, തൽഹതുബ്നു ഉബൈദിയ്യ, മുആവിയ മുതലായവരാണ്. അച്ചടിയും കടലാസും ഇല്ലാത്തതും സാങ്കേതിക പരിജ്ഞാനത്തിൽ യാതൊരു പുരോഗതിയുമില്ലാത്തതുമായ അറബി സമൂഹത്തിൽ എഴുത്ത് വിദ്യ ഉന്നത കുലജാതരിൽ മാത്രം പരിമിതമായിരുന്ന ഒരു സർഗ്ഗകല മാത്രമായിരുന്നു. രാജാക്കന്മാരും ഗോത്രതലവന്മാരും നയതന്ത്ര കരാറുകൾ രേഖപ്പെടുത്താനും എഴുത്ത് വിദ്യ ഉപയോഗിച്ചിരുന്നതായി കാണാം.

ആദ്യകാല അറബി എഴുത്ത് 'ജസ്മ' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അറബി ഭാഷയിൽ ലേഖന വിദ്യയും വിനിമയയോഗ്യമായ ലിപി സമ്പ്രദായവും ആരംഭിച്ചത് ഇസ്‌ലാമിന്റെ ആവിർഭാവത്തോടുകൂടിയാണ്. അറബി ലിപിയുടെ വികാസത്തിന് ഏറ്റവും മുഖ്യപങ്ക് വഹിച്ചത് വിശുദ്ധ ഖുർആനാണ്. റസൂൽ തിരുമേനി (സ) സ്വയം നിരക്ഷരനാണെങ്കിലും എഴുത്ത് വിദ്യയുടെ അനന്യാദൃശവും അതുല്യവുമായ സാങ്കേതികശക്തിയും ഭാവിലോകത്ത് അതിനു കൈവരുന്ന പ്രാധാന്യവും കണക്കിലെടുത്ത് ലേഖനവിദ്യയെ പരമാവധി പ്രോത്സാഹിപ്പിക്കുകയാണുണ്ടായത്. ഖുർആന്റെ അവികലമായ സംരക്ഷത്തിനുവേണ്ടിയാണ് കുറ്റമറ്റ രീതിയിൽ അറബി ലിപികൾ നിലവിൽ വന്നത്. പ്രവാചകന്റെ കാലത്ത് ഉണ്ടായിരുന്ന അറബി ലിപികളിൽ വ്യഞ്ജനാക്ഷരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വരചിഹ്നങ്ങൾ (ഹർകത്) ഇടുന്ന സമ്പ്രദായം പിന്നീട് ഉണ്ടായതാണ്. കൂഫി, മഗ്‌രിബി, നഖ്ശ് മുതലായ ലിപികൾ നിരവധി പരിഷ്കരണങ്ങളിലൂടെയാണ് നിലവിൽ വന്നത്. അതിന്ശേഷമാണ് ലിപികൾ മാത്രം നോക്കി ഖുർആൻ തെറ്റുകൂടാതെ ഓതാൻ കഴിയുന്നത്. അറബി ലിപികളുടെ പരിണാമചരിത്രം പറയുമ്പോൾ കേരളത്തിലെ പൊന്നാനിയിലെ അറബി ലിപികൾ പ്രത്യേകം പ്രസ്താവ്യമാണ്. അക്ഷരങ്ങളുടെ അടിഭാഗം നല്ലത് പോലെ തടിച്ച മൂലകോണുകളോടെ എഴുതുന്ന സമ്പൂർണ്ണ അറബി ലിപി പൊന്നാനി ലിപിയാണ് എന്നത് കേരളീയർക്ക് അഭിമാനകരമാണ്. അനറബികൾക്ക് ഖുർആന്റെ ഏറ്റവും സുഖമായ വായനക്ക് ഉതകുന്നതാണ് ഈ ലിപി. 'ഖത്തു ഫുന്നാനി' എന്നാണ് ഈ ലിപി അറിയപ്പെടുന്നത്. കുറ്റമറ്റ രീതിയിൽ അതായത് ശരിയായ ഉച്ചാരണം, രാഗം, മുഴക്കം, ശബ്ദത്തിന്റെ ലഘുഗുരു ക്രമീകരണം, താളം മുതലായവ പാലിച്ചുകൊണ്ട് ഖുർആൻ ഓതണ

മെങ്കിൽ തജ്‌വീദിന്റെ നിയമങ്ങൾ പഠിക്കേണ്ടത് ആവശ്യമാണ്. അത് ലിപി മുഖേനയല്ല, ഗുരുമുഖത്ത് നിന്നു തന്നെ പഠിക്കണം.

## റസൂൽ തിരുമേനി(സ)യുടെ കാലത്തെ ലിഖിത സാഹിത്യം

എഴുത്ത് വിദ്യ ഒരു സർഗ്ഗകല എന്നതിൽ കവിഞ്ഞ് വിജ്ഞാന സമ്പാദനത്തിന്നോ സാഹിത്യപ്രവർത്തനത്തിന്നോ അവർ ഉപയോഗിച്ചിരുന്നില്ല. വാമൊഴി പ്രധാനമായ കവിത, പ്രഭാഷണകല മുതലായ സാഹിത്യരൂപങ്ങളായിരുന്നു അക്കാലത്തുണ്ടായിരുന്നത്. മറ്റു യാതൊരു മതഗ്രന്ഥങ്ങളുടേയും ലിഖിതരൂപം അറേബ്യയായിൽ ഉണ്ടായിരുന്നില്ല. ബൈബിളിന്റെ ഏറ്റവും പുരാതനമായ ലിഖിതരൂപം ജെറുസലേമിൽ നിന്നും കണ്ടെടുക്കപ്പെട്ട 'കോഡക്സ് സിനിയാറ്റികസ്' ആണല്ലോ. മരത്തോലിൽ മെഴുകുപുരട്ടി എഴുതിയ ബൈബിളിന്റെ ഗ്രീക്ക് വിവർത്തനം എ.ഡി. നാലാം നൂറ്റാണ്ടിലാണ് എഴുതപ്പെട്ടത്. ഇത്തരം അപൂർവ്വഗ്രന്ഥങ്ങൾ രാജാക്കന്മാരുടെ കൊട്ടാരങ്ങളിലോ പുരാതന വിദ്യാപീഠങ്ങളിലോ മാത്രമാണ് സൂക്ഷിക്കപ്പെട്ടിരുന്നത്. ഇന്നത്തെ ഗ്രന്ഥങ്ങളെ പോലെ അവ വ്യാപകമായിരുന്നില്ല. റസൂൽ തിരുമേനി (സ)യുടെ കാലത്ത് അവിടുത്തെ പത്നിയായിരുന്ന ഖദീജ (റ)യുടെ അമ്മാവൻ വറഖത്ബ്നു നൗഫൽ ക്രിസ്തു മതം സ്വീകരിച്ച ഒരു ബൈബിൾ പണ്ഡിതനായിരുന്നു. പക്ഷേ അദ്ദേഹം "ബൈബിൾ ചില ഭാഗങ്ങൾ ഹീബ്രുഭാഷയിൽ എഴുതുന്ന ആളായിരുന്നു എന്നാണ്.' ബുഖാരിയിലെ ഹദീസിൽ പറയുന്നത്. അറബിയിൽ എഴുതിയിരുന്നു എന്ന മറ്റൊരു നിവേദനമുണ്ടെങ്കിലും ബുഖാരിയിലെ പരാമർശമാണ് പരിഗണനീയമെന്ന് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അഭിപ്രായപ്പെടുന്നത്. മാത്രമല്ല വറഖത്ബ്നു നൗഫൽ എഴുതിയത് ഹീബ്രുവല്ല ഗ്രീക്ക് ബൈബിളാകാനാണ് സാധ്യത എന്നും ഖലീഫത്തുൽ മസീഹിന് അഭിപ്രായമുണ്ട്. കാരണം അക്കാലത്ത് ബൈബിൾ സാഹിത്യം മുഴുവനും ഗ്രീക്ക് ഭാഷയിലാണ്. ഹീബ്രു അക്കാലത്ത് തന്നെ മൃതഭാഷയായി ക്കഴിഞ്ഞിരുന്നു. ഏതായാലും ഇഞ്ചീൽ (ബൈബിൾ) അറബിഭാഷയിൽ പൂർണ്ണമായി ഭാഗികമായിപ്പോലുമോ ഉണ്ടായിരുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. റസൂൽ തിരുമേനി(സ)യുടെ കാലത്ത് ബൈബിൾ അറബിയിൽ എഴുതപ്പെട്ടിരുന്നുവെങ്കിൽ ആദ്യകാല മുസ്‌ലിംകൾ ബൈബിൾ ചരിത്രങ്ങളെ പറ്റിയും പാഠങ്ങളെപറ്റിയും അറിയുമായിരുന്നു. അവരാരും ബൈബിൾ പരിജ്ഞാനം ഉള്ളവരായിരുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അതുപോലെ തൗറാത്തും അറബിയിൽ അക്കാലത്ത് ലഭ്യമായിരുന്നില്ല. തൗറാത്തിനെപറ്റി എന്തെങ്കിലും റസൂൽ തിരുമേനി(സ)ക്ക് അറിയേണ്ടതുണ്ടെങ്കിൽ മദീനയിലെ യഹൂദനും ബൈബിൾ പണ്ഡിതനുമായിരുന്ന അബ്ദുല്ലാഹി ഇബ്നു സലാമിനെയായിരുന്നു സമീപിച്ചിരുന്നത്.

മറ്റു സമൂഹങ്ങളിലെന്നപോലെ അറബി സാഹിത്യത്തിൽ ആദ്യം രൂപപ്പെട്ടത് കവിതയാണ്. ജാഹിലിയ്യാ കാലത്തുള്ള രചനകളെല്ലാം എഴുതപ്പെട്ടത് ഇസ്‌ലാം ആവിർഭവിച്ച് വളരെ കഴിഞ്ഞതിന് ശേഷമാണ് – വാ മൊഴിയയിട്ടാണ് ഈ കവിതകൾ അറബി സമൂഹത്തിൽ പ്രചരിച്ചത്. ഭാരതത്തിൽ തന്നെ രാമായണം എഴുതിയ വാത്മീകിയോ, മഹാഭാരതം എഴുതിയ വ്യാസനോ സാക്ഷരരായിരുന്നില്ല. പുരാതനകാലത്ത് കവിതാരൂപത്തിൽ ഗാനാത്മകമായി രചിക്കപ്പെട്ട ഈ സൃഷ്ടികളുടെ ഈ രചനാ ഞ്ഞലി തന്നെ കൂടുതൽ ഓർത്തിരിക്കാനും ജനങ്ങൾക്കിടയിൽ പ്രചാരണം നേടാനും വേണ്ടിയാണ് ഇന്നല നാം അക്ഷരത്തിൽ ശേഖരിച്ച് വെക്കുന്നതിനുപകരം മനസ്സിൽ ഓർത്തുവക്കാനാണ് കവിതാശൈലി. ജാഹിലിയ്യാ കാലത്തെ അറബികളെ സംബന്ധിച്ചേടത്തോളം കവിത എന്നത് ദൈനംദിന ജീവിതമായി ബന്ധപ്പെട്ട ഒരു സാഹിത്യ പ്രസ്ഥാനമായിരുന്നു. ഇത്രയധികം കവിതയുമായി കെട്ടുപിണഞ്ഞ മറ്റൊരു പൗരാണികസമൂഹവുമില്ല എന്ന് പണ്ഡിതന്മാർ പറയുന്നു. ഖസീദ (ഗീതകം) ആയിരുന്നു അംഗീകൃത കാവ്യരൂപം. ജാഹിലിയ്യാ കാലത്ത് ഏറ്റവും നല്ല ഏഴു കവിതകൾ അവർ തിരഞ്ഞെടുത്തിരുന്നു. 'സബ്ഉൽ മുഅല്ലഖാത്' എന്നായിരുന്നു ഇത് അറിയപ്പെടുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഈ ഏഴു കവിതകൾ കഅ്ബയിൽ എഴുതി കെട്ടിത്തൂക്കുക പതിവാണെന്നായിരുന്നു പറയപ്പെട്ടിരുന്നത്. 'തിരഞ്ഞെടുക്കപ്പെട്ട ഏഴെണ്ണം' എന്ന് മാത്രമാണ് ഇതിനർത്ഥമെന്നും എഴുതി കെട്ടിതൂക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നില്ല എന്നും ചില ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 'മുഅല്ലഖത്' എന്ന പദം ഇതിൽ നിന്നും ഉത്ഭൂതമായതല്ലെന്ന് പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. കാരണം ഏറെക്കുറെ മഹാഭൂരിപക്ഷവും നിരക്ഷരരായിരുന്ന അക്കാലത്ത് ജനകീയ മാധ്യമം എന്ന നിലക്ക് കവിതക്ക് ലിഖിതരൂപമുണ്ടായിരുന്നില്ല വാചകരൂപത്തിലായിരുന്നു അവ പ്രചരിക്കപ്പെട്ടത്.

ജാഹിലിയ്യാ കാലത്തും ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷവും വാമൊഴിരൂപത്തിൽ പ്രചരിക്കപ്പെട്ട സാഹിത്യം ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷം വളരെ കഴിഞ്ഞ് അക്ഷരലേഖനവിദ്യ വ്യാപകമായി പ്രചരിക്കപ്പെട്ടതിന് ശേഷമാണ് ഏടുകളിലേക്ക് പകർത്തപ്പെട്ടത്.

## റസൂൽ തിരുമേനി(സ) സാക്ഷരനായിരുന്നുവോ?

എഴുത്ത് വിദ്യ വ്യാപകമായി ഉപയോഗിക്കപ്പെടുകയും അതിബൃഹത്തായ സഞ്ചിത വിജ്ഞാനങ്ങളെല്ലാം ലിപികളിൽ അച്ചടിച്ചു പുസ്തകങ്ങളായി സൂക്ഷിക്കുകയും വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് നിരക്ഷരൻ എന്ന വിശേഷണം ഒരുപക്ഷേ ദുരർത്ഥങ്ങളുണ്ടാക്കുന്ന ഒരു പ്രയോഗമായിരിക്കാം.

പുസ്തകങ്ങളുടെ വ്യാപകമായ പ്രചാരണം താരതമ്യേന ഈയടുത്ത കാലത്ത് സംഭവിച്ചതാണ്. ആധുനികയുഗത്തിൽ ലിഖിതസാഹിത്യത്തിന്റെ പാരവാരത്തിന് നടുവിലിരുന്ന് ചരിത്രബോധം നഷ്ടപ്പെട്ട നമ്മുടെ മുസ്‌ലിം ബുദ്ധിജീവികൾക്ക് ആയിരത്തി നാന്നൂറ് വർഷങ്ങൾക്ക് മുമ്പുള്ള സാങ്കേതികവിദ്യയെപറ്റി മറന്നുപോകുന്നു. റസൂൽ തിരുമേനി (സ) ജനിക്കുന്ന കാലത്ത് ഗോത്രവർഗ്ഗജീവിതം നയിച്ചിരുന്ന അറബികളിൽ എഴുത്ത് വിദ്യ അത്യപൂർവ്വമായിരുന്നു. അതുകൊണ്ടാണല്ലോ ആ ജനതയെ വിശുദ്ധ ഖുർആൻ 'നിരക്ഷരർ' എന്ന് വിശേഷിപ്പിച്ചത്. മാത്രമല്ല ലിപി വിജ്ഞാനം എന്നത് ഒരു സാമൂഹ്യജ്ഞാനമായതിനാൽ ഒറ്റതിരിഞ്ഞ് എഴുത്ത് വിദ്യ കരസ്ഥമാക്കാനും സാധ്യമല്ല. ഒരു സർഗ്ഗകലയായോ അല്ലെങ്കിൽ ഗോത്രങ്ങൾ തമ്മിലോ, രാജാക്കന്മാർ തമ്മിലോ ഉള്ള നയതന്ത്രകരാറുകൾ രേഖപ്പെടുത്താൻ ഉന്നത വൃത്തങ്ങളിൽ മാത്രം പ്രചാരണമുള്ള ഒരു സമ്പ്രദായമോ ആയിരിക്കാം അന്നത്തെ എഴുത്ത് കല. വ്യാപകമായ വിജ്ഞാന വിനിമയവും സാഹിത്യപ്രവർത്തനത്തിനും എഴുത്ത് വിദ്യ ഉപയോഗിച്ചിരുന്നില്ല എന്ന് തീർച്ചയാണ്. അതിലെ പല സാങ്കേതിക ഉപാധികളും വേണ്ടവിധം അക്കാലത്ത് വികസിച്ചിരുന്നില്ല.

റസൂൽ തിരുമേനി(സ) സാക്ഷരനായിരുന്നു എന്ന് തെളിയിക്കാൻ പുരോഗമനവാദികളായ മുസ്‌ലിം പണ്ഡിതന്മാർ ഉന്നയിക്കുന്ന ഒരു വാദം ഹുദൈബിയ്യാ സന്ധിവേളയിൽ എഴുതപ്പെട്ട കരാർ റസൂൽ തിരുമേനി മായ്ക്കുകയും തിരുത്തിയെഴുതുകയും ചെയ്തു എന്നതാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) പ്രസ്തുത ഹദീസ് ഉദ്ധരിച്ച് നടത്തിയ പരാമർശം ശ്രദ്ധിക്കുക.

'ഹുദയ്ബിയാ സന്ധി എഴുതുന്നതിന്നായി സുഹൈലും ഹ: അലി(റ)യും തയ്യാറായി. റസൂൽ തിരുമേനി (സ) പറഞ്ഞു. 'ബിസ്മില്ലാഹിർറഹ്മാനിറഹിം' (പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്നെഴുതുക എന്ന് ആജ്ഞാപിച്ചു. അപ്പോൾ സുഹൈൽ റസുലുല്ലാഹ് എന്ന വാക്കു ഞങ്ങൾ വിശ്വസിക്കാത്ത ഒന്നാണ്. അതുകൊണ്ട് തന്നെ റസുലുല്ലാ എന്ന വാക്കെഴുതാൻ പറ്റുകയില്ല. അതുകൊണ്ട് മുഹമ്മദുബിൻ അബ്ദുല്ലാ എന്നെഴുതുക എന്നു പറഞ്ഞു. അപ്പോൾ തിരുമേനി(സ) നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ റസുലുല്ലാഹ് ആണ്, അതോടൊപ്പം ഞാൻ മുഹമ്മദുബിൻ അബ്ദുല്ലായും ആണ്. അതുകൊണ്ട് ഈ സന്ധി മുഹമ്മദ് ബിൻ അബ്ദുല്ലായോടാണ് എന്നെഴുതുക എന്ന് പറഞ്ഞു. ഇതിന്നിടയിൽ ഹദ്റത്ത് അലി (റ) മുഹമ്മദുർ റസൂലുല്ലാഹ് എന്നെഴുതിപ്പോയിട്ടുണ്ടായിരുന്നു. ഹദ്റത്ത് അലി യോട് ഹ: മുഹമ്മദ് നബി (സ) അദ്ദേഹം എഴുതിയപ്പോയ മുഹമ്മദു റസൂലുല്ലാഹ് മായിച്ചുകളയുവാനും മുഹമ്മദുബിൻ അബ്ദുല്ലാ എന്നെഴുതാനും അരുൾ ചെയ്തു. അപ്പോൾ ഹദ്റത്ത് അലി (റ) യാറസൂലല്ലാഹ് ഞാൻ അങ്ങയുടെ നാമത്തോടൊപ്പമുള്ള റസൂലുല്ലാഹ് എന്ന മാക്കുമായിരിക്കുന്നതല്ല എന്നു രോഷത്തോടെ പറഞ്ഞു. അദ്ദേഹത്തിന്റെ അപ്പോഴത്തെ അവസ്ഥ കണ്ട റസൂൽ തിരുമേനി(സ) ശരി, നീ വായിക്കുന്നില്ലെങ്കിൽ എനിക്കു തരൂ. ഞാൻ വായിക്കുന്നതാണെന്നു പറഞ്ഞു പ്രസ്തുത പത്രം വാങ്ങി പ്രസ്തുത വാക്കെഴുതിയതെവിടെയാണെന്നു ചോദിച്ചു ആ സ്ഥലം സ്വന്തം കൈകൊണ്ടു മായിക്കുകയും ഇബ്നു അബ്ദുല്ല എന്നെഴുതുകുയും ചെയ്തു. (ബുഖാരി കിതാബുൽ മഗാസി, മുസ്‌ലിം അദ്ധ്യായം സുലഹ് ഹുദൈബിയ) ഹദ്റത്ത് റസൂൽ തിരുമേനി(സ) അക്ഷരജ്ഞാനമില്ലാത്ത സ്ഥിതിക്കു അദ്ദേഹം അങ്ങനെ ഇബ്നു അബ്ദുല്ലാ എന്നെഴുതി എന്ന സംശയം ഉദിക്കാവുന്നതാണ്. എന്നാൽ അദ്ദേഹത്തിന്നു തന്റെ പേരിന്റെ അക്ഷരങ്ങൾ എന്തൊക്കെയാണെന്നു മനസ്സിലാക്കാവുന്നതാണല്ലോ. അതിന്നു വിദ്യാലയങ്ങളിൽ പോയി പഠിക്കേണ്ടതില്ലല്ലോ. നിരക്ഷരകുക്ഷികളായ പലർ ക്കും വികൃതമായ രീതിയിൽ തങ്ങളുടെ പേരു മാത്രമെങ്കിലും എഴുതാൻ സാധിക്കുന്നതായി നാം കാണുന്നുണ്ടല്ലോ. കൂടാതെ അറബിഭാഷാശൈലിയിൽ 'യക്തുബു' എന്നതിന്നു എഴുതിക്കുക എന്നുമർത്ഥമുണ്ട്. ഹദ്റത്ത് അലി(റ)ക്കു റസൂലുല്ലാഹ് എന്ന പദം മായിക്കുന്നതിലായിരുന്നു എതിർപ്പുണ്ടായിരുന്നത്. ഇബ്നു അബ്ദുല്ല എന്നെഴുതുന്നതിലായിരുന്നില്ല. അതുകൊണ്ട് ഇബ്നു അബ്ദുല്ലാ എന്ന പേര് അദ്ദേഹത്തെ ക്കൊണ്ട് എഴുതിക്കാവുന്നതാണല്ലോ.

(ഖാതമുന്നബിയ്യീൻ പേജ്: മിർസാ ബശീർ അഹ്മദ് എം.എ. 764, 765)

റസൂൽ തിരുമേനി(സ) എഴുത്തും വായനയും പഠിച്ചയാളാണെന്നതിന് ഉന്നയിക്കുന്ന മറ്റൊരു വാദം ഹദ്റത്ത് മുആവിയ (റ)നോട് റസൂൽ തിരുമേനി(സ) ت,ب എന്നീ അക്ഷരങ്ങൾ വടിവോടെ എഴുതുവാൻ താക്കീത് ചെയ്തു എന്ന ഹദീസ് അവലംബിച്ചുകൊണ്ടുള്ളതാണ്. അബ്ബാസിയ്യാ കാലഘട്ടത്തിൽ ഉമയാദുകളെ പറ്റി അപകീർത്തികരമായ നിരവധി ഹദീസുകൾ കെട്ടിച്ചമച്ചിട്ടുണ്ട്. അക്കൂട്ടത്തിൽപ്പെട്ടതായിരിക്കും ഈ ഹദീസ് എന്നാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ നിഗമനം.

അമവിയ്യാ കുടുംബത്തിലെ സാക്ഷരനും പ്രഗത്ഭനും കുലീനനുമായ മുആവിയാക്ക് ت,ب എന്നീ അക്ഷരങ്ങൾ പോലും എഴുതാൻ അറിയില്ല എന്നു വരുത്തി ത്തീർക്കാൻ പിൽക്കാലത്ത് അബ്ബാസികൾ പടച്ചുണ്ടാക്കിയതായിരിക്കാം ഈ ഹദീസ് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ചിലപ്പോൾ ഖുർആൻ ഓതുമ്പോൾ ഓത്തന്മാരുടെ ഓത്ത് മുറിഞ്ഞുപോകാറുണ്ട്. ഒരിക്കൽ റസൂൽ തിരുമേനി(സ) അതിന്റെ കാരണം ചോദിച്ചപ്പോൾ ت,ب

എന്നീ അക്ഷരങ്ങൾ വ്യക്തമാകാത്തത് കൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് മറുപടി കിട്ടി. ഒരുപക്ഷേ അത്തരം സന്ദർഭത്തിൽ അതെഴുതിയ മുആവിയ യോടു വ്യക്തമായി എഴുതണമെന്ന് റസൂൽ തിരുമേനി ഉപദേശിച്ചതുമാകാം, ഈ ഹദീസിന് കാരണമെന്നും ഖലീഫത്തുൽ മസീഹ് രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റൊരു വാദം, 'ഇഖ്റഅ്' എന്ന ഖുർആന്റെ ആദ്യവചനം, വായിക്കാനുള്ള ആദ്യത്തെ ആഹ്വാനമായിരുന്നു, ഇത് പ്രകാരം റസൂൽ തിരുമേനി വായന പഠിച്ചിരിക്കണം എന്നാണ് 'ഇഖ്റഅ്' എന്ന പദത്തിന് 'വായിക്കുക' എന്ന അർത്ഥത്തിനുപുറമെ 'ഓതുക' എന്നു കൂടി അർത്ഥവുമുണ്ട്. റസൂൽ തിരുമേനി (സ)ക്ക് 'ഇഖ്റഅ്' എന്ന ആദ്യവെളിപാട് ലഭിച്ച അവതരണ സന്ദർഭത്തിന്റെ ന്യായം വെച്ച് ഒരിക്കലും 'വായിക്കുക' എന്ന അർത്ഥം സംഗതമാവില്ല. 'ഓതുക' എന്ന അർത്ഥമാണ് അവിടെ ഏറ്റവും അനുയോജ്യമായിരിക്കുക. കാരണം മലക്ക് ജിബ്രീൽ എഴുതി തയ്യാറാക്കിയ ഒരു പത്രികയോ ഫലകമോ റസൂൽ തിരുമേനി (സ) മുമ്പിൽ പ്രദർശിപ്പിച്ച് വായിക്കാൻ പറഞ്ഞതല്ലല്ലോ. അതുകൊണ്ടാണ് ഇവിടെ ഓതുക എന്ന അർത്ഥമാണ് ചേരുക എന്ന് പറയുന്നത്. ''ഖറഅ" എന്ന പദത്തിൽ നിന്നും നിഷ്പന്നമായ 'ഖാരി' എന്ന പദത്തിന്, 'ഖുർആൻ മനപ്പാഠത്തോടെ ഓതുന്നയാൾ' എന്നാണ് അർത്ഥം. അന്ധന്മാരായ ഖുർആൻ ഓത്തന്മാർക്കും 'ഖാരി' എന്നാണ് പറയുക.

## നിരക്ഷരത: റസൂൽ തിരുമേനി(സ)യുടെ യോഗ്യത

വിശുദ്ധ ഖുർആന്റെ സാഹിത്യ ഗരിമയും തത്വജ്ഞാനപൂർണതയും അത്യുജ്വലമായ പ്രതിപാദനശൈലിയും അന്നത്തേപോലെ ഇന്നും അജയ്യമാണ്. പൂർവ്വവേദങ്ങളിൽ നിന്നുള്ള ചരിത്രകഥകൾ ഖുർആനിൽ മുഴുക്കെ നിറഞ്ഞു കിടക്കുകയും ചെയ്യുന്നു. ഈ ഘടകങ്ങൾ റസൂൽ തിരുമേനി(സ) ആരിൽ നിന്നോ പഠിച്ചു ഖുർആൻ രചിച്ചതാണെന്ന വാദം അക്കാലത്ത് തന്നെ ഇസ്‌ലാമിന്റെ ശത്രുക്കൾ ഉയർത്തിയിരുന്നു. ആ ആരോപണം തന്നെയാണ് വളരെ വിദഗ്ധമായ രീതിയിൽ ഓറിയന്റലിസ്റ്റുകളും ക്രിസ്ത്യൻ വിമർശകന്മാരും റസൂൽ തിരുമേനിക്ക് നേരെ ഉന്നയിക്കുന്നത് ഖുർആനിലും ഈ ആരോപണത്തെ സംബന്ധിച്ച് പരാമർശവും വളരെ ഗഹനമായ രീതിയിൽ മറുപടിയുമുണ്ട്. ഖുർആൻ പറയുന്നു: "ഒരു മനുഷ്യനാണ് അദ്ദേഹത്തിനിത് പഠിപ്പിച്ചുകൊടുക്കുന്നതെന്ന് അവർ പറയുന്നതായി തീർച്ചയായും നാം അറിയുന്നുണ്ട്. (പക്ഷേ) ഏതൊരു മനുഷ്യനുമായി അവർ അതിനെ സംബന്ധിപ്പിക്കുന്നുവോ അയാളുടെ ഭാഷ അനറബിയാണ്. ഇതാകട്ടെ സ്പഷ്ടമായ അറബിഭാഷയാണ് (16:104). അക്കാലത്ത് അറബിഭാഷയിൽ യാതൊരു മതഗ്രന്ഥവും വിവർത്തനം ചെയ്യപ്പെട്ടിരുന്നില്ല എന്ന് മേൽ വിവരിച്ചുവല്ലോ. മാത്രമല്ല അക്കാലത്ത് ഗ്രീക്കിലോ ഹിബ്രുവിലോ ഉണ്ടായിരുന്ന ബൈബിളിലെ പ്രവാചക കഥകൾ ഖുർആനിലെ പ്രവാചകചരിത്രങ്ങളുമായി സ്ഥൂലാർത്ഥത്തിലാണ് സാമ്യതയുള്ളത് സൂക്ഷ്മമായ വിവരണങ്ങളിലും പ്രതിപാദനശൈലിയിലും ഇതിവൃത്തത്തിലുമെല്ലാം ബൈബിൾ കഥകളുമായി അത് വളരെയധികം വ്യത്യസ്തമാണ്. ഇക്കാര്യം വളരെയേറെ വിശദീകരിക്കേണ്ടതുണ്ട്. പദനിരുക്തിയും ഗഹനമായ അർത്ഥധ്വനികളുമുള്ള സ്വഛമായ അറബിഭാഷയിലുള്ള ഖുർആനിക വചനങ്ങൾ വളരെ വിശാലവും സൂക്ഷ്മവും യുക്തിപരവുമായ വിശദീകരണങ്ങൾ സ്വയം നൽ കുന്നതുമാണ്.

ചുരുക്കത്തിൽ റസൂൽ തിരുമേനിയുടെ ജ്ഞാനം പൂർണമായും ദൈവികവെളിപാടിൽ നിന്നുള്ളതാണ്. തിരുമേനി(സ)ക്ക് ലഭിച്ച സ്വഛവും നിമിത്തം ശുദ്ധവുമായ ശാബ്ദിക വെളിപാടുകളുടെ സമാഹാരമാണ് വിശുദ്ധ ഖുർആൻ. അവിടുത്തെ ജ്ഞാന സ്രോതസ്സിനെപറ്റി വിശുദ്ധ ഖുർആൻ പറയുന്നു. "അദ്ദേഹം സ്വേച്ഛയനുസരിച്ച് സംസാരിക്കുന്നില്ല. ഇത് അദ്ദേഹത്തിന് ബോധനം ചെയ്യപ്പെടുന്ന ദിവ്യസന്ദേശമല്ലാതെ മറ്റൊന്നുമല്ല. ആ മഹാശക്തൻ അദ്ദേഹത്തിന് അത് പഠിപ്പിച്ചുകൊടുത്തിരിക്കുന്നു (53:4, 5, 6). റസൂൽ തിരുമേനി(സ)യുടെ തിരുമുഖത്ത് നിന്നും വരുന്ന എല്ലാ ഉദീരണങ്ങളും ദൈവജ്ഞാന നിർഝരയായിരുന്നു. സർവ്വജ്ഞാനിയായ ദൈവമാണ് പ്രവാചകനെ പഠിപ്പിച്ചത്. നമുക്ക് മനസ്സിലാവാൻ വേണ്ടി അക്ഷരങ്ങളിൽ ഘനീഭവിച്ച് ഒരു സ്ഥൂലയാഥാർത്ഥമായി വിശുദ്ധ ഖുർആൻ നമ്മുടെ മുമ്പിൽ നിൽക്കു ന്നു. റസൂൽ തിരുമേനി (സ) ലഭിച്ച ആ പവിത്രഗ്രന്ഥത്തെ ആർക്കുവേണമെങ്കിലും മറ്റു ഗ്രന്ഥങ്ങളുമായോ മനുഷ്യയുക്തിയുമായോ മാറ്റുരച്ചു നോക്കാവുന്നതാണ്. വിശുദ്ധ ഖുർആൻ അജയ്യമാണ്. അതിന്റെ സ്വീകർത്താവിന്റെ പരിപാവനമായ ദിവ്യജ്ഞാനം മനുഷ്യകൃതമായ ഒരു ഗ്രന്ഥവിജ്ഞാനവും സ്പർശിച്ചിട്ടില്ല. അതുകൊണ്ടാണ് നബിതിരുമേനി(സ)യു ടെ നിരക്ഷരത അവിടുത്തെ അയോഗ്യതയല്ല മറിച്ച് യോഗ്യതയാണ് എന്ന് പറയുന്നത്.

## ഉപസംഹാരം

മനുഷ്യന്റെ വൈജ്ഞാനിക സമ്പത്തുമായി ഏറ്റവും കൂടുതൽ അടുത്തുനിൽക്കുന്ന ഒരു സാങ്കേതിക വിദ്യ എന്ന നിലക്ക് എഴുത്ത് വിദ്യയുടെ അപാരശക്തി കണ്ടറിഞ്ഞ റസൂൽ തിരുമേനി(സ) തന്റെ അനുചരന്മാർക്ക് എഴുത്ത് വിദ്യ അഭ്യസിപ്പിക്കാൻ ബദ്ധശ്രദ്ധനായിരുന്നു. കിട്ടിയ സന്ദർഭങ്ങളിലെല്ലാം അവിടുന്ന് തന്റെ അനുയായികളെ എഴുത്ത് വിദ്യ അഭ്യസിപ്പിക്കാനുള്ള സാഹചര്യമൊരുക്കി. യുദ്ധത്തിൽ തടവുകാരായി പിടിച്ച ശത്രുക്കളിൽ ആർക്കെങ്കിലും എഴുത്തുവിദ്യ വശമുണ്ടെങ്കിൽ അത് സ്വന്തം അനുയായികൾക്ക് പഠിപ്പിച്ചു കൊടുത്താൽ അത് മോചനദ്രവ്യമായി കണക്കാക്കി യുദ്ധതടവുകാ

രായി പിടിച്ച ശത്രുക്കളെ തിരുമേനി സ്വതന്ത്രരാക്കുമായിരുന്നു. ഖുർആൻ എഴുതി രേഖപ്പെടുത്താൻ റസൂൽ തിരുമേനി(സ) പ്രത്യേകം നിഷ്കർഷിച്ചിരുന്നു. അതിന്നായി പതിനഞ്ചോളം അനുചരന്മാരെ റസൂൽ തിരുമേനി(സ) പ്രത്യേകം തയ്യാറാക്കിയിരുന്നതായി ഫത്ഹുൽ ബാരിയിൽ രേഖപ്പെടുത്തുന്നു. ചുരുങ്ങിയ കാലം കൊണ്ട് അറബ് സമൂഹത്തെ സാക്ഷരരാക്കി തീർത്തത് റസൂൽ തിരുമേനി (സ)യുടെ ആഹ്വാനം കൊണ്ടായിരുന്നു. അക്ഷരമെഴുത്ത് വിദ്യയുടെ സൽഫലങ്ങൾ ലോകമെമ്പാടും പിന്നീട് അറബികളാണ് വ്യാപകമായി പ്രചരിപ്പിച്ചത്. നിരവധി അറബിയേതര ഭാഷകളും അറബി ലിപികൾ സ്വീകരിക്കുകയുണ്ടായി. അപ്പോഴേക്കും മനുഷ്യവിജ്ഞാനശേഖരം അതിബൃഹത്തായ രൂപത്തിൽ വളർന്നു കഴിഞ്ഞിരുന്നു. എന്തിനധികം പതിനഞ്ചാം നൂറ്റണ്ടിൽ വാസ്ഗോഡ ഗാമ കോഴിക്കോട് കപ്പലിറങ്ങിയപ്പോൾ സാമൂതിരിക്ക് സ്വയം പരിചയപ്പെടുത്താൻ ഒരു അറബി കത്തുമായിട്ടായിരുന്നു വന്നത്. റസൂൽ തിരുമേനി(സ)യുടെ ഈ ആഹ്വാനം ഏറ്റവും കൂടുതൽ പ്രതിഫലിച്ചത് ശാസ്ത്രങ്ങളുടെ രാജ്ഞിയായ ഗണിത ശാസ്ത്രത്തിലായരുന്നു. ദശാംശ സമ്പ്രദായത്തിൽ വികസിച്ച സംഖ്യകളെ 'അറബി അക്കങ്ങൾ' (Arabic Numerals) എന്നാണ് പിന്നീട് ലോകം വിളിച്ചത്. അതുപോലെ എഴുത്തുവിദ്യ ഇത്രയും കലാപരമായി അറബിയെപോലെ വികസിച്ച മറ്റൊരു ലിപി വ്യവസ്ഥ ലോകത്തില്ല. അറബിക് കാലിഗ്രാഫി അഥവാ ലേഖനകലാ വിദ്യയുടെ കലാസൗന്ദര്യം നമ്മെ വിസ്മയഭരിതരാക്കും.

ചുരുക്കത്തിൽ ആശയങ്ങളുടെ വാഹനമായ ഭാഷയെ സംഭരിച്ചുവെക്കാനും വഹിച്ചുകൊണ്ടുപോകാനും മനുഷ്യൻ കണ്ടെത്തിയ ഒരു സാങ്കേതിക വിദ്യയായിരുന്നു എഴുത്തുകല. ആധുനികകാലത്തെ വിവര സാങ്കേതിക വിപ്ലവം വീണ്ടും വരമൊഴിയെ പിന്തള്ളി വായ്മൊഴിക്ക് അധീശത്വം നേടിക്കൊടുക്കുമോ? ടെലിഫോണും വോയ്സ് മെയിലും, ഇന്റർനെറ്റ് ചാറ്റിംങ്ങും, പേപ്പർ ലെസ്സ് ഓഫീസും മൾട്ടി മീഡിയയും, വരമൊഴിയെ ഒരു പഴംങ്കഥയാക്കി മാറ്റുമോ? ആളുകൾ ഇപ്പോൾ തന്നെ പരസ്പര വിനിയമത്തിന് കത്തെഴുത്ത് നിർത്തിയ മട്ടാണ്. ശബ്ദവിനിമയത്തെയാണ് ആശ്രയിക്കുന്നത്. കച്ചവടസ്ഥാപനങ്ങൾ കണക്കെഴുത്തും നിർത്തി പകരം കമ്പ്യൂട്ടറുകളായി. ഈയ്യിടെ ഇന്ത്യ വിക്ഷേപിച്ച 'എഡ്യുസാറ്റ്' അദ്ധ്യാപകനും വിദ്യാർത്ഥികളും തമ്മിൽ ഇന്ററാക്റ്റ് ചെയ്തുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിച്ചിരിക്കുന്നു. നമ്മുടെ കേരളത്തിലും ഈ അദ്ധ്യയന വർഷം മുതൽ 'എഡ്യുസാറ്റി'ന്റെ സേവനം ലഭ്യമാകും. പഴയ ഗുരുകുലത്തെപോലെ ശിഷ്യൻ ഗുരുവിനെ തേടി ഗുരുവിന്റെ വീട്ടിൽ പോകേണ്ട. പകരം ഗുരു ശിഷ്യനെ തേടി വരും. ആധുനിക ഇൻഫർമേഷൻ ടെക്നോളജി സാക്ഷരനായ മനുഷ്യനെ വീണ്ടും നിരക്ഷരനാക്കുമോ? ആ കാലം സമാഗതമായാലെങ്കിലും നമ്മുടെ പുരോഗമനാവാദികളായ മുസ്ലിം ബുദ്ധിജീവികൾക്ക് റസൂൽ തിരുമേനി (സ) നിരക്ഷനായതിന്റെ പേരിലുള്ള ബേജാറ് തീരുമായിരിക്കുമെന്ന് നമുക്ക് സമാധാനിക്കാം.

■

---

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

ടുക്കേണ്ടതായിരുന്നില്ലേ? ഈ മഹാത്ഭുതം, മരിച്ചെഴുന്നേറ്റ് വന്നവർക്കും,ആ മരിച്ചയാളുകൾ സ്വയം ജീവിച്ച് കബ്റുകളിൽ നിന്നെഴുന്നേറ്റ് പട്ടണങ്ങളിൽ പ്രവേശിച്ചതായിരിക്കണ്ടെ. അവരുടെ ബന്ധുക്കൾക്കും ഒരു ഫലവും ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.

വാസ്തവമെന്താണെന്നുവെച്ചാൽ സ്വപ്നശാസ്ത്രഗ്രന്ഥമനുസരിച്ച് മരിച്ചു മറയടക്കപ്പെട്ടവർ കബ്റുകളിൽ നിന്ന് എഴുന്നേറ്റ് പട്ടണങ്ങളിൽ വരുന്നതായി സ്വപ്നം കാണാൻ അതിന്റെ അർത്ഥം അക്കാലത്തുള്ള സൽസ്വഭാവക്കാർ തടവിൽ നിന്ന് മോചിതകരാകും എന്നാണ്. അപ്പോൾ സ്വയം തടവിലായിരുന്ന അദ്ദേഹമോ മറ്റാരെങ്കിലുമോ ഇങ്ങനെയൊരു സ്വപ്നം അല്ലെങ്കിൽ ദർശനം കണ്ടതാകാനാണ് സാധ്യത. എന്നാൽ, പിന്നീട് വന്നവർ സ്വപ്നമെന്നോ ദർശനമെന്നോ പറയാതെ യഥാർത്ഥമായ ഉദ്ദേശ്യം മാത്രം രേഖപ്പെടുത്തി. നബി(സ) തിരുമേനിയെ സംബന്ധിച്ചും മരിച്ചവരെ ജീവിപ്പിച്ചുവെന്ന് നിരവധി നിവേദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഹദീസുഗ്രന്ഥങ്ങളിൽ അവ ഉൾപ്പെടുത്തിയിട്ടില്ല. ഇമാം ബുഖാരി (റഹ്) വലിയ വലിയ ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു ലക്ഷത്തോളം ഹദീസുകൾ സ്വരൂപിച്ചെങ്കിലും അവസാനം അവയിൽ നിന്ന് നാല്പതിനായിരം മാത്രമേ സ്വീകരിച്ചുള്ളു. ഇതു സംബന്ധമായി ഗവേഷണം നടത്തിയ വലിയ മുസ്ലിം ഗേവഷകന്മാർ മുൻകാലങ്ങളിലുണ്ടായിട്ടുണ്ട്.

**(വിവ: മുഹമ്മദ് ഇസ്മായിൽ)**

### പ്രതിഫലം

ഈ ലോകത്ത് വെച്ച് ആരെങ്കിലും ഒരു വിശ്വസിയുടെ ക്ലേശങ്ങൾ ദൂരീകരിച്ചുകൊടുത്താൽ പുനരുത്ഥാനനാളിൽ അദ്ദേഹത്തിന്റെ ക്ലേശങ്ങളെ അല്ലാഹു ദൂരീകരിക്കുന്നതാണ്. ഏതൊരാൾ ഒരു മുസ്ലിമിന്റെ ദൗർബ്ബല്യത്തെ മറച്ചുവെക്കുന്നുവോ അയാളുടെ ദൗർബ്ബല്യങ്ങൾ ഇഹലോകത്തും പരലോകത്തും അല്ലാഹു മറച്ചുവെക്കുന്നതാണ്. ഏതൊരാൾ വിജ്ഞാനമാർജ്ജിക്കാനുള്ള മാർഗ്ഗത്തിൽ പ്രവേശിക്കുന്നുവോ അതിന്റെ ഫലമായി അല്ലാഹു അയാൾക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കുന്നു.

*ബുഖാരി*

ലേഖനം

# ഈസാനബി : അദ്ദേഹമിപ്പോൾ ജീവിച്ചിരിപ്പുണ്ടോ? ഇങ്ങോട്ട് തിരിച്ചുവരുമോ?

സി.എൻ. അഹ്മദ് മൗലവി

**കേരളത്തിലെ സമുന്നതരായ മുസ്‌ലിം പണ്ഡിതന്മാരിലൊരാളായിരുന്നു മർഹും സി.എൻ. അഹ്മദ് മൗലവി സാഹിബ്. ഭൂരിപക്ഷ മുസ്‌ലിം പണ്ഡിതന്മാരിൽ നിന്നും വ്യത്യസ്തനായി ഈസാ നബി (അ) മരിച്ചുപോയി എന്ന് ശക്തമായ തെളിവുകൾ നിരത്തി അദ്ദേഹം സ്ഥാപിക്കുന്നു.**

ഹദീസുകൾ പരിശോധിച്ച് ശരിയും തെറ്റും വേർതിരിച്ചെടുക്കുവാൻ, ഹദീസ് പരിശോധനാവിദഗ്ധന്മാർ ചില അളവുകോലുകൾ നമ്മുടെ കയ്യിൽത്തന്നിട്ടുണ്ട്. ആ അളവുകോലുകൾകൊണ്ട് അളന്നുനോക്കിയിട്ടുവേണം ഏത് ഹദീസും നമുക്ക് സ്വീകരിക്കുവാൻ. ഇതെപ്പോഴും നമുക്കോർമ്മയുണ്ടായിരിക്കണം. തിരുമേനിയുടെ പേരിൽ ഹദീസുകൾ കെട്ടിയുണ്ടാക്കിയതിൽ ഒരു വലിയ പങ്ക് വഹിച്ചത് ജൂതന്മാരും ക്രിസ്ത്യാനികളുമാണെന്ന് മുമ്പ് നാം ഉണർത്തിയിട്ടുണ്ട്. അത് വായിച്ചശേഷം 1405 –ാം നമ്പർ ഹദീസൊന്നെടുത്ത് വായിച്ചുനോക്കുക. എന്താണതിൽ പറയുന്നത്? ''ഇസ്രാഈല്യരുടെ വാർത്തകൾ നിങ്ങൾ രിവായത്ത് ചെയ്തുകൊള്ളുക; അതിൽ ദോഷമൊന്നുമില്ല" എന്ന് തിരുമേനി ശിഷ്യഗണങ്ങളെ ഉൽബോധിപ്പിച്ചുവെന്ന്! കഥയെങ്ങിനെയുണ്ട്! ഇസ്രാഈല്യരുടെ കുത്തിത്തിരിപ്പുകൾ, ഖുർആനോടും നബിയോടും അവർക്കുള്ള അസൂയ, ഇസ്‌ലാമിനെ തകർക്കാൻ ഒളിഞ്ഞും അവർ നടത്തിക്കൊണ്ടിരുന്ന ശ്രമങ്ങൾ, അവർ വെച്ചുപുലർത്തിക്കൊണ്ടുപോന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങളാലും സൂചനകളാലും നിറയപ്പെട്ടതാണ് ഖുർആൻ. എന്നിട്ട് ആ ഖുർആന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിക്കുവാൻ വന്ന ദൈവദൂതൻ ഉപദേശിക്കുന്നതോ, ഇസ്രാഈല്യരുടെ പക്കൽ നിന്ന് കിട്ടുന്ന ഏത് വാർത്തയും സ്വീകരിക്കുകയും നിങ്ങളുടെ സന്താനങ്ങളെ പഠിപ്പിക്കുകയും ചെയ്തുകൊള്ളുക എന്ന്! ഇസ്‌ലാമിനെ തകർക്കാൻ ഇനി വല്ലതും വേണ്ടതുണ്ടോ?

വേഗം മനസ്സിലാക്കാൻ ഞാനൊരുദാഹരണം ചൂണ്ടിക്കാണിക്കാം. ഒരു മനുഷ്യൻ ചെയ്യുന്ന പാപത്തിന് മറ്റൊരു മനുഷ്യൻ ഉത്തരവാദിയാവുകയില്ലെന്നത് ഖുർആന്റെ ഒരു പ്രഖ്യാപിത (6:164) സിദ്ധാന്തമാണ്. എന്നാൽ നമ്മുടെ ചില മതഗ്രന്ഥങ്ങളെടുത്തു നോക്കുക. ഈ സിദ്ധാന്തത്തിന് കടകവിരുദ്ധമായ്ക്കൊണ്ട് വിധിയെഴുതിയിരിക്കുന്നത് കാണാം. ആദം വിലക്കപ്പെട്ട പഴം തിന്നുക നിമിത്തം ആദമിന്റെ സന്താനങ്ങളെല്ലാം പാപികളായ്ക്കൊണ്ടാണ് ജനിക്കുന്നത്; ഇനിയവരെ ശുചീകരിച്ചെടുത്തെങ്കിലേ ആ പാപമാലിന്യങ്ങളിൽ നിന്ന് അവർ മുക്തരാവുകയുള്ളൂ; അതിന്നാണ് ഇന്നിന്ന കർമ്മങ്ങൾ നിശ്ചയിച്ചിരിക്കുന്നതെന്ന് ക്രിസ്ത്യാനികൾ പറയുന്നു. അതേ സിദ്ധാന്തമാണ് നമ്മുടെ ചില മതഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിവെച്ചിരിക്കുന്നത്. ആദം പഴം പറിക്കാൻ കാലുകൊണ്ട് നടന്നുപോയി; കണ്ണുകൊണ്ട് നോക്കി; കൈക്കൊണ്ട് പഠിച്ച്; വായ കൊണ്ട് തിന്നു, അതുകൊണ്ടാണ് വുളുവിൽ കൈകാലുകളും കണ്ണ്, വായയും മൂക്കുമെല്ലാം ശുചീകരിക്കാൻ കല്പിച്ചിരിക്കുന്നത്. ഇതാണ് നമ്മുടെ ചില മതഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നത്. ഇതിന്റെ ഗുരുനാഥന്മാർ ക്രിസ്ത്യാനികളല്ലാതെ മറ്റാരുമല്ലെന്നത് തീർച്ചയാണല്ലോ. കാരണം, ഈ സിദ്ധാന്തം ഖുർആൻ തള്ളിക്കളഞ്ഞ ഒന്നാണ്. മാത്രമല്ല, മനുഷ്യൻ പാപിയായ്ക്കൊണ്ട് ജനിക്കുക മൂലം അവനെ ശുദ്ധീകരിച്ചെടുക്കാനുള്ള നടപടികളെ ഖുർആൻ കളിയാക്കി വിടുക കൂടി (2:138)

ചെയ്തിരിക്കുന്നു; ആ സ്ഥിതിക്ക് ഈ സിദ്ധാന്തം ഇസ്ലാമിലേക്ക് എങ്ങനെ നുഴഞ്ഞുകയറി? ക്രിസ്ത്യാനികൾ മുഖേന തന്നെ!

ഇതേപ്രകാരം ക്രിസ്ത്യാനികളിൽ നിന്ന് മുസ്ലിംകളുടെയിടയിലേക്ക് നുഴഞ്ഞുകയറിയ ഒന്നുതന്നെയാണ് ഈസാനബിയെക്കുറിച്ച് ഇന്ന് മുസ്ലിം ബഹുജനങ്ങളിലുള്ള ധാരണയും.

ഈസാനബി(അ) ഒരു നബി മാത്രമായിരുന്നു. മറ്റു നബിമാരെപ്പോലെത്തന്നെ അദ്ദേഹവും ജീവിച്ചു. മറ്റ് നബിമാരെ ശത്രുക്കൾ അലട്ടിക്കൊണ്ടും മർദ്ദിച്ചുകൊണ്ടുമിരുന്നപോലെത്തന്നെ അദ്ദേഹത്തേയും മർദ്ദിച്ചു. അവസാനം അദ്ദേഹത്തിന്റെ കഠിനശത്രുക്കളായിരുന്ന ജൂതന്മാർ അദ്ദേഹത്തെ ക്രൂശിക്കാൻ വട്ടം കൂട്ടി. അങ്ങനെ അദ്ദേഹം ക്രൂശിക്കപ്പെട്ടുവെന്നും മൂന്ന് ദിവസം മരിച്ചു കിടന്നതിനുശേഷം ഉയിർത്തെഴുന്നേറ്റെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഉയിർത്തെഴുന്നേറ്റശേഷം അദ്ദേഹം തന്റെ ശിഷ്യന്മാർക്കിടയിൽ പ്രത്യക്ഷപ്പെടുകയും അവർക്കുപദേശനിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയും അവരോടൊപ്പം ആഹാരം കഴിക്കുകയും ചെയ്തുവെന്നും, താൻ യേശുക്രിസ്തു തന്നെയാണെന്ന് പല നിലക്കും അവരെ ബോധ്യപ്പെടുത്തിയെന്നും മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരെഴുതിയ സുവിശേഷങ്ങളിൽ വ്യക്തമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ക്രൂശിക്കപ്പെട്ടശേഷം 40 ദിവസം കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹത്തെ മാലാഖന്മാർ സ്വർഗ്ഗലോകത്തേക്ക് കൊണ്ടുപോയെന്നും അദ്ദേഹമിപ്പോൾ ദൈവത്തോടൊപ്പം ഇരിക്കുകയാണെന്നും ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

ഈ വിശ്വാസം അപ്പടി മുസ്ലിംകളിലേക്ക് പകർന്നു. ഒരു വ്യത്യാസം മാത്രം. ഈസാനബിയെ ശത്രുക്കൾക്ക് കുരിശിലേറ്റിയിട്ടോ മറ്റു നിലക്കോ കൊല്ലാൻ കഴിഞ്ഞിട്ടില്ല എന്ന് ഖുർആൻ സ്പഷ്ടമായ ഭാഷയിൽ പ്രഖ്യാപിച്ചിരിക്കെകൊണ്ട് (4:157) അതപ്പടി സ്വീകരിക്കാൻ നിന്നില്ല. അതു മാത്രമങ്ങ് വിട്ട് ബാക്കിയുള്ളതെല്ലാം സ്വീകരിച്ചു. ഇനി ലോകാവസാനം യേശുക്രിസ്തു ഈ ലോകത്തേക്കുതന്നെ മടങ്ങിവരുമെന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. അങ്ങിനെ മടങ്ങിവന്നശേഷം ന്യായവും നീതിയുമെല്ലാം നടപ്പിൽ വരുത്തുകയും അനീതിയേയും അക്രമത്തേയും അടിച്ചമർത്തുകയും ചെയ്യുമെന്നും. അതും മുസ്ലിംകൾ അതേപടി ഏറ്റുപാടി. ഇപ്പോൾ ക്രിസ്ത്യാനികളെപ്പോലെത്തന്നെ മുസ്ലിംകളും ഈസാനബി തിരിച്ചുവരുന്നത് കാത്തുകൊണ്ടിരിക്കുകയാണ്. ചെറുകുട്ടികൾക്ക് പഠിപ്പിക്കുന്ന പ്രാഥമിക മതപാഠപുസ്തകങ്ങളിൽപ്പോലും ഈ സിദ്ധാന്തം അങ്ങ് തിരുകിക്കയറ്റിവെച്ചാൽ പിന്നീട് ആ വിശ്വാസത്തിന്നുണ്ടാകുന്ന ധാർഢ്യം പറയേണ്ടതുണ്ടോ!

വാസ്തവത്തിൽ നാം വലിച്ചിഴച്ചിട്ടെന്തു പ്രയോജനം? ഖുർആന്റ സിദ്ധാന്തങ്ങൾ മനസ്സിരുത്തിപ്പഠിക്കുന്ന പതിവ് എത്രയോ നൂറ്റാണ്ടുകളായി മുസ്ലിംകളിൽ നിന്ന് വിട്ടുപോയി; മുസ്ലിം പണ്ഡിതന്മാരുടേയും പാമര ജനങ്ങളേയുമെല്ലാം പ്രമാണം ഓരോ കാലങ്ങളിൽ എഴുതപ്പെട്ട മതപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളാണ്. ആ സ്ഥിതിക്ക് നൂറ്റാണ്ടുകളും തലമുറകളുമായി ജീവിച്ച മുസ്ലിംകളോട് ഇന്ന് മറിച്ചുപറഞ്ഞാൽ ഫലമെന്തായിരിക്കുമെന്ന് പറയേണ്ടതില്ലല്ലൊ. പക്ഷെ ഇസ്ലാമിന്റെ പരിശുദ്ധവും പരമസുന്ദരവുമായ രൂപം ലോകത്തിന്നു മുമ്പിൽ വെക്കുമ്പോൾ നമുക്കത് ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. ഏറ്റവും ചുരുങ്ങിയത് ഇസ്ലാമിന്റെ പേരിൽ ചുമത്തിയ തെറ്റായ ഒരാരോപണം ചൂണ്ടിക്കാണിക്കുകയെങ്കിലും ചെയ്ത് അല്ലാഹുവിന്റെ മുമ്പിൽ നമ്മുടെ ബാധ്യത നിർവ്വഹിക്കുവാനും നമ്മുടെ നിരപരാധിത്യം തെളിയിക്കുവാനും നാം ആഗ്രഹിക്കുന്നു.

ഈസാനബി ഇന്ന് ജീവിച്ചിരിക്കുന്നുണ്ടോ? ഇനിയിങ്ങോട്ടു തിരിച്ചുവരുമോ? മുസ്ലിംകൾക്കിടയിൽ – വിശിഷ്യാ മുസ്ലിം ബുദ്ധിജീവികൾക്കിടയിൽ – ഇന്നൊരു ചിന്താവിഷയമാണിത്. അതിനുള്ള മറുപടിയാണ് താഴെ കാണിക്കുന്നത്:

ഈസാനബിയെ ആകാശത്തേക്കുയർത്തിയിരിക്കയാണെന്നോ ലോകാവസാനം അദ്ദേഹമിങ്ങോട്ട് തിരിച്ചുവരുമെന്നോ ഖുർആനിൽ പറഞ്ഞിട്ടില്ല. നേരെമറിച്ച് ക്രിസ്ത്യാനികൾ വിശ്വസിക്കുംപോലെ, അദ്ദേഹത്തെ ആകാശത്തേക്ക് ഉയർത്തിക്കൊണ്ട് പോവുകയോ ഒരു കാലത്ത് അദ്ദേഹം ഇങ്ങോട്ട് തിരിച്ചുവരുകയോ ചെയ്കയില്ല എന്നതിന്ന് വ്യക്തവും ഖണ്ഡിതവുമായ തെളിവുകളാണ് ഖുർആൻ നിരത്തിവെച്ചിരിക്കുന്നത്. നമുക്കതൊന്ന് കണ്ണു തുറന്നുനോക്കാൻ സന്മനസ്സുണ്ടായാൽ മാത്രം മതി.

ഈസാനബി അവസാനം തിരിച്ചുവരും, എന്നിട്ട് പന്നിയെ കൊല്ലും, കുരിശ് തല്ലിയുടക്കും ജിസ്യ ദുർബ്ബലപ്പെടുത്തും എന്നെല്ലാമാണല്ലോ ഹദീസുകൾ (1009) പറയുന്നത്. അതു ശരി തന്നെയാണോ? ശരിയായിരിക്കാൻ പാടുണ്ടോ? ഖുർആന്റെ സിദ്ധാന്തങ്ങളും പ്രസ്താവനകളുമായി അത് യോജിക്കുന്നുണ്ടോ? ഒന്ന് ചിന്തിച്ചു നോക്കുക. നിങ്ങൾ ഇതിനു മുമ്പ് ശ്രദ്ധിച്ചിട്ടില്ലെങ്കിൽ ഇപ്പോഴെങ്കിലും ശ്രദ്ധിക്കുക. ഖുർആൻ 5–ാം അദ്ധ്യായം 116, 117 എന്നീ വാക്യങ്ങളൊന്നെടുത്ത് മനസ്സിരുത്തി വായിച്ചുനോക്കുക. എന്താണതിൽ പറയുന്നത്? നിങ്ങൾ വെച്ചു പുലർത്തിക്കൊണ്ടിരിക്കുന്ന സംശയങ്ങൾക്ക് സ്പഷ്ടവും ഖണ്ഡിതവുമായ മറുപടി തന്നെ.

പരലോകത്തുവെച്ച് അല്ലാഹു ഈസാനബിയെ വിചാരണ ചെയ്യുന്ന രംഗവും അന്നേരം ഈസാനബി ദൈവസന്നിധിയിൽ സമർപ്പിക്കുന്ന സ്റ്റെയിറ്റുമെൻറുമാണ് ആ രണ്ടുവാക്യങ്ങളിൽ എടുത്തുകാണിച്ചിരിക്കുന്നത്.

“ഓ മർയമിന്റെ മകൻ ഈസാ! അല്ലാഹുവിനെ വിട്ട് എന്നെയും എന്റെ മാതാവിനേയും ദൈവങ്ങളാക്കിവെക്കണമെന്ന് നീയാണോ ജനങ്ങളോടുപദേശിച്ചത്?” എന്ന് ഈസാനബിയോട് അല്ലാഹു ചോദിക്കുന്നു. അതിന്ന് മറുപടിയായ്ക്കൊണ്ട് ഈസാനബി നല്കുന്ന സ്റ്റെയിറ്റ്മെന്റെന്താണ്? ‘’(അല്ലുഹുവേ!) നിനക്ക് സ്തോത്രം! എനിക്ക് പറയുവാനധികാരമില്ലാത്തത് ഞാൻ പറയുകയില്ലല്ലോ. ഞാനതുപദേശിച്ചിട്ടുണ്ടെങ്കിൽ നിനക്കത് തികച്ചും അറിവുണ്ടായിരിക്കും. എന്റെ ഹൃദയത്തിലുള്ളത് നിനക്കറിയാം; നിന്നിലുള്ളത് ഞാനറിയുകയില്ല. നീ അദൃശ്യവാർത്തകളെല്ലാം അറിയുന്നവനത്രെ.” തുടർന്നുകൊണ്ടുള്ള വാകൃത്തിൽ, (117) നീയെന്നോട് കൽപിച്ചതല്ലാതെ മറ്റൊന്നും ഞാനവരെ ഉപദേശിച്ചിട്ടില്ലെന്നും ഞാനവർക്കിടയിൽ ഉണ്ടായിരുന്ന കാലമത്രയും അവരുടെ സ്ഥിതിഗതികൾ ഞാൻ മേൽനോട്ടം ചെയ്തുകൊണ്ടിരുന്നുവെന്നും പിന്നീട് നീയെന്റെ ആയുസ്സ് അവസാനിപ്പിച്ചപ്പോൾ അവരുടെ കാര്യങ്ങളെല്ലാം ഉറ്റുനോക്കിക്കൊണ്ടിരുന്നത് നീ മാത്രമാണെന്നും എനിക്കതിനെക്കുറിച്ച് അറിവോ ഉത്തരവാദമോ ഒന്നുമില്ലെന്നും ഈസാനബി അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമാധാനം ബോധിപ്പിക്കുന്നു.

ഇപ്പോൾ ഒന്നു മനസ്സിരുത്തിച്ചിന്തിച്ചുനോക്കുക. പ്രചാരത്തിലുള്ള വിശ്വാസമെന്താണ്? ഖുർആൻ പറയുന്നതെന്താണ്? അതു രണ്ടും തമ്മിൽ യോജിക്കുന്നുണ്ടോ? അല്ലെങ്കിൽ വല്ല വ്യാഖ്യാനവും നൽകി യോജിപ്പിക്കാൻ കഴിയുമോ? ഇല്ല, ഒരിക്കലുമില്ല. ഈസാനബി തിരിച്ചു വരും, എന്നിട്ട് അദ്ദേഹം ആകാശത്തേക്കുയർന്നു പോയശേഷം ക്രിസ്ത്യാനികൾ നടപ്പിൽവരുത്തിയ അനാചാരങ്ങളെയെല്ലാം അദ്ദേഹം നിർദ്ദയം തകർത്തുകളയും, കുരിശ് തന്നെ തല്ലിയുടച്ചു കളയും, പന്നിയെ കൊല്ലും എന്നെല്ലാമാണ് പ്രചാരത്തിലിരിക്കുന്ന ഹദീസിൽ പറയുന്നത്. അപ്പോൾ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ വേർപാടിന്നുശേഷം നടപ്പിൽ വരുത്തിയ അനാചാരങ്ങളെല്ലാം അദ്ദേഹം തിരിച്ചുവരുമ്പോൾ കണ്ടു മനസ്സിലാക്കും, അതിലെല്ലാം അദ്ദേഹം അമർഷം പ്രകടിപ്പിക്കും, അവസാനം അതെല്ലാം അദ്ദേഹം നശിപ്പിച്ചുകളയും. ഇതാണു ഹദീസിൽ പറയുന്നത്. ഖുർആൻ പറയുന്നതോ, നേരെ മറിച്ചും, അതായത് അദ്ദേഹം ഈ ഭൂമിയിൽ നിന്ന് വിട്ടുപോയ ശേഷം ഇവിടെ ക്രിസ്ത്യാനികൾ നടപ്പിൽ വരുത്തിയ അനാചാരങ്ങളൊന്നും അദ്ദേഹം അറിയുകയേയില്ല; അദ്ദേഹത്തെ ക്രിസ്ത്യാനികൾ ദൈവമാക്കിവെച്ച് പൂജിച്ചതുപോലും അദ്ദേഹം അറിയുകയില്ല. അവസാനം പരലോകത്ത് ഉയിർത്തെഴുന്നേറ്റ് അല്ലാഹുവിന്ന് മുമ്പിൽ ഹാജരാവുമ്പോൾ മാത്രമാണ് ക്രിസ്തീയ ലോകത്ത് നടന്ന ഈ സംഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ അറിവിൽപ്പെടുക. ചുരുക്കത്തിൽ ഖുർആന്റെ പ്രസ്താവനകൾക്ക് കടകവിരുദ്ധമായ്ക്കൊണ്ടാണ് ഹദീസ് നിലകൊള്ളുന്നത്. * അപ്പോൾ നാം ഖുർആൻ വിശ്വസിക്കേണമോ, അതല്ല ഹദീസ് വിശ്വസിക്കേണമോ? നമ്മുടെ വിശ്വാസ പ്രമാണമനുസരിച്ച് ഖുർആൻ തന്നെയാണ് നാം വിശ്വസിക്കേണ്ടത്. അതിലൊരു നിമിഷവും സംശയിച്ചു നിൽക്കേണ്ടതില്ല.

ജൂതന്മാർ ഈസാനബിയുടെ ജീവൻ അപകടപ്പെടുത്താൻ വട്ടം കൂട്ടിയപ്പോൾ അദ്ദേഹത്തെ മലക്കുകൾ ആകാശത്തേക്ക് പൊക്കിയെടുത്തുകൊണ്ടു പോയ്ക്കളഞ്ഞു. അങ്ങനെ ജൂതന്മന്മാരരെ പരാജയപ്പെടുത്തിക്കളഞ്ഞുവെന്നാണല്ലോ നാം വമ്പ് പറയുന്നത്. അല്ലാഹു പറയുന്ന വമ്പ് അങ്ങനെയല്ല. ജൂതന്മാർക്ക് അദ്ദേഹത്തെ വധിക്കാനോ ക്രൂശിച്ച് കൊല്ലാനോ കഴിഞ്ഞില്ല. അവർക്കമളി പറ്റിയെന്നും മറ്റുമാണ് ഖുർആൻ പറയുന്നത്. അവസാനം അല്ലാഹു ഈസാനബിയെ രക്ഷിച്ചതെങ്ങിനെയാണ്? അതു കണ്ടുപിടിക്കാൻ കെട്ടുകഥകളെയൊന്നും അഭയം പ്രാപിക്കേണ്ടതില്ല. ഖുർആൻ തന്നെ വ്യക്തമായ ഭാഷയിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്: “നിവാസയോഗ്യവും വെള്ളമൊഴുകുന്നതുമായ ഒരു കുന്നിന്മേൽ നാം അവർ രണ്ടുപേർക്കും (ഈസാനബിക്കും മാതാവിന്നും) അഭയം നൽകി.” (23:50). അങ്ങനെയാണ് ക്രൂരരായ ആ ജൂതന്മാരുടെ ആക്രമണങ്ങളിൽ നിന്ന് അല്ലാഹു ഈസാനബിയെ രക്ഷിച്ചത്. അദ്ദേഹത്തിൽ നിന്ന് ജൂതന്മാരുടെ ശ്രദ്ധ തിരിച്ചുവിടാനും അദ്ദേഹത്തിന്റെ നിവാസകേന്ദ്രം ജൂതന്മാർ മനസ്സിലാക്കാതിരിക്കാനും വേണ്ടി, അദ്ദേഹത്തെ മാലാഖന്മാർ ആകാശത്തക്കെടുത്തുകൊണ്ടുപോയി എന്ന് ക്രിസ്തീയ നേതാ

---

* ‘ഏതൊരുവന്റെ കൈയ്യിൽ എന്റെ ജീവിനിരിക്കുന്നുവോ അവനാണെ സത്യം നിശ്ചയമായും വിധികർത്താവും നീതിമാനുമായി ഇബ്നുമറിയം ഇറങ്ങും. അദ്ദേഹം കുരിശു മുറിക്കുകയും പന്നിയെ കൊല്ലുകയും ജിസ്യ ഇല്ലാതാക്കുകയും ചെയ്യും’ (ബുഖാരി) ‘നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായി ഇബ്നു മറിയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും’ (ബുഖാരി) എന്നിങ്ങനെയുള്ള ബുഖാരിയിലെ ശക്തിമത്തായ ഹദീസിനെ സംബന്ധിച്ചാണ് ‘ഖുർആന്റെ പ്രസ്താവനകൾക്ക് കടകവിരുദ്ധം’ എന്ന് ലേഖകൻ പറയുന്നത്. ലേഖകന് ഇക്കാര്യത്തിലുണ്ടായ ഒരു ധാരണപിശക് കൊണ്ടാണ് ഏറ്റവും പ്രമാണികമായ സഹീഹുൽ ബുഖാരിയിൽ വന്ന പ്രസ്തുത ഹദീസുകളെ കുറിച്ച് ഇങ്ങനെ ഒരു പരാമർശം നടത്താൻ ധൃഷ്ടനായത്. ‘ഇബ്നു മറിയം’ എന്ന അഭിധാനമുള്ള പിൽക്കാലത്ത് മുസ്ലിം ഉമ്മത്തിൽ അവതീർണനാകുന്ന മഹാത്മാവ് രണ്ടായിരം വർഷം മുമ്പ് ബനീഇസ്രായേൽ സമുദായത്തിൽ വന്ന ഈസബ്നുമറിയം എന്ന പേരുള്ള പ്രവാചകൻ തന്നെയായിരിക്കുമെന്നാണ് ലേഖകൻ ധരിച്ചിട്ടുള്ളത്. ഇത് ഈ ഹദീസിന്റെ വാചകഘടനകക്കും താൽപര്യത്തിനുമെതിരാണ്. ‘ഇബ്നു മറിയം’ എന്നത് ഒരു ആത്മീയ പദവി കൂടിയാണെന്ന് ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ഹദീസുകളിൽ വരാനിരിക്കുന്ന മസീഹിനെ പറ്റി പറഞ്ഞ സന്ദർഭങ്ങളിലൊന്നും തന്നെ ‘ഈസ’ എന്ന് സംജ്ഞാനാമം പ്രയോഗിക്കാതെ ‘ഇബ്നു മറിയം’ എന്നു മാത്രമാണ് പ്രയോഗിച്ചിരിക്കുന്നത്. പ്രസ്തുത ഹദീസിൽ വന്ന ‘ഇമാമുക്കും മിൻക്കും (‘നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇമാമായികൊണ്ട്’) എന്ന

ക്കന്മാർ അന്ന് പ്രചരിപ്പിച്ചതായിരിക്കണം. പിന്നീട് യാഥാർത്ഥ്യം പുറത്തു പറയാൻ കുറെ കാലം കഴിഞ്ഞപ്പോൾ വിഷമം തോന്നുക നിമിത്തം ആ ക്രിസ്തീയ നേതാക്കൾ യാഥാർത്ഥ്യം തുറന്നുപറയാതെ മൗനം ദീക്ഷിച്ചതുമായിരിക്കാം. അങ്ങിനെയാവണം ആ ധാരണ ക്രിസ്ത്യാനികളിൽ അടിയുറച്ചത്. മാർക്കോസ് എഴുതിയ സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ വാനാരോഹണത്തെക്കുറിച്ച് പറയുന്നത് കാണുക:

"ഇങ്ങനെ കർത്താവായ യേശു അവരോട് അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു, ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നു." (മാർക്കോസ് 16:19). ''അനന്തരം അവരെ ബേഥാന്യയോളം കൂട്ടിക്കൊണ്ടുപോയി കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു (സ്വർഗ്ഗാരോഹണം ചെയ്തു)." (ലൂക്കോസ് 24;51) ഇങ്ങനെ ബൈബിളിൽ പലയിടങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. ബൈബിളിലുള്ള ഈ ധാരണ മുസ്‌ലിംകളിൽ പതുക്കെ കടന്നുകൂടി. അതിന്ന് അംഗീകരണം കിട്ടാൻ "കാല റസൂലുല്ലാഹി" എന്ന് ഒരു തലക്കെട്ടും വെച്ചുകൊടുത്തു. ഇതാണുണ്ടായത്.

പിന്നീടുള്ളത് ഖുർആനിലുപയോഗിച്ച ഒരു വാക്കാണ്. ''അല്ലാഹു ഈസാനബിയെ തന്റെയടുക്കലേക്ക് ഉയർത്തി'' എന്ന വാക്ക് (4:158). ''അല്ലാഹു ഉയർത്തി", ''അല്ലാഹു ഉയർത്തും?" എന്നെല്ലാം പറഞ്ഞാൽ ഒരാളെ ആകാശത്തേക്ക് പൊക്കിയെടുത്തു കൊണ്ടുപോകുമെന്നല്ല അതിന്റെ അർത്ഥമെന്ന് അറബിഭാഷയിലെ പ്രാഥമിക വിദ്യാർത്ഥികൾക്കു പോലും അറിയാം. ''അല്ലാഹുവേ! നീ എന്റെ തെറ്റുകൾ പൊറുത്തുതരികയും എന്നോട് കരുണ കാണിക്കുകയും എന്റെ പോരായ്മകൾ പരിഹരിച്ചുതരികയും എന്നെ ഉയർത്തിത്തരികയും ചെയ്യേണമേ!" എന്ന് നാമെല്ലാവര നമസ്കാരത്തിലെ രണ്ട് സുജൂദുകൾക്കിടയിൽ സദാ പ്രാർത്ഥിക്കാറുണ്ടല്ലോ. നമ്മെയെല്ലാവരേയും ആകാശത്തേക്ക് പൊക്കിയെടുത്തു കൊണ്ടുപോയിത്തരണമെന്നാണോ അതിന്റെയർത്ഥം? ഇദ്‌രീസ് നബിയെ ''ഉന്നതസ്ഥാനത്തേക്ക് നാം ഉയർത്തിക്കൊണ്ടുപോയി" എന്ന് ഖുർആൻ (19;57) പറയുന്നു. ഈസാനബിയെപ്പോലെ അദ്ദേഹത്തേയും ആകാശത്തേക്കുയർത്തിക്കൊണ്ടുപോയി എന്നാണോ അതിന്റെ അർത്ഥം? ആണെന്നു ആരെങ്കിലും പറയുന്നുണ്ടോ? ആരും പറയുന്നില്ല. എങ്കിലും ഈസാനബിയെ ഉയർത്തി എന്ന് പറഞ്ഞയിടത്ത് മാത്രം ഇങ്ങനെ അർത്ഥം കൽപിക്കാൻ ന്യായമെന്ത്?

## മറ്റൊരു തെളിവ്

ഖുർആൻ 4:157–159 നോക്കുക. യേശുക്രിസ്തുവിനെ തങ്ങൾ വധിച്ചുകളഞ്ഞുവെന്ന് ജൂതന്മാർ വമ്പുപറയുന്നുണ്ട്; വാസ്തവത്തിൽ അവർക്ക് അമളി പറ്റിയിരിക്കയാണ്. അദ്ദേഹത്തെ ക്രൂശിച്ച് കൊല്ലാനോ മറ്റു നിലക്ക് കൊല്ലാനോ അവർക്ക് കഴിഞ്ഞിട്ടില്ല എന്നല്ലാമാണ് അവിടെ പറഞ്ഞിരിക്കുന്നത്. ആ സന്ദർഭത്തിൽ അല്ലാഹു പറഞ്ഞ ഒരു വാക്ക് പ്രത്യേകം ശ്രദ്ധേയമാണ്. ജൂതന്മാർ ഈ ഗൂഢാലോചനകളെല്ലാം നടത്തി അദ്ദേഹത്തിന്റെ ജീവനെ അപകടപ്പെടുത്താൻ വട്ടം കൂട്ടിയത് അവർക്കദ്ദേഹത്തോടുള്ള വൈരവും അസൂയയും നിമിത്തം മാത്രമായിരുന്നുവെന്ന് വെളിപ്പെടുത്തിക്കൊണ്ട് 159–ൽ അതാ അല്ലാഹു പറയുന്നു. ''അദ്ദേഹത്തിന്റെ (ഈസായുടെ) മരണത്തിന്നു മുമ്പുതന്നെ, അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി വേദക്കാരിൽ (ജൂതന്മാരിൽ) ആരും തന്നെയുണ്ടായിരുന്നില്ല (തന്നിമിത്തം) പുനരുത്ഥാനദിവസം അവർക്കെതിരായി അദ്ദേഹം

---

പദം യാതൊരു സംശയത്തിനും ഇട നൽകാത്തവിധം വരാനിരിക്കുന്ന ഇമാം ബനീ ഇസ്രായിലിലുള്ള വ്യക്തിയല്ല മറിച്ച് മുസ്‌ലിം ഉമ്മത്തിൽ നിന്നു തന്നെയുള്ള വ്യക്തിയാണെന്ന് സ്പഷ്ടമാണ്. 'മിൻകും' (നിങ്ങളിൽ നിന്ന്) എന്ന പദം പ്രയോഗിച്ചു കൊണ്ട് ആകാശത്തിരിക്കുന്ന ബനീ ഇസ്രായീൽക്കാരനായ ഈസാനബി വീണ്ടും വരുമെന്ന കൃസ്തീയ സങ്കല്പത്തിന്റെ അടിവേരാണ് റസൂൽ തിരുമേനി(സ) ചെയ്തിരിക്കുന്നത്.

മാത്രമല്ല അതിനേക്കാളുപരി ബനീ ഇസ്റായേലിൽ വന്ന ഇബ്നുമറിയമും അവസാനകാലത്ത് ദജ്ജാലിനെ വധിക്കാൻ മുസ്‌ലിം സമുദായത്തിൽ ആഗതനാവുന്ന ഇബ്നുമറിയമും രണ്ട് വ്യത്യസ്ത വ്യക്തികളാണ് എന്ന് ഏത് ചെറിയ കുട്ടിക്കും മനസ്സിലാവുന്ന രീതിയിൽ റസൂൽ തിരുമേനി(സ) പറഞ്ഞ കാര്യം ബുഖാരിയിൽ ഒരേ അദ്ധ്യായത്തിലുള്ള ('കിത്താബു ഫിത്തൻ ബാബു ദജ്ജാൽ') രണ്ട് ഹദീസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഹദീസ് ഇപ്രകാരമാണ് 'ഞാൻ (റസൂലുല്ല(സ)) ഈസാ, മൂസാ എന്നീ നബിമാരെ ദർശനത്തിൽ കണ്ടു ഈസായുടെ നിറം ചുവപ്പായിരുന്നു. മുടി ചുരുണ്ടതും നെഞ്ച് വീതിയേറിയതുമായിരുന്നു. മൂസായുടെ നിറം ഗോതമ്പിന്റെതായിരുന്നു. ദേഹം തടിച്ചതും മുടി നീണ്ടതും കണ്ടാൽ ഒരു സൂത്തു വർഗ്ഗക്കാരനെപോലെ തോന്നാം' (ബുഖാരി) തുടർന്നുള്ള ഹദീസിൽ ഇബ്നുമറിയമിന്റെ ശരീരവർണ്ണന നോക്കൂ. 'ഞാൻ (റസൂലുല്ല(സ)) കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായി സ്വപ്നത്തിൽ കണ്ടു തൽസമയം പെട്ടെന്ന് ഒരാൾ എന്റെ മുമ്പിൽ വന്നു അയാളുടെ നിറം ഗോതമ്പിന്റേയും മുടി നേരെയുള്ളതും നീണ്ടതുമായിരുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ഇബ്നു മറിയമാണെന്ന് മറുപടി പറഞ്ഞു.' (ബുഖാരി). ഈ ഹദീസുകളിൽ വന്ന പരാമർശം നോക്കൂ. ബനീ ഇസ്രായീൽ വന്ന ഈസാനബിയുടെ വർണ്ണനയിൽ നിറം ചുവപ്പ്, മുടി ചുരുണ്ടതുമാണെന്നാണ്. അവസാനകാലത്ത് അവതരിക്കുന്ന ഇബ്നുമറിയമിന്റെ നിറം ഗോതമ്പിന്റേതും മുടി നേരെയുള്ളതും. ചുവപ്പ് നിറവും ഗോതമ്പു നിറവും വ്യത്യസ്തമല്ലേ? അതുപോലെ ചുരുണ്ട മുടിയും, നീണ്ട മുടിയും വ്യത്യസ്തമല്ലേ? രണ്ട് മസീഹും രണ്ട് വ്യക്തികളാണ് എന്നതിന്ന് ഇതിൽപരം മറ്റെന്ത് തെളിവാണ് വേണ്ടത്. ബനീഇസ്രായേലിൽ വന്ന ഈസാനബി (അ) മരിച്ചുപോയി എന്ന് വിശ്വസിക്കുന്ന ലേഖകൻ ഹദീസിൽ വരുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് അഥവാ 'ഇബ്നുമറിയം' മറ്റൊരാളാണെന്ന് കരുതാത്തത് കൊണ്ടാണ്. ഹദ്റത്ത് ബുഖാരിയെ (റഹ്) പോലെയുള്ള ആദരണീയരായ മഹാത്മാക്കൾ സമാഹരിച്ച വ്യക്തമായ ഹദീസുകൾ ഖുർആൻ വിരുദ്ധമാണെന്ന് പറഞ്ഞ് തള്ളിക്കളയേണ്ടിവരുന്നത് (സ:പ).

സാക്ഷി പറയും.”

ഈസാനബി ആകാശത്തേക്ക് പോയിട്ട് തിരിച്ചുവരാൻ എത്ര ആയിരം അല്ലെങ്കിൽ എത്ര ലക്ഷം കൊല്ലം പിടിക്കുമെന്ന് ആരും പറയുന്നില്ല. മാത്രമല്ല അത് നിർണ്ണയിക്കാൻ കഴിയുകയില്ലെന്ന് അവർ സമ്മതിക്കുക കൂടി ചെയ്യുന്നു. അപ്പോൾ ഇനിയും ഈസാനബി അഞ്ചോ പത്തോ ലക്ഷം കൊല്ലം അവിടെയിരുന്നേക്കാം. അത്രയും കാലം ഈ ലോകത്ത് ജീവിക്കുന്ന എല്ലാ ‘അഹ്ലുകിതാബും’ എല്ലാ ജൂതന്മാരും ഈസാനബിയിൽ വിശ്വസിച്ചവരായിരിക്കും എന്നാണ് ചിലർ ഈ ഖുർആൻ വാക്യത്തിന്നു വ്യാഖ്യാനം നൽകുന്നത്. ഈസാ നബി ആകാശത്ത് ജീവിക്കുന്നുണ്ടെന്ന് ഉറപ്പിച്ചു വെച്ചശേഷം ഈ ഖുർആൻ വാക്യത്തിന്ന് അങ്ങ നെ വ്യാഖ്യാനം നല്കി രക്ഷപ്പെടുകയല്ലാതെ അവർക്ക് മാർഗ്ഗമില്ലല്ലൊ. പക്ഷെ ആ വ്യാഖ്യാനം തെറ്റാണെന്നതിന്ന് ഒന്നാമത്തെ ദൃഷ്ടാന്തം സന്ദർഭം തന്നെയാണ്. ‘‘പുനരുത്ഥാന ദിവസം ആ വേദക്കാർക്കെതിരിൽ (ദൈവസന്നിധിയിൽ) ഈസാനബി സാക്ഷി പറയും” എന്ന് പറയുന്നുണ്ടല്ലോ. അദ്ദേഹത്തെ ക്രൂശിച്ച് കൊല്ലാൻ വട്ടം കൂട്ടിയവർക്കെതിരിൽ ദൈവസന്നിധിയിൽ അദ്ദേഹം സാക്ഷി പറയുമെന്നാണ് ആ വാക്കിന്റെ അർത്ഥം. അത് വളരെ സ്പഷ്ടമാണ്. അല്ലാതെ അദ്ദേഹം വാനലോകത്തേക്ക് പോയശേഷം ഈ ഭൂമുഖത്ത് ജനിച്ച് മരിച്ചുപോയ വേദക്കാർക്ക് അല്ലെങ്കിൽ ജൂതന്മാർക്ക് എതിരിൽ ദൈവസന്നിധിയിൽ സാക്ഷി പറയുമെന്നല്ല അർത്ഥം. അത്തരക്കാർക്കെതിരിൽ സാക്ഷി പറയാൻ ഒരു ന്യായ വും കാരണവുമില്ലല്ലൊ. അപ്പോൾ ഖുർആന്റെ ദൃഷ്ടിയിൽ ഈസാനബിയുടെ നിലപാടെന്തെന്ന് സംശയാതീതമായ നിലക്ക് നമുക്ക് വ്യക്തമാണ്. ഇനി അതിൽ ഒരു സംശയത്തിന്നും ഇടമില്ല.

***(സഹീഹുൽ ബുഖാരിയുടെ ആമുഖത്തിൽ നിന്ന്)*** ■

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

നുള്ള മാധ്യമങ്ങൾ മാത്രമാണെന്ന് കരുതാൻ തുടങ്ങി. അങ്ങിനെ അവ വാനലോകത്ത് നിന്നും ദൈവങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന കോപങ്ങളും സന്തോഷങ്ങളും പ്രകടിപ്പിക്കുന്ന മാധ്യമമായി മാറി. പതുക്കെ ദൈവസങ്കല്പം സമൂർത്തമായ ഒരു ജഡികാസ്തിത്വം എന്ന നിലയിൽ നിന്നും കൂടുതൽ സമുന്നതവും അമൂർത്തവുമായ ഒരു സങ്കല്പമായി മാറി. ഇതേ പ്രക്രിയ തന്നെ കൂടുതൽ സങ്കീർണമായ മറ്റൊരു ദൈവിക പ്രേരണക്ക് രൂപം നൽകി. ഇതിൽ ഓരോ ദൈവങ്ങൾക്കും മറ്റതിനെ അപേക്ഷിച്ച് പ്രപഞ്ച ഭരണത്തിൽ ഓരോ പ്രത്യേക സ്ഥാനങ്ങൾ നൽകപ്പെട്ടു. ദൈവങ്ങളുടെ ഈ വർഗ്ഗീകരണവും തരംതിരിവും അവസാനം മറ്റെല്ലാ ദൈവങ്ങൾക്കും ഉപരിയായ ഒരു പരമോന്നത ദൈവത്തിൻ ചെന്നവസാനിച്ചു. ഇങ്ങിനെയായിരുന്നിരിക്കാം മനുഷ്യമനസ്സിൽ ദൈവം രൂപം കൊണ്ടത് എന്ന് സാമൂഹ്യശാസ്ത്രജ്ഞന്മാർ കരുതുന്നത്. മറ്റൊരുതരത്തിൽ പറയുകയാണെങ്കിൽ ഇങ്ങനെയാണ് അവർ ദൈവത്തെ ഉല്പാദിപ്പിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നത്. തീർച്ചയായും അവർക്ക് ഇതിന് ഒരുപാട് സമയം ആവശ്യമായി വന്നിരിക്കും.

സാമൂഹ്യശാസ്ത്രജ്ഞന്മാർ അവരുടെ ഈ സിദ്ധാന്തം പടുത്തുയർത്തിയിരിക്കുന്നത് ദൈവം ഇല്ല എന്ന മുൻവിധിയിന്മേലാണ്. അതായത് അവരുടെ ഈ അഭ്യൂഹങ്ങൾ ഒരു സത്യസന്ധമായ അന്വേഷണത്തിന്റെയും ഫലമായിട്ടുള്ളതല്ല. നിരീശ്വരവാദിയുടെ മനസ്സിന്റെ ആവിഷ്കാരം മാത്രമാണത്. നിഷ്ഫലമായ ഒരു ധൈഷണികാന്വേഷണം പോലെയാണ് അവരുടെ മുൻകൂട്ടി ഉറപ്പിച്ചുള്ള ഈ വിധി പ്രസ്താവം. അവർ സിദ്ധാന്തവത്കരിക്കുകയും ചരിത്രത്തിന്റെ സാങ്കല്പിക വസ്തുക്കളുമായി അതിനെ ബന്ധിപ്പിക്കുകയും ചെയ്ത രീതിയിലെ പരസ്പരവൈരുദ്ധ്യങ്ങളും, വൈകല്യങ്ങളും കാണുന്നതിൽ അവർ പരാജയപ്പെടുന്നു. പുരാതനമനുഷ്യന്റെ ചിന്തയുടെ വികാസചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അത് അവ്യക്തതകൾ നിറഞ്ഞതും ഫലത്തിൽ അസ്തിത്വമില്ലാത്തതുമാണ്. ഒരു കാലഘട്ടത്തിന്റെ ജീവിതശൈലിയുടെ സൂചനകൾ ഭൂതകാലത്തിലെ അവശിഷ്ടങ്ങളിൽ തെളിവുകളായി കാണപ്പെട്ടാൽ മാത്രമേ നാം അതിനെ ‘ചരിത്രം’ എന്ന് വിളിക്കാറുള്ളൂ. അവരുടെ ഈ ചരിത്രം ആരംഭിക്കുന്നത് കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകൾ മുമ്പോ അല്ലെങ്കിൽ ആയിരം വർഷങ്ങൾക്ക് മുമ്പോ ഉള്ള കാലത്താണ്. എന്നാൽ മതങ്ങളുടെ യഥാർത്ഥ ചരിത്രം ആരംഭിക്കുന്നത് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പാണ്. സാമൂഹ്യശാസ്ത്രജ്ഞന്മാർ അവരുടെ സിദ്ധാന്തങ്ങളെല്ലാം രൂപപ്പെടുത്തിയിരിക്കുന്നത് തികച്ചും ഊഹങ്ങളിലാണ്. പുരാതന മനുഷ്യന്റെ മനസ്സുകളെ തുറന്നുകാട്ടനുള്ള അവരുടെ ശ്രമം തികച്ചും മായിക ചിറകുകളുടെ സഹായത്താലുള്ള സാങ്കല്പികമായ കുതിച്ചുചാട്ടമാണ്. ഈ ചാട്ടം നിരീശ്വരത്വത്തിന്റെ മുൻകൂട്ടിയുറപ്പിച്ച ഭാഗത്തേക്കുമാണ്. സമൂഹശാസ്ത്രജ്ഞന്മാരുടെ ഈ നിഗമനങ്ങൾ മനുഷ്യയുക്തി കൊണ്ട് ബലപ്പെടുത്തിയതല്ല. യുക്തി മാത്രമാണ് ചിന്താപ്രക്രിയയെ പരിശോധിക്കുവാനുള്ള വിശ്വസനീയമായ ഉപകരണം (തുടരും)

**ഹൃദയകാഠിന്യം ഇല്ലാതാക്കാൻ**

തിരുനബി(സ)യുടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെപ്പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥ കുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്.

*(നബിവചനം)*

നമ്മുടെ വിയോജിപ്പുകൾ
33

# പാപപങ്കിലമായ ലോകവും ആസന്നമായ ആണവയുദ്ധവും

ഏ.പി. കുഞ്ഞാമു

**യഅ്ജൂജ് മഅ്ജൂജ്ന്റെ ശാക്തിക മത്സരങ്ങൾ ഒടുവിൽ ഒരു ആറ്റംയുദ്ധത്തിൽ ലോകത്തെ കൊണ്ടെത്തിക്കും. സർവ്വനാശകാരിയായ ആറ്റം യുദ്ധത്തിന്റെ സൂക്ഷ്മവശങ്ങളെപ്പറ്റി ഖുർആൻ സൂചന നൽകുന്നു.**

ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ് എന്നീ ശക്തികളുടെ മതപരമായ മുന്നേറ്റത്തെ മഹ്ദി മസീഹും ആധുനിക ദുൽഖൈർനൈനുമായ ഹദ്റത്ത് അഹ്മദ് (അ) എങ്ങനെ പ്രതിരോധിച്ചുവെന്നും ശക്തിമത്തായ വാദമുഖങ്ങളാലും പ്രാർത്ഥനകളാലും എങ്ങനെ ഈ ശക്തികൾക്കു മേൽ ഇസ്‌ലാമിന്റെ വിജയം സ്ഥാപിച്ചുവെന്നും നാം കഴിഞ്ഞ ലക്കങ്ങളിൽ ചർച്ച ചെയ്തുവല്ലോ. വാഗ്ദത്ത മഹ്ദി മസീഹ് നാന്ദി കുറിച്ച ഇസ്‌ലാമിന്റെ ഈ മുന്നേറ്റം അദ്ദേഹത്താൽ സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്തിലൂടെ മുന്നോട്ടു ഗമിക്കുന്നതാണ്. ലോകത്തിന്റെ നെറുകയിൽ ഇസ്‌ലാമിന്റെ വെന്നിക്കൊടി പാറിക്കുമെന്ന ശുഭപ്രതീക്ഷയോടെ ലോകത്തിന്റെ കോണായ കോണുകളിലെല്ലാം പ്രവർത്തിച്ചു വരുന്ന ഒരേയൊരു ഇസ്‌ലാമിക പ്രസ്ഥാനവും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ്. ദജ്ജാലിനെതിരെയുള്ള പോരാട്ടത്തിൽ ആയുധങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല. മനുഷ്യഹൃദയങ്ങളെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു ആഗോള ജിഹാദാണ് ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ഈ ആഗോള ജിഹാദിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആയുധം വിശുദ്ധ ഖുർആനാണ്. ഖുർആന്റെ തത്ത്വജ്ഞാനങ്ങളും വാദമുഖങ്ങളുമായി നേർക്കുനേരെയുള്ള അഭിമുഖീകരണത്തിൽ മറ്റെല്ലാ മതജീവിതതത്ത്വശാസ്ത്രങ്ങളും നിഷ്പ്രഭമായി പ്പോവുന്നു എന്നത് ജമാഅത്തിന്റെ ഇതഃപര്യന്തമുള്ള അനുഭവമാണ്. ഈ വിധമായിരിക്കും ദജ്ജാലിന്റെ കുഴപ്പത്തെ അഹ്മദിയ്യാ ജമാഅത്ത് നേരിടുക. മാത്രമല്ല സ്വയം സാത്വിക ജീവിതം നയിച്ചും അല്ലാഹുവിന്റെ മുമ്പിൽ വിലപിച്ചു പ്രാർത്ഥിച്ചുകൊണ്ടും അഹ്മദികൾ ഈ ജിഹാദിൽ പങ്കാളികളാവും.

ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും നാശത്തിന്റെ ഭൗതികമായ നിമിത്തങ്ങൾ എന്തായിരിക്കുമെന്നതിനെ സംബന്ധിച്ചും വിശുദ്ധ ഖുർആനിൽ സൂചനകളുണ്ട്. വാഗ്ദത്ത മസീഹ് സ്ഥാപിച്ച ഖിലാഫത്ത് വ്യവസ്ഥയുടെ ആത്മീയ മാർഗ്ഗത്തിലുള്ള മുന്നേറ്റത്തിനനുസരിച്ച് ഈ ദജ്ജാലി ശക്തികളുടെ നാശവും സംഭവിക്കുന്നതാണ്. അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള ശിക്ഷാരൂപത്തിലുള്ള ആകാശീയമായ ഇടപെടലുകളിലൂടെയും ഈ ശക്തികൾ പരസ്പരം നടത്തുന്ന യുദ്ധങ്ങളിലൂടെയുമാണ് ആ നാശം സംഭവിക്കുക എന്ന് ഖുർആൻ സൂചിപ്പിക്കുന്നു. ഈ ജിഹാദിൽ മുസ്‌ലിം ലോകം വാഗ്ദത്ത മസീഹിനോടൊപ്പം ചേർന്നുനിൽക്കുകയാണെങ്കിൽ ആസന്നമായ സർവ്വനാശത്തിൽ നിന്നും അവർക്ക് രക്ഷ പ്രാപിക്കാനാവും. അല്ലെങ്കിൽ മുസ്‌ലിംകളും ആ ശിക്ഷയിൽ നശിപ്പിക്കപ്പെടും.

സൂറ:കഹ്ഫ് തുടരുന്നു. "അന്ന്

അവരിൽ ചിലരെ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചു കയറ്റുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാവരേയും ഒരുമിച്ചു കൂട്ടുകയും ചെയ്യും (18 :100)" അന്നാളിൽ അവിശ്വാസികളുടെ മുമ്പിൽ നരകത്തെ ശരിയാംവണ്ണം പ്രദർശിപ്പിക്കും" (18:101) തങ്ങളുടെ കണ്ണുകൾ എന്റെ സ്മരണ വിട്ട് ഒരു മറയിലായിരിക്കുകയും കേൾക്കാൻ പോലും കഴിയാതിരിക്കുകയും ചെയ്യും. (18:102) എന്നെ വിട്ടുകൊണ്ടു എന്റെ ദാസന്മാരെ രക്ഷാധികാരികളാക്കാമെന്ന് അവിശ്വാസികൾ വിചാരിക്കുന്നുവോ തീർച്ചയായും നരകത്തെ സത്യനിഷേധികൾക്ക് ഒരു സൽക്കാര വിഭവമായി നാം ഒരുക്കി വച്ചിരിക്കുന്നു. (18:103)

യഅ്ജൂജ് മഅ്ജൂജിന്റെ പ്രാദുർഭാവത്തിന് ശേഷം ലോകം ഒരു ആഗോളഗ്രാമമായിത്തീരും. ശാസ്ത്ര സാങ്കേതിക വിദ്യകൾ അവരെ ഭൗതിക പുരോഗതിയുടെ ഉത്തുംഗസോപാനങ്ങളിൽ കൊണ്ടെത്തിക്കും. ഈ ഭൗതിക പുരോഗതി ഉപയോഗിച്ച് ലോകം മുഴുവനും യഅ്ജൂജ് മഅജൂജ് വ്യാപിക്കുന്നതായിരിക്കും. ദൈവികമായ എല്ലാ മൂല്യങ്ങളേയും വെല്ലുവിളിച്ചുകൊണ്ട്. ദൈവത്തിനോടു തന്നെ പോരിനിറങ്ങിയ മട്ടിൽ അഹങ്കാരവും ഔദ്ധത്യവും അവരെ ഉന്മത്തരാക്കി മാറ്റും. ഈ ഘട്ടത്തിൽ തന്നെ ഈ പാശ്ചാത്യശക്തികളിൽ വാണിജ്യവും, സൈനികപരവുമായ കിടമത്സരങ്ങളും, ദേശീയവികാരങ്ങളും ഉടലെടുക്കുന്നതാണ്. അവർ കരുതിയിരിക്കാത്ത നേരത്ത് പൊടുന്നനെയായിരിക്കും രാജ്യം രാജ്യത്തിനെതിരെ തിരിയുന്നത്. അവരുടെ നാശത്തിന്റെ വഴികൾ അല്ലാഹു തന്നെ തുറക്കുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് ഈ ശിക്ഷകൾ ദൈവികമാണെന്നാണ്. കാരണം അതിന്റെ ആസൂത്രണം ദൈവികമാകുന്നു. നേരത്തെ പറഞ്ഞതുപോലെ മഹ്ദി മസീഹിന്റെയും ജമാഅത്തിന്റെയും ലോകസമൂഹത്തിന്റെ ധാർമ്മിക പരിവർത്തനത്തിന് വേണ്ടിയുള്ള പ്രാർത്ഥനാഫലമാണ് ഇത് സംഭവിക്കുന്നത്. ഈ ദുഷ്ടശക്തികളുടെ ഉയർച്ച പോലെ തന്നെ അത്രയും ഭയാനകമായിരിക്കും അവരുടെ പതനവും. ദൈവത്തെയും ആത്മീയമൂല്യങ്ങളേയും തിരസ്കരിച്ചതിന്റെ ഫലമായി അവർക്ക് ഭയാനകമായ ഈ യുദ്ധങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നത്. രാഷ്ട്രം രാഷ്ട്രങ്ങൾക്കെതിരിലും, സാമ്രാജ്യം സാമ്രാജ്യങ്ങൾക്കെതിരിലും അതിരൂക്ഷമായ യുദ്ധങ്ങൾ ഉണ്ടാകും. ആ കാലഘട്ടത്തിൽ ഈ ക്രിസ്ത്യൻ രാഷ്ട്രങ്ങൾക്ക് ദൈവികചിന്ത തന്നെ നശിച്ചിരിക്കും. അവർ ഭൗതികതയുടെ ലോകത്തു മത്തുപിടിച്ചു ആസ്വാദനങ്ങളുടെ ലോകത്ത് കഴിയുന്നവരായിരിക്കും. അവർക്കുണ്ടായ എല്ലാ പുരോഗതികളും അവരുടെ സ്വന്തം പരിശ്രമം കൊണ്ടു ഉണ്ടായതാണെന്നും അതിൽ ദൈവത്തിന് യാതൊരു പങ്കുമില്ലെന്നും അവർ കരുതും. ദൈവത്തെപറ്റി പറയുന്നതുപോലും അവർ കേൾക്കാൻ ഇഷ്ടപ്പെടാത്ത ഒരു സാഹചര്യമായിരിക്കും. അപ്പോഴാണ് പരസ്പരമുള്ള പോരിന്റെ രൂപത്തിൽ അവർക്ക് നാശം നേരിടുക. അതിൽ അവർ രണ്ടുകൂട്ടരും എല്ലാം നഷ്ടപ്പട്ട അവസ്ഥയിൽ തിന്നാൻ അപ്പവും ഉടുക്കാൻ വസ്ത്രവും ഇല്ലാത്ത ഒരവസ്ഥയിൽ ആയിത്തീരും.

അവരുടെ ഈ അവസ്ഥ മൂസാനബി(അ) ദർശനത്തിൽ കണ്ട രംഗത്തിന്റെ സാക്ഷാത്കാരമായിരിക്കും. അതായത് മൂസാനബിയും തന്റെ സ്നേഹിതനും (ഈസാനബി)യും ഒരു യാത്രയിൽ സമുദ്രങ്ങളുടെ സംഗമസ്ഥാനത്ത് എത്തിയപ്പോൾ പിശാച് അവരുടെ കൈയ്യിലുണ്ടായിരുന്ന മത്സ്യത്തെ വിസ്മരിപ്പിച്ചുകളയുകയും വിശന്നുവലഞ്ഞ അവർ അത് കാണാതെ നിരാശപ്പെട്ട് നിൽക്കുമ്പോൾ അവിടെ ഒരു വിശിഷ്ട ദാസനെ കണ്ടുമുട്ടുന്നതുമാണ് ആ ദർശനം. സ്വപ്ന വ്യാഖ്യാനപ്രകാരം മൂസവി ശരീഅത്തിനു കീഴിലുള്ള ജനത (യഹൂദ ക്രൈസ്തവജനത) ആത്മീയവും ധാർമ്മികവുമായ നഷ്ടാവസ്ഥയിൽ (മത്സ്യം നഷ്ടപ്പെട്ടതിന്റെ സ്വപ്നഭാഷ്യം) ഇതാണ്. സമുദ്രത്തിന്റെ സംഗമസ്ഥാനത്ത് വെച്ച് അഥവാ മൂസവി ശരീഅത്തും മുഹമ്മദീ ശരീഅത്തും ബന്ധിക്കുന്ന കാലഘട്ടത്തിൽ അല്ലാഹുവിന്റെ ഒരു വിശിഷ്ട ദാസനെ (മുഹമ്മദ് നബി (സ) കണ്ടുമുട്ടുന്നതാണ് ആ ദർശനം. ദർശനം തുടരുന്നു... മൂസാനബി(അ) താൻ കണ്ടുമുട്ടിയ വിശിഷ്ടദാസനോട് അതായത് മുഹമ്മദ് നബി(സ) യോട് സന്മാർഗജ്ഞാനം പഠിപ്പിച്ചു തരുവാൻ ആവശ്യപ്പെടുകയും ചില നിബന്ധനകളിൽ അവർ മൂന്നുപേരും യാത്ര തുടരുകയും ചെയ്യുന്നു. നിബന്ധന പാലിക്കാൻ കഴിയാതെ വിശിഷ്ടദാസനുമായി അവർ വഴിപിരിയുകയുമാണ് ചെയ്യുന്നത്. ഈ ദർശനത്തിന്റെ വിവരണം മുൻപ് വിശദമായി നൽകിയത് ഓർക്കുമല്ലോ. അതായത് പാശ്ചാത്യ ക്രൈസ്തവ നാഗരികത ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങൾ നഷ്ടപ്പെട്ട് തികച്ചും ഭൗതികന്മാരായി തീർന്നു. ഇസ്‌ലാം ലോകത്ത് അവതരിച്ചിട്ടും പിന്നീട് ആധുനിക കാലത്ത് അല്ലാഹു വാഗ്ദത്ത മസീഹിനെ അയച്ചിട്ടും പ്രസ്തുത മൂല്യങ്ങൾ വിനഷ്ടമായ പാശ്ചാത്യ നാഗരികതക്ക് ഇസ്‌ലാമിനെ ഉൾക്കൊള്ളുകയോ അവർ ആത്മീയ ജീവിതത്തിലേക്ക് തിരിച്ചു വരികയോ ചെയ്തില്ല. ഈ വ്യതിചലനമാണ് അവരെ അതിഭീകരമായ നാരകീയ യുദ്ധങ്ങളിലേക്ക് തള്ളിവിടുന്നത്. ദൈവത്തിന് പകരം ദൈവപുത്രൻ അവരെ സഹായിക്കുമെന്ന മിഥ്യാധാരണയിലായിരുന്നു അവർ. അത്തരം അന്ധമായ വിശ്വാസമാണ് അവരെ ഈ ഭൂമിയിലെ തന്നെ നരകത്തിലേക്ക് തള്ളിവിട്ടത്. വിശുദ്ധ ഖുർആന്റെ ഈ വചനവും മനസ്സിലാക്കിത്തരുന്നത് അതായത് "എന്നെ വിട്ട് എന്റെ ദാസന്മാരെ രക്ഷാധികാരികളാ

ക്കാമെന്ന്' എന്നു പറയുന്ന ഇവർ പാശ്ചാത്യക്രൈസ്തവരാഷ്ട്രങ്ങ ളാണ് എന്ന് തന്നെയാണ് ഈ വചനം സൂചിപ്പിക്കുന്നത്.

## അഗ്നിയുടെ ഉല്പാദകർ

വിശുദ്ധ ഖുർആന്റെ ചെറിയ സൂറത്തുകൾ പലതും ആധുനിക ലോകത്തെ സംഭവവികാസങ്ങളെ അനാവരണം ചെയ്യുന്ന പ്രവചനങ്ങ ളാണ്. വിശുദ്ധ ഖുർആന്റെ അമാനു ഷികത എല്ലാ കാലഘട്ടത്തിലും അതിനനുസൃതമായി വെളിപ്പെട്ടുകൊ ണ്ടിരിക്കും. അതുകൊണ്ടുതന്നെ യാണ് ഏഴു സാഗരങ്ങൾ മഷിയായി പരിണമിച്ചാലും അതിനുശേഷം അത്ര തന്നെ പിന്നേയും 7 സാഗര ങ്ങൾ മഷിയായി കൂട്ടിച്ചേർത്താലും ലോകത്തുള്ള മരചില്ലകൾ തൂലി കയാക്കിയാലും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങൾ തീരുകയില്ല എന്ന് പറയപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർ ആനിൽ നിന്ന് ഈ കാലഘട്ടത്തെ സൂചിപ്പിക്കുന്ന രണ്ടു ഉദാഹരണ ങ്ങൾ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കാൻ ആഗ്രഹിക്കുന്നു. സൂറ:അല്ലഹബ് വിശുദ്ധ ഖുർആ നിലെ 111ാം സൂറ:യാണ്. ചിലരുടെ പക്കൽ ഈ സൂറ: മൻസൂഖ് ആയിപ്പോയിട്ടുണ്ട് അഥവാ ദുർബ്ബല പ്പെട്ടുപോയിട്ടുണ്ട്. കാരണം ഈ ആയത്തിൽ പറയപ്പെട്ട അബൂലഹബ് നബിതിരുമേനി(സ:അ)യുടെ ഒരു പിതൃവ്യനും പ്രഥമ ശത്രുക്കളിൽ പ്രധാനിയുമായ അബ്ദുൽ ഉസ്സബ്നു അബ്ദുൽ മുത്തലിബ് ആയിരുന്നു എന്നാണണ്ഞ. എല്ലാ പഴയകാല ഖുർആൻ വ്യാഖ്യാതാക്കളും എഴുതി യത്. ഇദ്ദേഹം വളരെ മുൻകോപിയും ഇസ്‌ലാമിന്റെ ശത്രുവുമായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യയെപ്പറ്റി ഈ സൂറത്തിൽ പറയുന്നത് 'വിറകു ചുമ ട്ടുകാരിയായ അവന്റെ ഭാര്യയും' എന്നാണ്. അവരും ഇദ്ദേഹത്തോ ടൊപ്പം നരകത്തിൽ പ്രവേശിക്കുമെ ന്നാണ്. വിറകു ചുമട്ടുകാരി എന്ന തിന്റെ വിവക്ഷ വളരെ അധികം പര ദൂഷണം പറയുന്ന സ്ത്രീ എന്നാണ്.

ഇതു കഴിഞ്ഞുപോയ ഒരു സംഭവമാ ണെന്നും അബൂലഹബ് എന്നു വിളി ക്കപ്പെട്ട വ്യക്തി ഇപ്പോൾ ജീവിച്ചിരി പ്പില്ലാത്തത് കാരണം അദ്ദേഹത്തിന്റെ ഇരുകരങ്ങളും നശിക്കട്ടെ എന്ന് ഓതുന്നത് തന്നെ അർത്ഥരഹിതമാ ണെന്നും ഈ ആയത്തിന് ഇപ്പോൾ യാതൊരു പ്രസക്തിയുമില്ലെന്നും എ ന്നോട് തന്നെ ചില അനഹ്മദി സുഹൃത്തുക്കൾ പറഞ്ഞിട്ടുണ്ട്. എന്നാൽ വാഗ്ദത്ത മഹ്ദിമസീഹ് ഹദ്റത്ത് അഹ്മദ് (അ) വിശുദ്ധ ഖുർ ആനിൽ ഒരു ആയത്തും തന്നെ മൻസൂഖ് (ദുർബ്ബലപ്പെട്ടുപോയത്) ഇ ല്ലെന്നാണ് പറഞ്ഞത്. അപ്പോൾ എല്ലാ ആയത്തുകളും ഖിയാമം നാൾ വരെ (അന്ത്യനാൾവരെ) പ്രസക്തമാ ണെന്നാണ്. ഈ കാലഘട്ടത്തിൽ വിശുദ്ധ ഖുർആനെ വ്യാഖ്യാനിക്കാൻ അല്ലാഹു വാഗ്ദത്ത മഹ്ദിമസീഹി നേയും അദ്ദേഹത്തിന്റെ ഖലീഫമാരെ യുമാണ് നിയോഗിച്ചിട്ടുള്ളത്.

'അബൂലഹബ്' അബ്ദുൽ ഉസ്സ യുടെ ഒരു വിളിപ്പേരാണ്. അദ്ദേഹ ത്തിന്റെ നിറവും മുടിയുടെ നിറവും ചെമ്പൽ നിറത്തിലായതുകൊണ്ടാണ് ഉഗ്രരോഷത്തോടെ പ്രതികരിക്കുന്ന (Fire Brand) വ്യക്തിത്വമായിരുന്ന അദ്ദേഹത്തിന് ഇങ്ങനെ ഒരു വിളി പ്പേർ വരാൻ കാരണമെന്ന് പറയപ്പെ ടുന്നു. ഇസ്‌ലാമിന്റെ ആദ്യകാലശത്രു ക്കളിൽ ഒരാളും തിരുമേനി (സ) ബന്ധുവുമായിരുന്നു അദ്ദേഹം. ചുരു ക്കത്തിൽ ഇസ്‌ലാമിനെതിരിലുള്ള ശത്രുക്കളെ നമുക്ക് ഈ ഗണത്തിൽ കൂട്ടാം. തിരുമേനി(സ)യുടെ കാലത്ത് അബ്ദുൽ ഉസ്സയാണെങ്കിൽ ഇന്ന് 'അബുലഹബ്' എന്ന വിശേഷണം ദജ്ജാലിനെ പ്രതിനിധാനം ചെ യ്യുന്നു. ''അബൂ ലഹബ്'' എന്ന വാക്കിന്റെ അർത്ഥം തീജ്വാലയുടെ പിതാവ് എന്നാണ്. അബൂലഹബിന്റെ ഇരുകരങ്ങൾ യഅ്ജൂജ് മഅ്ജൂജിനെ പ്രതിനിധാനം ചെയ്യുന്നു. ആറ്റംബോ മ്പിന്റെയും ന്യൂക്ലിയർ ബോമ്പി ന്റെയും ഉപജ്ഞാതാക്കളായ ആധു നികയുഗത്തിലെ പാശ്ചാത്യശക്തി

കൾ എന്നാണ് ഈ ആയത്തിന് ഇക്കാലത്തെ അർത്ഥം. ഈ രണ്ടുശ ക്തികളും ഇസ്‌ലാമിനെ അംഗീകരി ക്കുന്നവരല്ല, മറിച്ചു ഇസ്‌ലാമിന്റെ ശത്രുക്കളാണ്. ഈ രണ്ടു ശക്തിക ളെയാണ് ഇരുകൈകൾ എന്നത് കൊണ്ടുദ്ദേശിക്കുന്നത്. ഈ രണ്ടു ശാക്തികച്ചേരികളും നശിക്കട്ടെ യെന്ന് ഇപ്പോൾ നാം ഓതുന്നുവെ ങ്കിൽ അതു ഒരു പ്രാർത്ഥനയായി ഭ വിക്കുന്നു. അവന്റെ ഇരുകരങ്ങളും നശിക്കട്ടെ എന്നതാണ് പ്രാർത്ഥന. 'കരങ്ങൾ' എന്നതിന് ശക്തി എന്നു കൂടി അർത്ഥമുണ്ട്. തുടർന്നു പറയു ന്നത് "അവന്റെ ധനമോ അവൻ പരി ശ്രമിച്ചു സമ്പാദിച്ചതോ അവന് ഒരു പ്രയോജനവും ചെയ്തില്ല." ഈ ഒരു അവസ്ഥയും ഈ പാശ്ചത്യശക്തിക ളുടെ പ്രത്യേകതയാണ്. അവർ അവ രുടെ രാജ്യത്തെ തന്നെ സ്വപരിശ്രമ ത്താൽ സമ്പന്നമാക്കുന്നതിന് പുറമെ മറ്റു ഉപഗ്രഹരാഷ്ട്രങ്ങളിൽ കോളനി രൂപീകരിച്ചും ചൂഷണം ചെയ്തതും സമ്പാദിക്കുന്ന ധനത്തെ പറ്റിയാണ് ഇവിടെ പരാമർശം. ഇതൊന്നും യാതൊരു ഗുണവും ചെയ്യാത്ത ഒര വസ്ഥ അവനുണ്ടാകാൻ പോവുക യാണ്.

"താമസിയാതെ അവൻ ജ്വാല യുള്ള അഗ്നിയിൽ പ്രവേശിക്കുന്നതാ ണ്'' അബുലഹബിന്റെ ഒരർത്ഥം. തീജ്വാലയുണ്ടാക്കുന്നതും സാമഗ്രിക ളുടെ ഉല്പാദകൻ എന്നാണ്. അങ്ങ നെ അവർ നിർമ്മിക്കുന്ന അഗ്നിയു ണ്ടാക്കുന്ന ആയുധസാമഗ്രികൾ മുഖേന അവർ തന്നെ എരിഞ്ഞു ചാമ്പലാകുമെന്നർത്ഥം. നരകത്തിൽ പ്രവേശിക്കുക എന്നതിന്റെ വിവക്ഷ യുദ്ധത്തിൽ പ്രവേശിക്കുക എന്നാ ണ്. ചുരുക്കത്തിൽ അവരുടെ കൈക ളാൽ നിർമ്മിക്കപ്പെട്ട ആറ്റംബോമ്പും ന്യൂക്ലിയർ ബോമ്പും അവരെതന്നെ വിഴുങ്ങുന്ന ഒരു സാഹചര്യം സംജാ തമാകുമെന്ന് സാരം. അത് വളരെ വിദൂരമല്ലെന്നും ഇതിൽ സൂചനയു ണ്ട്. സൂറ: തുടരുന്നു. "വിറക് ചുമട്ടു കാരിയായ അവന്റെ ഭാര്യയും (പ്രവേ

നിർമ്മിച്ചകഴിഞ്ഞു. എന്തിനധികം പാകിസ്താനും ഇന്ത്യയുമടക്കമുള്ള മൂന്നാം ലോകരാജ്യങ്ങളുടെ പക്കൽ വരെ ഇത്തരം ബോംബുകളുണ്ട്. ആസന്നമായ മൂന്നാംലോകമഹായുദ്ധത്തിൽ ഇത്തരം ബോംബുകൾ വ്യാപകമായി ഉപയോഗിക്കാനാണ് സാധ്യത. ഖുർആൻ പറയുന്നു.

"ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടുവരുന്നൊരു നാളിനെ പ്രതീക്ഷിക്കുക. അത് ജനങ്ങളെ മൂടിക്കളയും. ഇത് വേദനാജനകമായൊരു ശിക്ഷയാണ്. (44;11, 12)

ഒരു ആറ്റം ബോംബ് പൊട്ടുമ്പോൾ വിമുക്തമാവുന്ന ഊർജ്ജം ചുറ്റുമുള്ള വായുവിനേയും കൊടും ചൂടിൽ ആവിയാക്കി മാറ്റുന്നു. ഈ ചുട്ടുപഴുത്ത വായു ഒരു അഗ്നിഗോളമുണ്ടാകുന്നു. ബോംബ് പൊട്ടി ഒരു മൈക്രോ സെക്കന്റിനുള്ളിലാണ് ($10^{-6}$ സെ) ഈ ഗോളം ആവിർഭവിക്കുക. അഗ്നിഗോളത്തിന്റെ വ്യാസം അനുനിമിഷം വർദ്ധിച്ചുവരുന്നു. അങ്ങനെ അത് ധൂമത്തിന്റേയും അഗ്നിയുടേയും ഒരുവൻ സ്തൂപമായി കൂണു പോലെ ആകാശത്തേക്ക് വിരിഞ്ഞുകൊണ്ട് ഉയർന്നുപൊങ്ങും. പത്ത് സെക്കന്ററിന്നുള്ളിൽ ഒരു മെഗാടൺ ആറ്റം ബോംബിന്റെ അഗ്നിഗോളവ്യാസം 2.5 കി. മീറ്റർ എന്ന തോതിൽ വികസിക്കും. ഈ അനുപാതത്തിൽ ആകാശം മുട്ടെ ഒരു മഹാസ്തംഭം പോലെ വിരിഞ്ഞുവികസിക്കുന്ന ധൂമഭീകരന്റെ അഗ്നിനാളങ്ങൾ പരിസരത്തുള്ളതിനെയെല്ലാം നക്കിതുടക്കും. ആറ്റം ബോംബ് വർഷത്തോടെ സംഭവിക്കുന്ന ഈ ധൂമപ്രസരണത്തെ സംബന്ധിച്ച് ഖുർആൻ നൽകിയ വർണ്ണനയുടെ യാഥാർത്ഥ്യം കണ്ട് നാം വിസ്മയഭരിതരായിപ്പോവും.

വിശുദ്ധ ഖുർആൻ നൽകുന്ന ആറ്റംബോംബിനെ പറ്റിയുള്ള മറ്റൊരു വർണ്ണന നോക്കുക. സൂറ:ഹുമസ എന്ന ചെറിയ സൂറത്തിൽ ആറ്റം ബോംബ് വർഷം കൊണ്ട് ഉണ്ടാവു

*(ശേഷം 42-ാം പേജിൽ)*

ങ്കിലും - അമേരിക്കക്കെതിരെ ഒരു സോഷ്യലിസ്റ്റ് ചേരി രൂപപ്പെടുന്നതിന്റെ സൂചന ലോകരാഷ്ട്രീയം നോക്കിയാൽ നമുക്ക് കാണാനാവും. ഈ മഹായുദ്ധത്തിന്റെ നാന്ദി കുറിക്കുന്ന സ്ഥലം ശ്യാം ആയിരിക്കുമെന്ന് ഹദീസുകളിലും വാഗ്ദത്ത മസീഹിന്റെ വചനങ്ങളിലും വന്നിട്ടുണ്ട്. ശ്യാം ദേശം അറേബ്യയുടെ വടക്ക് ഭാഗത്തുള്ള പ്രദേശങ്ങൾക്ക് മൊത്തത്തിൽ പറയുന്ന പേരാണ്. (ഉദയസൂര്യനെ നോക്കുമ്പോൾ ഇടത് ഭാഗത്തുള്ളത്' എന്നാണ് ശ്യാം എന്നതിന്റെ ഭാഷാർത്ഥം). അതായത് ഇസ്രയേൽ ഉൾപ്പെടുന്ന പലസ്തീൻ ഇറാഖ്, സിറിയ, ജോർദ്ദാൻ, ഇറാന്റെ വടക്കുഭാഗം മുതലായ മദ്ധ്യ പൗരസ്ത്യ രാജ്യങ്ങൾ ഇതിൽപ്പെടും. ഇന്നത്തെ ലോകസംഘർഷങ്ങളുടെ കേന്ദ്രം മദ്ധ്യ പൗരസ്ത്യ ദേശമാണല്ലോ.

## ന്യൂക്ലിയർ ഹോളോകാസ്റ്റ്

ആറ്റം വിഘടനത്തിന്റെ ഫലമായി മോചിതമാവുന്ന വമ്പിച്ച ന്യൂക്ലിയർ ഊർജ്ജത്തെ ഉപയോഗിച്ച് നിർമ്മിക്കുന്ന ആറ്റംബോംമ്പ് യഅ്ജൂജ് മഅ്ജൂജ് ശക്തികൾ ഉപയോഗിക്കും അതിന്റെ പ്രയോഗത്തെക്കുറിച്ച് ഖുർആനിൽ പല സ്ഥലങ്ങളിലും സൂചനകളുണ്ട്. മനുഷ്യന്റെ യുദ്ധചരിത്രങ്ങളിൽ ഇന്നുവരെ ഉപയോഗിച്ചിട്ടില്ലാത്ത അതിഭീകരമായ സംഹാരശക്തിയുള്ള ഈ നശീകരണായുധങ്ങൾ രണ്ടാം ലോകമഹായുദ്ധത്തിൽ ജാപ്പാനിൽ വർഷിച്ചതിന് ലോകം സാക്ഷ്യം വഹിക്കുകയുണ്ടായി. 2 ലക്ഷത്തോളം ആളുകളാണ് ബോംമ്പ് സ്ഫോടനസ്ഥലത്ത് വെച്ച് ഹോളോകാസ്റ്റിന്ന് (കൂട്ടക്കൊലക്ക്) വിധേയമായത്. ചിലർ അതിതാപത്താൽ ആവിയായി പോവുകയായിരുന്നു. 1945ൽ ഹിരോഷിമയിലും, നാഗസാക്കിയിലും വർഷിച്ച ബോംബിനെക്കാൾ എത്രയോ ഇരട്ടി സംഹാരശേഷിയുള്ള ആറ്റം, ഹൈഡ്രജൻ, ന്യൂക്ലിയർ ബോംബുകൾ ഇന്ന് വികസിത രാജ്യങ്ങൾ

ശിക്കും) അവളുടെ കഴുത്തിൽ ഈന്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ട്." ഇത് അബൂലഹബിന്റെ ഭാര്യ ഉമ്മു ജമീലിനെ പറ്റിയാണെന്നാണ് മുഫസ്സിരീങ്ങൾ മുമ്പു പറഞ്ഞിരുന്നത്. അന്ന് ഈ സ്ത്രീയും റസൂൽ തിരുമേനിയെ വളരെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. പല പരദൂ.ഷണങ്ങളും പറഞ്ഞു പരത്തിയിട്ടുണ്ട്. അതുകൊണ്ടാണ് വിറക് ചുമട്ടുകാരിയെന്ന പേർ വന്നതെന്ന് പറയപ്പെടുന്നു. അന്നത്തെ വ്യാഖ്യാനം ഇങ്ങനെയാവാം എന്നാൽ ഇന്നു പ്രസ്തുത വൻശക്തികളുടെ സഖ്യരാഷ്ട്രങ്ങളാണ് താല്പര്യം. ഈ കാലത്ത് "വിറക് ചുമട്ടുകാരി" എന്നതുകൊണ്ടുള്ള വിവക്ഷ മുഖ്യമായും അറബ് രാജ്യങ്ങളാണ്. കാരണം ഇന്നത്തെ വിറക് (ഇന്ധനം) പെട്രോളും, ഡീസൽ മുതലായ ഇന്ധനങ്ങളാണ്. ഈന്തപ്പന നാരുകൊണ്ടു കഴുത്തിലുള്ള ബന്ധത്തെ പറ്റിയുള്ള സൂചനയും അറബ്രാഷ്ട്രങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അവരും അഗ്നിയിൽ പ്രവേശിക്കുമെന്ന് പറയുന്നതിൽ നിന്നും സംഗതി വളരെ വ്യക്തമാകുന്നു. അറബ് രാജ്യങ്ങളും യുദ്ധത്തിൽ ഭാഗഭാക്കാകേണ്ടി വരും. പാശ്ചാത്യ രാഷ്ട്രീയശക്തികളുടെ ഇന്ധനാവശ്യങ്ങൾ നിറവേറ്റുന്ന എണ്ണയുടെ വൻ നിക്ഷേപങ്ങൾ അറബ്രാജ്യങ്ങളിലാണുള്ളത്. അതുകൊണ്ടു തന്നെ അവർ ഈ രാജ്യങ്ങളെ കോളനികളാക്കി അടിമപ്പെടുത്തി വെക്കുകയും അവരുടെ കിടമത്സരങ്ങൾക്ക് വേദിയാക്കുകയും ചെയ്യുക സ്വാഭാവികം - വിറകു ചുമട്ടുകാരിയായ (ഇന്ധനം നൽകുന്ന) അവന്റെ ഭാര്യയും നരകത്തിൽ പ്രവേശിക്കും എന്നു പറഞ്ഞതിന്റെ താല്പര്യം ആസന്നമായ ഈ യുദ്ധത്തിൽ അറബ് മുസ്‌ലിം ലോകവും പങ്കാളിയാവും എന്നാണ്.

വരാനിരിക്കുന്ന ഈ ആഗോള യുദ്ധത്തിൽ ഒരു രാജ്യത്തിനും ഒഴിഞ്ഞുനിൽക്കാനാകില്ല. അമേരിക്കക്കെതിരെയുള്ള സോവിയറ്റ് യൂണിയന്റെ കമ്യൂണിസ്റ്റ് ചേരി ഇല്ലാതായെ

ലേഖനം

# ഇസ്‌ലാം: അക്ഷയമായ ആത്മീയ സ്രോതസ്സ്

മഹ്മൂദ്, കൽക്കുളം

**ദിവ്യവെളിപാടുകളാകുന്ന സ്വർഗ്ഗീയ ജീവജലമാണ് മനുഷ്യനെ ഉന്നതിയിലേക്ക് വളർത്തിക്കൊണ്ടുപോകുന്നത്**

കരയിലും കടലിലും ദിഗന്തങ്ങളിലുമുള്ള പരകോടി ജീവജാലങ്ങളുടെ അവികലമായ സൃഷ്ടിപ്പും വിസ്മയജന്യമായ അവയുടെ പ്രകൃതിയും വിളിച്ചറിയിക്കുന്നത് സൃഷ്ടികർത്താവിന്റെ പ്രതിഭാവിലാസത്തെയാണ്. പ്രപഞ്ചത്തിലെ അസംഖ്യം സൃഷ്ടികളിൽ അദ്വിതീയ സ്ഥാനത്തു നിൽക്കുന്നു മനുഷ്യൻ. ധിഷണാശക്തിയിലും സമുൽകൃഷ്ടതയിലും ഇതരജീവജാലങ്ങളിൽ നിന്നും മനുഷ്യൻ പ്രകടമായ അന്തരം പുലർത്തുന്നുണ്ട്. ഭൂതലത്തിലുള്ളതൊക്കെയും മനുഷ്യന്റെ ഗുണത്തിനും സേവനത്തിനുമായി കനിഞ്ഞരുളിയ ദൈവത്തിന്റെ കരുണാർദ്രതയുടെ പാരമ്യതയും ഇവിടെ മുഴച്ചുനിൽക്കുന്നതായിക്കാണാം. വിശുദ്ധ ഖുർആൻ പറയുന്നു: ''പറയുക: ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ജീവിതമാർഗം ഏർപ്പെടുത്തിത്തരുന്നത് ആരാണ്? അല്ലെങ്കിൽ നിങ്ങളുടെ ചെവികളെയും കണ്ണുകളെയും നിയന്ത്രിക്കുന്നത് ആരാണ്? നിർജീവമായതിൽ നിന്ന് ജീവനുള്ളതിനെയും ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെയും പുറത്തുകൊണ്ടുവരുന്നവൻ ആരാണ്? കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നവൻ ആരാണ്? അപ്പോൾ അവർ പറയും, 'അല്ലാഹു' എന്ന്. അപ്പോൾ നീ പറയുക: എന്നിട്ട് നിങ്ങൾ എന്തുകൊണ്ട് സൂക്ഷ്മത പാലിക്കുന്നില്ല'' (10:32) ''തീർച്ചയായും നാം ആദം സന്തതികളെ ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്നു അവർക്ക് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു" (17:71) മനുഷ്യന്റെ ബാഹ്യമായ നിലനില്പിനും അഭിവൃദ്ധിക്കുമായി ഒട്ടേറെ സംവിധാനങ്ങൾ ചെയ്തിരിക്കുന്ന ദൈവം അവന്റെ ആത്മീയ വികാസത്തിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്.

## ദിവ്യവെളിപാടുകൾ

ഭൂമിയിൽ മനുഷ്യജീവിതത്തിന്ന് ശരിയായ ദിശാബോധം നല്കുന്നത് ദിവ്യവെളിപാടുകളാണ്. അഥവാ ദൈവികമാർഗദർശനമാണ്, മനുഷ്യന്ന് നിത്യജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ബഹുമുഖ പ്രശ്നങ്ങളിൽ, സുബദ്ധവും കുറ്റമറ്റതുമായ കാഴ്ചപ്പാടുണ്ടാക്കി തീർക്കുന്നത്. ദിവ്യബോധനങ്ങൾ സൽപന്ഥാവിലൂടെയുള്ള പ്രയാണത്തിന്ന് വെളിച്ചമെന്നോണം സഹായകമായിത്തീരുന്നു. മനുഷ്യന്റെ കേവലബുദ്ധി ഇതിന് ഒരിക്കലും പര്യാപ്തമാകുന്നില്ല. കേവലബുദ്ധിയെ തീക്ഷ്ണവും ദോഷമുക്തവുമാക്കുന്നത് ദിവ്യവെളിപാടുകളാണ്. വാഗ്ദത്ത മഹ്ദീ മസീഹ്(അ) ഇപ്രകാരം വിശദീകരിക്കുന്നു. ''കാലോചിതമായും ഹിതാനുസൃതമായും ആകാശത്തിൽ നിന്നു മഴയുണ്ടാകുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടുവരുന്ന നിയമവ്യവസ്ഥയാണല്ലോ. ഭൂമിയിൽ കാണുമാറാകുന്ന പച്ചളിപ്പിനും തഴപ്പിനും ആശ്രയമായിരിക്കുന്നത് വർഷജലമാകുന്നു. ആകാശത്തുനിന്ന് മഴയുണ്ടാകുന്നില്ലെങ്കിൽ ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങനെ ഭൂമിയിലെ വെള്ളത്തിനും വർഷജലത്തിനും തമ്മിൽ ഒരു ബന്ധവും ആകർഷണവുമുണ്ടെന്ന് കാണാം. അതുകൊണ്ടുതന്നെയാണ് മഴ പെയ്താൽ കിണറുകളിൽ വെള്ളം പൊന്തിവരുന്നത്. എന്തെന്നാൽ ആകാശത്തുനിന്നുള്ള വർഷ

ജലം ഭൂമിയുടെ അടിയിലുള്ള വെള്ളത്തെ മുകളിലേക്ക് ആകർഷിച്ചുകൊണ്ടുവരുന്നു. ഇത്തരത്തിലുള്ള ഒരാകർഷണവും ബന്ധവുമാണ് ദൈവബോധനത്തിനും വിവേകബുദ്ധിക്കും തമ്മിലുള്ളത്. ദൈവബോധനം സ്വർഗീയ ജലവും വിവേകബുദ്ധി ഭൗമികജലവുമാണെന്നു പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളം കൊണ്ടാണ് നിർമ്മലമായി നിറുത്തപ്പെടുന്നത്. അതുപോലെ, സ്വർഗ്ഗീയ സലിലമാകുന്ന ദൈവവചനത്തിൻന്റെ വെളിപാട് നിലച്ചുപോകുന്ന പക്ഷം ഭൗമികജലമാകുന്ന വിവേകബുദ്ധി ശുഷ്കിച്ചുപോകുന്നതാണ്. ദൈവവചനത്തിന്റെ സ്വീകർത്താവായ സത്യാത്മാവിന്റെ ആഗമനം കൊണ്ടനുഗൃഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞുപോകുന്നതായാൽ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ വെള്ളം വറ്റി മലിനമായിത്തീരുന്ന പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചുപോകുന്നു." (ഇസ്‌ലാം മത തത്വജ്ഞാനം).

**ദൈവദൂതന്മാർ**

ദിവ്യവെളിപാടുകളുടെ പ്രഭവകേന്ദ്രങ്ങളാകുന്നു ദൈവദൂതന്മാർ. ഇരുളിൽ നിന്ന് പ്രകാശലോകത്തേക്ക് മാനവകുലത്തെ ആനയിക്കുന്നതിനുള്ള ദൈവിക ഏർപ്പാടാകുന്നു പ്രവാചക നിയോഗം. "നിങ്ങളെ സർവ്വവിധത്തിലുള്ള അന്ധകാരങ്ങളിൽ നിന്ന് മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിന് വേണ്ടി തന്റെ ദാസന് സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുത്തവനാണവൻ. അല്ലാഹു നിങ്ങളോട് തീർച്ചയായും വളരെ കൃപയുള്ളവനും കരുണാമയനുമത്രെ." (വി. ഖു. 57:10) "നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങളുടെയടുത്തേക്ക് ഒരു ഉൽബോധകനെ ഇറക്കിയിരിക്കുന്നു. അദ്ദേഹം നിങ്ങൾക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു. വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ എല്ലാവിധ അന്ധകാരങ്ങളിൽ നിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി" (65:11, 12). സമൂഹത്തിലെ തെറ്റായ ജീവിത സമ്പ്രദായങ്ങളെപറ്റി അവബോധമുണ്ടാക്കുകയും ഐഹികവും പാരത്രികവുമായ ജയാപജയങ്ങൾക്ക് നിദനമായിത്തീരുന്ന കാര്യങ്ങളെക്കുറിച്ച് സുവാർത്തയും താക്കീതും നല്കുകയുമാണ് ദൈവദൂതന്മാരിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കർത്തവ്യം. അതിപ്രധാനമായ ഈ ദിവ്യദൗത്യം നിർവ്വഹിക്കപ്പെടുന്നതോടെ ഇരുളും വെളിച്ചവും സുവിദിതമായ നിലയിൽ ലോകസമക്ഷം വ്യതിരിക്തമാകുന്നു. തന്മൂലം സന്മാർഗത്തിന്റെ പ്രഭാവലയത്തിലേക്ക് നിർമ്മലചിത്തരായ ആളുകൾ ആകർഷിക്കപ്പെടാനിടയാകുകയും ചെയ്യുന്നു. ഇതുസംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) വിവരിക്കുകയാണ്. ''മനുഷ്യരുടെ സമുദ്ധാരണാർത്ഥം ഏതെങ്കിലും റസൂലോ നബിയോ മുഹദ്ദസോ ആകാശത്ത് നിന്നിറങ്ങുമ്പോൾ അതോടൊപ്പം സഹയാത്രികരായി മാലാഖമാരും ഇറങ്ങുന്നു. അവർ യോഗ്യതയുള്ള ഹൃദയങ്ങളിൽ പ്രവേശിച്ച് മാർഗദർശനം നല്കുകയും നന്മക്ക് പ്രചോദനമുണ്ടാക്കുകയും ചെയ്യുന്നു. അല്ലാഹു അനുവർത്തിച്ചുവന്നിട്ടുള്ള ഒരു പ്രവർത്തനശൈലിയാണിത്. അന്ധകാരവു അധർമ്മവും അകന്നു സത്യവിശ്വാസത്തിന്റെയും സന്മാർഗത്തിന്റെയും പ്രഭാതം പൊട്ടിവിരിയുന്നതുവരെ ഇത്തരം മലക്കുകളുടെ ഇറക്കം തുടർന്നുകൊണ്ടിരിക്കുന്നതാണ്. മലക്കുകളുടെയും റൂഹുൽ ഖുദ്സിന്റെയും അവതാരം അഥവാ ആകാശത്ത് നിന്നുള്ള ഇറക്കം മഹോന്നതനായ ഒരു ദൈവദൂതൻ ഖിലാഫത്തിന്റെ സ്ഥാനമണിഞ്ഞുകൊണ്ടും ദൈവിക ഭാഷണത്തിന്റെ അനുഗ്രഹം നേടിക്കൊണ്ടും ഭൂമിയിൽ അവതരിക്കുമ്പോഴാണ് സംഭവിക്കുക.. അദ്ദേഹത്തോടൊപ്പമുള്ള മാലാഖന്മാർ ലോകത്തുള്ള യോഗ്യത നേടിയ എല്ലാ ഹൃദയങ്ങളിലും അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. അപ്പോൾ ലോകത്ത് എവിടെയെല്ലാം അർഹരായിട്ടുള്ളവരുണ്ടോ അവരുടെ ഹൃദയങ്ങളിൽ ആ പ്രകാശത്തിന്റെ ഒളിമിന്നുകയും അങ്ങനെ പ്രപഞ്ചമാകെത്തന്നെയും ആ 'നൂറാനിയ്യത്ത്' അഥവാ പ്രകാശപ്പൊലിമ പരക്കുകയും ചെയ്യുന്നു." (ഫത്ഹെ ഇസ്‌ലാം)

### പ്രവാചകദൗത്യവും മനുഷ്യ പ്രകൃതിയും

ദൈവദൂതന്മാരുടെ മുഖ്യദൗത്യങ്ങളിലൊന്ന് ശുഭവാർത്തയും താക്കീതും നല്കുക എന്നതാണ്. ''ശുഭവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായല്ലാതെ നാം ദൂതന്മാരെ അയക്കുന്നില്ല." (18:57)" ആദം സന്തതികളേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ അപ്പോൾ ആര് സൂക്ഷ്മത കൈകൊള്ളുകയും സ്വയം നന്നാക്കിത്തീർക്കുകയും ചെയ്യുന്നുവോ അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കുകയില്ല. അവർ വ്യസനിക്കുകയുമില്ല." (7:36) പരമമായ ജീവിതവിജയത്തിനും നിർഭയാവസ്ഥ കൈവരിക്കുന്നതിനും ദുഃഖമോചനത്തിനുമുള്ള വഴികളെ സംബന്ധിച്ച് സുവിശേഷമറിയിക്കുന്ന പ്രവാചകന്മാർ, ധർമ്മവ്യതിയാനത്തിന്റെ അനിവാര്യഫലമായ യാതനകളെപറ്റി മനുഷ്യർക്ക് മുന്നറിയിപ്പും നൽകുന്നുണ്ട്. "ഒരു പ്രവാചകനെ നിയോഗിക്കുന്നതുവരെ നാം ശിക്ഷിക്കുന്നതല്ല." (17:16) ''ജിന്നിന്റെയും ഇൻസിന്റെയും സമൂഹമേ, എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്കു വരിച്ചുതരുകയും ഈ നാളിനെ കണ്ടുമുട്ടുന്നതു സംബന്ധിച്ച് നിങ്ങൾക്ക മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങൾക്കു വന്നിട്ടില്ല? (എന്ന് പുനരുത്ഥാനങ്ങളിൽ അല്ലാഹു ചോദിക്കും) അവർ പറയും: ഞങ്ങൾക്കെതിരായി ഞങ്ങൾ തന്നെയിതാ സാക്ഷ്യം വഹിക്കുന്നു. (അപ്പോൾ) ഐഹികജീവിതം അവരെ വഞ്ചിച്ചു എന്ന് അവർക്ക് ബോദ്ധ്യമാകും."

(6:131) ഭയവും പ്രത്യാശയും മനുഷ്യന്റെ സഹജഗുണങ്ങളാകുന്നു. ഭയാധിഷ്ഠിതമോ പ്രതീക്ഷാനിർഭരമോ ആയ കാര്യങ്ങൾ, അഭിവൃദ്ധിയും പരിവർത്തനവുമുണ്ടാക്കുന്നതിനുള്ള നിമിത്തങ്ങളാകുന്നു. ഉദാഹരണത്തിന്, ഇന്നതുപോലെ പ്രവർത്തിച്ചാലുണ്ടായിത്തീരുന്ന നേട്ടത്തെപറ്റിയുള്ള പ്രത്യാശയും, പ്രവർത്തിക്കാതിരുന്നാലുണ്ടാകുന്ന നഷ്ടത്തെ ഓർത്തുള്ള ഭയപ്പാടും സുചിന്തിതവും സുബന്ധവുമായ മാർഗം തിരഞ്ഞെടുക്കാൻ മനുഷ്യന് പ്രചോദനം നൽകുന്നു. യഥാർത്ഥത്തിൽ, അന്തിമമായി മനുഷ്യർക്കുണ്ടാകുന്ന ഭാഗ്യനിർഭാഗ്യങ്ങളെന്തെല്ലാമാണെന്നതിന്റെ വ്യക്തമായ ചിത്രം അവരുടെ മുമ്പിൽ അവതരിപ്പിക്കുക മാത്രമാണ് പ്രവാചകന്മാർ ചെയ്യുന്നത്. മനുഷ്യപ്രകൃതിക്കനുഗുണമായ നിലയിൽ മാർഗദർശനം നല്കിയിരിക്കുന്ന ദൈവം മനുഷ്യന്റെ പരിധിയും പരിമിതിയും പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു: "ഒരാത്മാവിനും അതിന്റെ കഴിവിൽപ്പെടുന്നതിനല്ലാതെ നാം ഒരു ഉത്തരവാദിത്തഭാരവും നിർബന്ധിച്ചേല്പിക്കുന്നതല്ല. നമ്മുടെ അടുക്കൽ സത്യം പറയുന്ന ഒരു റിക്കാർഡുണ്ട്. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല." (23;63) ''അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്തമേല്പിക്കുന്നില്ല." (2:287).

## ഇസ്‌ലാം അക്ഷയമായ ആത്മീയ സ്രോതസ്സ്

ദൈവപ്രബുദ്ധരായ മഹാത്മാക്കളിലൂടെയാണ് ജീവത്തായ ഒരവസ്ഥ മതലോകത്ത് സംജാതമാകുന്നത്. സർവ്വശക്തനായ ദൈവത്തെപ്പറ്റിയുള്ള സുദൃഢമായ വിശ്വാസം, അവനുമായി സജീവമായ ബന്ധം പ്രദാനം ചെയ്യപ്പെടുന്നതിലൂടെ മാത്രമെ യാഥാർത്ഥ്യമാകുകയുള്ളൂ. ദൈവികമതത്തിന്റെ മർമ്മപ്രധാനമായ അടയാളവും ഇതുതന്നെയാണ്. അഥവാ ആത്മീയമായ സജീവതയും ആത്മീയാനുഗ്രഹങ്ങളുടെ നിർവ്വിഘ്നതയുമാകുന്നു അതിന്റെ കാതൽ. ദിവ്യബോധനങ്ങളും സ്വർഗീയാനുഗ്രഹങ്ങളും കേവലം പുരാണങ്ങളായി മാറുകയും ആത്മീയവീര്യം ചോർന്നുപോകുകയും ചെയ്തിരിക്കുന്ന മതങ്ങൾ മൃതമതങ്ങളാകുന്നു. എന്നാൽ ആത്മീയാനുഗ്രഹങ്ങളുടെ വറ്റാത്ത ഉറവയെന്നോണം നിലകൊള്ളുന്ന ജീവനുള്ള മതം കേവലം ഇസ്‌ലാം ആകുന്നു. ദൈവവിശ്വാസത്തെ ദിവ്യവെളിപാടുകളുടെ സഹായത്താൽ, കരുത്തുറ്റതും സംശയാതീതവുമായ നിലയിൽ അത് ഉറപ്പിക്കുന്നു. എന്നാൽ ദിവ്യവെളിപാടുകളുടെയും ആത്മീയാനുഗ്രഹങ്ങളുടെയും കവാടം താഴിട്ട് പൂട്ടിയിരിക്കുകയാണെന്നും മേലിൽ പ്രസ്തുത അനുഗ്രഹങ്ങളൊന്നും ഉണ്ടാകുന്നതല്ലെന്നും നിർലജ്ജം ഘോഷിച്ചുകൊണ്ട് ഇതര മൃതമതങ്ങൾക്കൊപ്പം ഇസ്‌ലാമിനെയും കൂട്ടിച്ചേർക്കാൻ ധൃഷ്ടരാകുന്നുണ്ട് ചില മുസ്‌ലിം ഉലമാക്കൾ. ഇതുവഴി ഇസ്‌ലാം ദൈവികമതമാണെന്നതിനുള്ള ഏറ്റവും പ്രബലവും അനിഷേധ്യവുമായ ഒരു സാക്ഷ്യത്തെയാണ് അവർ നിരാകരിക്കാൻ മുതിരുന്നത്. എന്നാൽ ഇസ്‌ലാമിന്റെ അനുശാസനകൾ പ്രകാരം ഭക്തിസാന്ദ്രമായ സൂക്ഷ്മജീവിതം നയിക്കുന്നവർക്ക് അത് ഇങ്ങനെ സുവാർത്ത നൽകുന്നു. "ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടടെയടുക്കൽ മലക്കുകൾ ഇറങ്ങും. അവർ പറയും: നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക." (41:31) ''നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (24:56) ''അല്ലാഹു വിനെയും ഈ പ്രവാചകനെയും (നബി(സ) തിരുമേനിയെയും) അനുസരിക്കുന്നവരാരോ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും വിശിഷ്ടരായ കൂട്ടുകാരാണവർ. ഇത് ഇല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാകുന്നു." (4:70, 71) ആത്മീയാനുഗ്രഹങ്ങളെപ്പറ്റിയുള്ള സുവിശേഷങ്ങളാണ് ഉപര്യുധൃത വചനങ്ങളിൽ നൽപ്പെട്ടിരിക്കുന്നത്. ആത്മീയാനുഗ്രഹങ്ങളെ സംബന്ധിച്ചുള്ള വാഗ്ദാനമാണ് ഇസ്‌ലാമിനെ ഇതരമതങ്ങളിൽ നിന്നും വ്യത്യസ്തപ്പെടുന്ന ജീവൽമതമാക്കുന്നത്. വാഗ്ദത്ത മഹ്ദീമസീഹ് (അ) ഇപ്രകാരം വിശദീകരിക്കുന്നു: ''വിശുദ്ധ ഖുർആനിൽ, ദൈവം നമുക്കൊരു പ്രാർത്ഥന പഠിപ്പിച്ചുതന്നിരിക്കുന്നു. 'നാഥാ ഞങ്ങളെ നീ നേരായ മാർഗത്തിൽ വഴി നടത്തേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ പ്രവാചകന്മാർക്കും ദൈവദൂതന്മാർക്കും പ്രദാനം ചെയ്യപ്പെട്ട അനുഗ്രഹത്തെക്കുറിച്ചാണ് ഈ പ്രാർത്ഥന സുവാർത്ത നൽകുന്നത്. ആ എല്ലാ അനുഗ്രഹങ്ങളിലും വെച്ച് ഏറ്റവും സമുന്നതമായ അനുഗ്രഹം സവിശേഷമായ ദിവ്യഭാഷണം തന്നെയാണ്. എന്തെന്നാൽ ദൈവികഭാഷണം ദൈവത്തിന്റെ സാന്നിധ്യത്തിനുള്ള തെളിവും അതിന്റെ പ്രാതിനിധ്യവുമാണ്. ദൈവത്തിന്റെ അസ്തിത്വത്തെ അത് അനാവൃതമാക്കുന്നു. അതിനോടുള്ള പുറംതിരിച്ചിലും നിരാകരണവും ലോകത്തിന് വൻനഷ്ടവും ഹാനിയും വരുത്തുന്നു. അതുകൊണ്ട് മുസ്‌ലിം ഉമ്മത്തിൽ പ്രവാചകന്മാർക്ക് നൽകപ്പെട്ടതുപോലുള്ള നിർമ്മലമായ വെളിപാടു മൂലം അനുഗ്രഹിക്കപ്പെടുന്ന ആരും ഉണ്ടാവില്ലെന്നാണെങ്കിൽ ഈ പ്രാർത്ഥനയുടെ തത്വം വെറുമൊരു വ്യാമോഹത്തിന് സമാനമാവും." (നുസൂലുൽ മസീഹ്)

■

കുറിപ്പുകൾ

**മുസാഫിർ**

# ജിന്ന പുനർജനിക്കുന്നു

ഒരു രാജ്യവും ഔദ്യോഗികമായി അവരുടെ ദേശീയ ചരിത്രമോ ദേശീയ നേതാക്കന്മാരുടെ ചരിത്രമോ എഴുതി സെക്കുലർ വിദ്യാഭ്യാസത്തിന്റെ കരിക്കുലത്തിൽ ഉൽപ്പെടുത്തരുത് എന്ന ഒരു വാദഗതിയുണ്ട്. കാരണം സ്വന്തം ദേശത്തേയും ദേശീയ നേതാക്കന്മാരേയും വാനോളം പുകഴ്ത്തുകയും തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ അധമന്മാരായി അവതരിപ്പിക്കുകയും ചെയ്യുക എന്നത് അത്തരം ചരിത്രരചനയുടെ ദൗർബല്യമായിരിക്കും. ഭരിക്കുന്നവരുടെ സാംസ്ഥ്യത്തിനും നിലനില്പിനും വേണ്ടി രചിക്കുന്ന ഔദ്യോഗിക ചരിത്രം വിമർശനാത്മകമായി യുക്തിപൂർവ്വം പരിശോധിക്കപ്പെടുന്നില്ല. അതിനു ശ്രമിക്കുന്നവരെ ഭരണകൂടം വിമതന്മാരായി മുദ്രകുത്താനും എളുപ്പമുണ്ട്. ചരിത്രം എപ്പോഴും വിജയിച്ചവരുടെ പേരിലുള്ളതാണല്ലോ. നായകനും പ്രതിനായകനുമുള്ള ഒരു കഥാശിൽപം പോലെയാണ് സാധാരണക്കാർക്കിടയിൽ ചരിത്രം പ്രചരിപ്പിക്കപ്പെടുന്നത്. നമ്മുടെ നായകൻ ഗാന്ധിജിയാണെങ്കിൽ പ്രതിനായകൻ ജിന്ന. ഗാന്ധിജി ദേവതുല്യനാണെങ്കിൽ ജിന്ന അപസർപകനായ പ്രതിയോഗി. കറുപ്പും വെളുപ്പും നിറങ്ങളിൽ ഇങ്ങനെ ചരിത്രം രചിക്കുന്നത് ചരിത്രയുക്തിക്ക് ചേർന്നതല്ല. സത്യം ഇതിനിടയിലെവിടെയെങ്കിലുമായിരിക്കും.

മിതവാദ രാഷ്ട്രീയത്തിന്റെ ആൾരൂപമായിരുന്ന ഗോപാലകൃഷ്ണ ഗോഖലയെപ്പോലെയുള്ള ഉന്നതശീർഷരായ നേതാക്കന്മാരുടെ സാന്തത്യത്തിൽ കോൺഗ്രസ്സുകാരനായി രാഷ്ട്രീയം ജീവിതം ആരംഭിച്ച ജിന്ന ഉജ്ജ്വലനായ ഒരു ദേശീയവാദികൂടിയായിരുന്നു. ഹിന്ദു മുസ്ലിം ഐക്യത്തിന്റെ അംബാസിഡർ എന്നു വിശേഷിപ്പിക്കപ്പെട്ട ജിന്ന എങ്ങനെ പാകിസ്താൻവാദിയായി ത്തീർന്നു എന്നതിന്റെ ചരിത്രവസ്തുതകളും ചരിത്ര വിദ്യാർത്ഥികൾ പഠിക്കേണ്ടതുണ്ട്. വീരാരാധന കൊണ്ട് ജീവിച്ചിരിക്കുന്ന ജനനായകന്മാർക്കും സിനിമാനടീനടന്മാർക്കും ആരാധനാലയം പണിയുകയും പൂജ നടത്തുകയും ചെയ്യുന്ന നമ്മുടെ ഈ ഇതിഹാസഭൂമിയിൽ മഹാത്മാക്കളായ ചരിത്രപുരുഷന്മാരും അസുരത്വമുള്ള പ്രതി നായകന്മാരും സൃഷ്ടിക്കപ്പെടാൻ ഒരു ജനകീയ കൂട്ടായ്മ മാത്രം മതി. അത്തരത്തിൽ ചരിത്രപുസ്തകങ്ങളിൽ ആസുരഭാവം പൂണ്ടു നില്ക്കുന്ന ഒരു രാക്ഷസരൂപനായിരുന്നു പാകിസ്താൻ സ്ഥാപകനായ മുഹമ്മദലി ജിന്ന. ജിന്നക്ക് വില്ലന്റെ പരിവേഷം നൽകിയതിന് സ്വാതന്ത്ര്യസമരം നയിക്കുകയും പിന്നീട് ദീർഘകാലം ഇന്ത്യ ഭരിക്കുകയും ചെയ്ത കോൺഗ്രസ്സിനെയാണ് പ്രസിദ്ധ കോളമിസ്റ്റായ ഏ.ജി. നൂറാനി കുറ്റപ്പെടുത്തുന്നത്. അദ്ദേഹം എഴുതുന്നു: "Congress leaders demonised him systematically. So did Indian academics and the press. Jinnah yet awaits a fair assessment ' കോൺഗ്രസ്സ് നേതാക്കന്മാർ അദ്ദേഹത്തെ ആസൂത്രിതമായി രാക്ഷസവത്കരിച്ചു. ഇന്ത്യൻ അക്കാദമിക്ക് ലോകവും പത്രമാധ്യമങ്ങളും അത് തന്നെ ചെയ്തു. ജിന്ന ഇപ്പോഴും സത്യസന്ധമായ വിലയിരുത്തലിനു വേണ്ടി കാത്തുനിൽക്കുന്നു. (Frontline - July - 1 - 2005)

ഹിന്ദുത്വത്തിന്റെ വക്താവും ഇന്ത്യയുടെ പ്രതിപക്ഷ നേതാവുമായ ശ്രീ ലാൽ കിഷൻ അധ്വാനി ഭരണഘടനാനിർമ്മാണസമിതിയിൽ ജിന്ന ചെയ്ത പ്രസംഗത്തെ അടിസ്ഥാനമാക്കി 'മഹാനായ മതേതരൻ' എന്ന മരണാനന്തര വരം നൽകി അദ്ദേഹത്തിന് രാഷ്ട്രീയ മോക്ഷം നൽകിയിരിക്കുകയാണ്. അതുപോലെ ബാബ്‌രി മസ്ജിദ് തകർന്ന ദിവസമാണ് തന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ദിവസം എന്നു അദ്ദേഹം കറാച്ചിയിൽ വെച്ച് കുറ്റസമ്മതം നടത്തുകയും ചെയ്തിരിക്കുന്നു.

ഭാരതീയ ജനതാപാർട്ടിയുടെ മേലദ്ധ്യക്ഷനായ അധ്വാനിജിക്ക് കറാച്ചി യാത്രക്കിടയിൽ ജിന്നാ മുസോളിയത്തിൽ വെച്ച് ജൂൺ 5നാണ് ജിന്ന മതേതരനാണെന്ന വെളിപാടുണ്ടായത്. ക്രിസ്തുശിഷ്യന്മാരെ പീഡിപ്പിക്കാൻ വേണ്ടി ജെറുസലേമിൽ നിന്നും ഡമാസ്കസിലെത്തിയ ക്രിസ്ത്യാനികളുടെ പീഡകനായ സാവടൂളിന്റെ കഥയാണ് ഓർമ്മ വരുന്നത്. ഡമാസ്കസിൽ വെച്ച് സാവൂളിന് ആകാശത്തു നിന്നും യേശുവിന്റെ ഒരു വെളിപാടുണ്ടായി എന്നത്രെ ബൈബിൾ കഥ. അതിൽ പിന്നെ മനഃപരിവർത്തനം വന്ന സാവൂൾ അതീവ ഭക്തനായ ക്രിസ്തുശിഷ്യനും അപ്പോസ്തലനുമായി മാറി. അദ്ദേഹമാണ് പൗലൂസ് അപ്പോസ്തലൻ. അതുപോലെ പാകിസ്താന്റെ ശത്രു, മുസ്ലിം വിരോധി, ബാബ്‌രി പള്ളി ധ്വംസകൻ എന്നീ

അപകീർത്തികളുടെ മുദ്ര പേറി നടന്ന അധ്വാനിജിക്ക് കറാച്ചിയിൽ വെച്ച് ഇങ്ങനെയൊരു മനഃപരിവർത്തനമുണ്ടായതിന്റെ കാരണം അജ്ഞാതം! തന്റെ ഈ പ്രസ്താവനയോടെ മതേതരനായ ജിന്നയോടൊപ്പം തന്നെ മതേതരനായ അധ്വാനിജിയും ജനിച്ചിരിക്കുന്നു. ഈ പ്രസ്താവനയിലടങ്ങിയിരിക്കുന്ന രാഷ്ട്രീയലാക്ക് എന്താണെന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഭരണരാഷ്ട്രീയത്തിന്റെ വക്താക്കൾക്കാണ് അക്കാര്യമറിയാനുള്ള ആകാംക്ഷയും ബേജാറും. വർഗ്ഗീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലമുള്ള അധ്വാനിജിയുടെ കുമ്പസാരവും നേർകാഴ്ചയും അടങ്ങിയ ഈ കറാച്ചി പ്രസ്താവന ഇന്ത്യൻ രാഷ്ട്രീയത്തിൽ പുരോഗമനക്ഷമമായ അനേകം ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. ഒരു പക്ഷേ, വർഗ്ഗീയ രാഷ്ട്രീയത്തിന്റെ അപ്രായോഗികതയും കെടുതിയും അനുഭവത്തിൽ നിന്നും മനസ്സിലാക്കി ഒരു പോസിറ്റീവ് അപ്രോച്ച് സ്വീകരിച്ചതാവാം അദ്ദേഹം. അതുകൊണ്ട് രാഷ്ട്രീയത്തിലെ ധാർമ്മിക മൂല്യങ്ങളോട് പ്രതിബദ്ധതയുള്ളവർ ഈ ചർച്ച ജനാധിപത്യത്തേയും സെക്കുലറിസത്തേയും ശക്തിപ്പെടുത്തുന്ന ദിശയിലേക്ക് തിരിച്ചു വിടുകയാണ് വേണ്ടത്. അല്ലാതെ അധ്വാനിക്ക് നേട്ടമുണ്ടാക്കാനുള്ള തന്ത്രമാണ് ഇതെന്ന് പ്രചരിപ്പിച്ച് അതിനെ തമസ്കരിക്കുകയല്ല വേണ്ടത്. സ്വന്തം പാർട്ടിയിൽ നിന്ന് തന്നെ രൂക്ഷമായ എതിർപ്പ് നേരിടുന്ന അധ്വാനിജിക്ക് സെക്കുലറിസത്തിന്റെ വഴിക്ക് ഒരു രഥയാത്ര നടത്തി നേട്ടമുണ്ടാക്കാനാകുമെങ്കിൽ അതിന് പ്രോത്സാഹനമാണ് നാം നൽകേണ്ടത്. തീർച്ചയായും അത് അദ്ദേഹത്തിനും ഭാരതീയ ജനതാ പാർട്ടിക്കും ഇന്ത്യയുടെ സെക്കുലർ സങ്കല്പങ്ങൾക്കും ആരോഗ്യദായകമായിരിക്കും.

അധ്വാനിജിക്ക് മനഃപരിവർത്തനമുണ്ടാക്കിയ ജിന്നയുടെ ഭരണഘടനാ നിർമ്മാണസമിതിയിലെ ചരിത്രപ്രസിദ്ധമായ പ്രസംഗം സത്യദൂതനിൽ ഇതിനു മുമ്പും പരാമർശിച്ചിട്ടുണ്ട്. പ്രസംഗത്തിന്റെ പ്രസക്ത ഭാഗം ഇങ്ങനെയാണ്.

"നാം പുതിയ പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു. സമയക്രമമനുസരിച്ച് ഹിന്ദുക്കൾ, മുസ്‌ലിംകൾ എന്നീ ഭൂരിപക്ഷ സമുദായങ്ങളുടെ വിഭജനങ്ങൾ അപ്രത്യക്ഷമാകുന്നതാണ്. കാരണം മുസ്‌ലിംകൾ എന്ന് പറയുമ്പോൾ നിങ്ങൾ പഞ്ചാബിയും, ശിയായും സുന്നിയും മറ്റുമാണ്. ഹിന്ദുക്കളാകട്ടെ നിങ്ങൾ ബ്രാഹ്മണരും, വൈഷ്ണവനും ഖത്രിയും അതുപോലെ ബംഗാളിയും മദ്രാസിയും മറ്റുമായിരിക്കും. അതുകൊണ്ട് ഈ വിഭജനങ്ങളെല്ലാം അപ്രത്യക്ഷമാകും.തീർച്ചയായും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുന്നിൽ ഏറ്റവും വലിയ വിലങ്ങുതടി ഇതായിരുന്നു വെന്ന് നിങ്ങൾ പറയുമെങ്കിൽ. ഇതൊഴിവാക്കിക്കൊണ്ട് നാം വളരെ മുമ്പേ സ്വതന്ത്രരാകേണ്ടതായിരുന്നു. ഒരു ശക്തിക്കും മറ്റൊരു രാഷ്ട്രത്തെ കൈയ്യടക്കാൻ സാധിക്കില്ലായിരുന്നു, പ്രത്യേകിച്ച് 400 ദശലക്ഷം മനുഷ്യാത്മാക്കളെ അടിമപ്പെടുത്താൻ. ആർക്കും തന്നെ നിങ്ങളെ കീഴ്പ്പെടുത്താനും കഴിയുമായിരുന്നില്ല. അങ്ങനെയൊന്ന് സംഭവിച്ചെങ്കിൽ തന്നെ ഇത്രകാലം അത് തുടർന്നു നിലനിർത്താനും സാധ്യമല്ലായിരുന്നു.

.......അതുകൊണ്ട് നാം ഇതിൽ നിന്നും ഒരു പാഠം പഠിക്കണം. നിങ്ങൾ തികച്ചും സ്വതന്ത്രരാണ്. ഈ പാകിസ്താൻ രാജ്യത്ത് നിങ്ങൾക്ക് അമ്പലത്തിൽ പോകാം. നിങ്ങൾക്ക് നിങ്ങളുടെ പള്ളികളിൽ പോകാം. നിങ്ങളുടെ ഏത് ആരാധനാലയങ്ങളിലും പോകാം. നിങ്ങൾക്ക് ഏത് മതവും, ജാതിയും, വിശ്വാസപ്രമാണങ്ങളും കൈക്കൊള്ളാം. അതൊന്നും തന്നെ രാഷ്ട്രത്തിന്റെ വിഷയമല്ല. (സദസ്സിൽ നിന്നും സന്തോഷാരവം).

........യാതൊരു പക്ഷപാതിത്വങ്ങളുമില്ലാത്ത ഈ സുദിനത്തിൽ നാം സമാരംഭിക്കുകയാണ്, ഒരു മത സമുദായത്തിൽ നിന്നും ഭിന്നമായി മറ്റൊരു സമുദായത്തോടോ ജാതികൾ തമ്മിലോ വിശ്വാസപ്രമാണങ്ങൾ തമ്മിലോ ഇവിടെ യാതൊരു പക്ഷപാതിത്വങ്ങളുമില്ല. ഒരു രാജ്യത്തിലെ തുല്യാവകാശമുള്ള പൗരന്മാർ എന്ന തത്വത്തെ അടിസ്ഥാനമാ ക്കി നമുക്ക് പ്രവർത്തിക്കാം. (കൈയ്യടി).

......... നമ്മുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട ഈ ആദർശങ്ങൾ നാം മാതൃകയാക്കണം. അങ്ങനെയാണെങ്കിൽ കാലക്രമേണ ഹിന്ദു ഹിന്ദുവല്ലാതാകുന്നതും മുസ്‌ലിം മുസ്‌ലിമല്ലാതെയാവുന്നതും നിങ്ങൾക്ക് കാണാം. മതപരമായ അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. കാരണം മതം മനുഷ്യന്റെ വ്യക്തിപരമായ കാര്യമാണ്. രാഷ്ട്രീയാർത്ഥത്തിൽ നാമെല്ലാം ഒരു രാജ്യത്തിലെ പൗരന്മാരാണ് എന്ന അർത്ഥത്തിലാണ് ഞാനിത് പറയുന്നത്." (ഉദ്ധരണി: From Jinna to Zia - Muhammed Munir).

സെക്കുലറിസത്തോടും ജനാധിപത്യത്തോടുമുള്ള ജിന്നയുടെ അഗാധമായ അഭിനിവേശം പാകിസ്താൻ ഭരണഘടനാ നിർമ്മാണ സമിതിയുടെ ഉദ്ഘാടനവേളയിൽ ഭരണഘടനക്ക് ഒരു ദിശാബോധം നൽകിക്കൊണ്ട് അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. 400 ദശ ലക്ഷം മനുഷ്യാത്മാക്കളെ സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രസംഗത്തിലെ പരാമർശം ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മൊത്തം ജനസംഖ്യയെപ്പറ്റിയായിരുന്നു. പാകിസ്താന്റെ 100 ദശലക്ഷം മുസ്‌ലിംകൾ മാത്രമായിരുന്നില്ല. ഈ 400 ദശലക്ഷം ഭാരതീയരായിരുന്നു ജിന്നയുടെ ഇന്ത്യൻ സമൂഹത്തെക്കുറിച്ചുള്ള സ്വാഭാവിക സങ്കല്പത്തിൽ നിറഞ്ഞു നിന്നത്. വിഭജിച്ച് രക്തം വാർന്നൊലിക്കുന്ന പാകിസ്താനിൽ വെച്ചും വൈദേശികശക്തിക്ക് അടിമപ്പെട്ടുപോയ 400 ദശലക്ഷം ഭാരതീയരെക്കുറിച്ചാണ് അദ്ദേഹം സങ്കടപ്പെടുന്നതെങ്കിൽ ദ്വിരാഷ്ട്രവാദത്തിന്റെ മുഴുവൻ പാപഭാരവും അദ്ദേഹത്തിന്റെ തലക്കുമീതെ വെച്ചുകെട്ടാൻ കഴിയുമോ?!

മുസ്‌ലികളുടെ ആത്മീയസ്ഥാപ

നമായ ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ച തുർക്കി സാമ്രാജ്യത്തിന്റെ പുനസ്ഥാപനവുമായി ബന്ധപ്പെട്ട ഖിലാഫത്ത് പ്രക്ഷോഭണത്തെ ഇന്ത്യയുടെ ദേശീയ പ്രസ്ഥാനവുമായി കൂട്ടിക്കുഴച്ചതിന്റെ പഴി കോൺഗ്രസ് ഏറെ കേട്ടതാണ്. മുസ്‌ലിംകളുടെ തികച്ചും മതപരമായ ഈ വികാരത്തെ ഉദ്ദീപിപ്പിച്ച തിനുശേഷമാണ് ദേശീയ സ്വാതന്ത്ര്യസമരരംഗത്തേക്ക് മുസ്‌ലിം പ്രവാഹമുണ്ടായത്. ജിന്ന ഇതിന്നെതിരായിരുന്നു. എന്നത് ജിന്നയുടെ സെക്കുലർ മനോഭാവത്തിന്റെ നിദർശനമാണ്. സാമുദായികത്വത്തിന്റെ പേരിൽ പ്രക്ഷുബ്ധവും രക്തപങ്കിലവുമായ സമരസംഘട്ടനങ്ങൾ നടത്തേണ്ടിവന്ന ഒരു ജനസമൂഹത്തിന്റെ രാഷ്ട്രീയ സാക്ഷാത്കാരവേളയിൽ മതപരമായ യാതൊരു പക്ഷപാതിത്വവും കാണിക്കാതെ ജിന്ന ചെയ്ത പ്രസംഗം അദ്ദേഹത്തിന്റെ സെക്കുലർ ബോധത്തെ അന്യാദൃശവും ഐതിഹാസികവുമാക്കിതീർക്കുന്നു.

പന്നിയിറച്ചിയും മദ്യവും കഴിക്കുകയും പാഴ്സി യുവതിയെ വിവാഹം ചെയ്യുകയും മതപരമായ അനുഷ്ഠാനങ്ങളിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നതാണ് ജിന്നയുടെ ഏറ്റവും വലിയ മതേതര മൂല്യങ്ങളായി നാം ഇതുവരെ പറഞ്ഞു കേൾക്കാറ്. എന്നാൽ ആദർശനിഷ്ഠയുള്ള ഒരു ജനാധിപത്യവാദിയുടെ മുഖം ജിന്നക്കുണ്ടായയിരുന്നു. ജിന്നയുടെ സെക്കുലർ പ്രതിബദ്ധതയുടെ മറ്റൊരുദാഹരണമായിരുന്നു പാക്കിസ്താന്റെ ദേശീയഗാനമെഴുതാൻ അദ്ദേഹം ലാഹോറിൽ താമസിച്ചിരുന്ന ജഗന്നാഥ് ആസാദ് എന്ന ഒരു ഹിന്ദു കവിയെ തിരഞ്ഞെടുത്തത്. ഹിന്ദുവായ അദ്ദേഹം എഴുതിയ വരികൾ ഇപ്രകാരമാണ്.

ഐ സർസമീനേ പാക്  
സാരേ തേരെ ഹെം ആജ്  
സിതാരോം സെ തബ്നക് റോഷൻ ഹെ  
കഹ്കഷാൻ സെ കഹിം ആജ് തേരി ഖേക്

'അല്ലയോ പാക് ഭൂമീ, നിന്റെ ഓരോ അണുവും നക്ഷത്രത്താൽ ശോഭിച്ചുകൊണ്ടിരിക്കുന്നു. നിന്റെ പരാഗങ്ങൾ പോലും മഴവില്ലിനെ പോലെ പ്രശോഭിതമാക്കപ്പെട്ടിരിക്കുന്നു.' നിർഭാഗ്യകരമെന്ന് പറയട്ടെ ജിന്നയുടെ മരണത്തിനുശേഷം പാകിസ്താൻ ആ ദേശീയഗാനം ഉപേക്ഷിച്ചു. പിന്നീട് ഹാഫിസ് ജലന്ധരി എന്ന ഉറുദുകവി എഴുതിയ ദേശീയ ഗാനമാണ് പാകിസ്താൻ സ്വീകരിച്ചത്.

അതുല്യപ്രഭാവവാനായ ജിന്നയുടെ ഉജ്വലമായ വ്യക്തിത്വത്തിന്നു മുമ്പിൽ മുല്ലായിസത്തിന്റേയും, മതരാഷ്ട്ര മൗലിക വാദത്തിന്റേയും കരിംഭൂതങ്ങൾക്ക് നില്ക്കക്കള്ളിയില്ലായിരുന്നു. പാകിസ്താന്റെ ഇരുട്ടുമാളങ്ങളിൽ അന്ന് ഒളിച്ചുകഴിഞ്ഞിരുന്ന അവർ മതാഭിനിവേശമുള്ള പാകിസ്താനിലെ മുസ്‌ലിം സമൂഹത്തെ ഒട്ടും ഗ്രസിച്ചില്ല എന്നത് അത്ഭുതകരമാണ്. രോഗഗ്രസ്ഥനായ ജിന്നക്ക് ഒരു വർഷത്തെ ജീവിതം മാത്രമേ പാക്കിസ്താനിൽ ദൈവം വിധിച്ചുള്ളൂ. 1948 സപ്ത. 11ന് മഹാനായ ആ മതേതരവാദി ലോകത്തോടു വിടപറഞ്ഞു. അവിടെ നിന്നും ആറുമാസം കഴിഞ്ഞപ്പോൾ ജിന്നയുടെ സെക്കുലർ സങ്കല്പത്തിൽ വെള്ളം ചേർക്കുന്ന ആദ്യത്തെ കാൽവെപ്പുണ്ടായി. മുല്ലമാരുടെ നിർബന്ധത്തിന് വഴങ്ങി - പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന ലിയാക്കത്ത് അലി ഖാൻ പാകിസ്താന്റെ ഭരണഘടനയിലെ പരമാധികാരം 'ജനങ്ങളിൽ നിക്ഷിപ്തമായിരിക്കും' എന്ന വാചകം മാറ്റി 'പരമാധികാരം അല്ലാഹുവിനായിരിക്കും' എന്ന ഭേദഗതി കൊണ്ടുവന്നു. പാകിസ്താനിലെ മുല്ലായിസത്തിന്റെ കുടിലതന്ത്രമായിരുന്നു ഇത്. "അല്ലാഹുവിന്റെ പരമാധികാരം" എന്നു പറഞ്ഞ് മുസ്‌ലിം ജനസാമാന്യത്തെ പേടിപ്പിച്ചുനിർത്തി സങ്കുചിത മനസ്കരും അസഹിഷ്ണുക്കളുമായ മുല്ലമാർ തങ്ങളുടെ സ്വന്തം മതവ്യാഖ്യാനങ്ങൾ അടിച്ചേൽപ്പിക്കാനുള്ള കുതന്ത്രമാണ് പ്രയോഗിച്ചത് എന്നു വ്യക്തം. അല്ലാതെ അല്ലാഹു വന്ന് രാജ്യം ഭരിക്കില്ല എന്ന് ആർക്കാണറിയാത്തത്?

ജിന്നക്ക് ശേഷമുള്ള പാകിസ്താൻ അടിക്കടി അധോഗതിയിലേക്ക് മുതലക്കൂപ്പ് കുത്തുകയായിരുന്നു. മതരാഷ്ട്രവർഗ്ഗീയ സംഘടനയായ ജമാഅത്തെ ഇസ്‌ലാമിയും, മറ്റു മതഭ്രാന്തന്മാരായ ജിഹാദിപ്രസ്ഥാനങ്ങളും അഴിമതി വീരന്മാരായ രാഷ്ട്രീയ കക്ഷികളുമാണ് ഇന്ന് പാകിസ്താന്റെ ഭാഗധേയം നിർണ്ണയിക്കുന്നത്. പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമിയുടെ നേതാവ് ഖാസിഹുസൈൻ ഒരു മാസം മുമ്പാണ് ജിന്ന ഭരണഘടനാ നിർമ്മാണ സഭയിൽ ചെയ്ത പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തെ രൂക്ഷമായി വിമർശിച്ചത് എന്ന കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്. ഇക്കൂട്ടരുടെ ജുഗുപ്സാവഹമായ രാഷ്ട്രീയ പ്രവർത്തനം കൊണ്ട് ഗതിമുട്ടിയ പാകിസ്താനിൽ ജനാധിപത്യം അരനൂറ്റാണ്ടു കഴിഞ്ഞിട്ടും വിജയിച്ചിട്ടില്ല. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ പാകിസ്താനിൽ ജനാധിപത്യത്തേക്കാൾ കൂടുതൽ പട്ടാളഭരണമാണുണ്ടായത്. ഇന്നും പട്ടാളക്കാരൻ തന്നെയാണ് അവിടെ സസുഖം വാഴുന്നത്. പാകിസ്താനിൽ ജിന്നയുടെ സെക്കുലർ സങ്കല്പത്തിന്റെ തകർച്ച അവിടുത്തെ അഹ്മദികളുടെ പൗരാവകാശങ്ങളും മൗലികാവകാശങ്ങളും ഇല്ലാതാക്കി എന്ന കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്.

ചുരുക്കത്തിൽ വർഗ്ഗീയ വികാരങ്ങൾ രക്തവർണ്ണം പൂണ്ട് ഭീകരമായി കൂലംകുത്തിയൊഴുകിയ ഒരു കാലത്ത് ആ ഭീഭത്സമായ പ്രവാഹങ്ങളിൽ നിന്നെല്ലാം മുക്തനായിക്കൊണ്ട് സെക്കുലറിസവും ജനാധിപത്യമൂല്യങ്ങളും ഉയർത്തിപ്പിടിച്ച ഖായിദെ, അഅ്സം ജിന്നാസാഹിബ് എ.ജി. നൂറാനി അഭിപ്രായപ്പെട്ടതുപോലെ സത്യസന്ധമായ വിലയിരുത്തൽ അർഹിക്കുന്നു. യഥാർത്ഥ ജിന്ന പുനർജനിക്കുമ്പോൾ തീർച്ചയായും നമ്മുടെയും പാകിസ്താന്റെയും സെക്കുലർ സങ്കല്പങ്ങളും ജനാധിപത്യവും ശക്തിപ്പെടാതിരിക്കില്ല. ■

## വാർത്തകൾ

# ബംഗ്ലാദേശിലെ അഹ്മദിയ്യാ പീഡനം അതിരുകടക്കുന്നു അഹ്മദികൾക്ക് നേരെ ബോംബേറ്

**ഡാക്ക:** ജൂൺ 25. ചിറ്റഗോംഗ് ഡിവിഷനിലെ ബ്രഹ്മൻ ബാരിയാ ഏരിയയിൽ താമസിക്കുന്ന അഹ്മദികൾക്കും അവരുടെ പള്ളിക്കും നേരെ രണ്ട് ഡസനിലധികം ബോംബുകൾ വെക്കുകയും പള്ളിക്ക് തീവെക്കുകയും ചെയ്യുകയുണ്ടായി. ഈ പ്രദേശത്തെ മറ്റൊരു പള്ളിക്ക് നേരെയും ബോംബേറും തീവെപ്പും നടന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. സ്ഥലത്തു നിന്ന് തീവ്രവാദികൾ വെച്ച 3 ടൈം ബോംബുകളും 25 സാധാരണ ബോംബുകളും കണ്ടെടുത്തതായി പ്രദേശത്ത് താമസിക്കുന്ന അഹ്മദികൾ പറഞ്ഞു. പക്ഷേ മൂന്ന് ബോംബുകൾ മാത്രമാണ് കണ്ടുകിട്ടിയതെന്നാണ് പോലീസ് പറഞ്ഞത്. അഹ്മദിയ്യാ ജമാഅത്തിൽപെട്ട ബഷീർ അഹ്മദ് മിത്തു (25) ആയിശാ ബീഗം (40) എന്നിവരെ ഗുരുതരമായ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ഈ ആക്രമണവുമായി ബന്ധപ്പെട്ട ആരേയും തന്നെ പോലീസ് ഇതുവരെ അറസ്റ്റു ചെയ്ട്ടില്ല.

അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിക്കൻ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ വേണ്ടി രാജ്യം മുഴുക്കെ അഹ്മദികൾക്കെതിരെ വ്യാപകമായ അക്രമങ്ങൾ മത തീവ്രവാദികളുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. പോലീസിനെ വിന്യസിച്ചിട്ടും പല അഹ്മദിയ്യാ പള്ളികൾക്ക് നേരെയും തീവെപ്പു തുടരുകയാണ്. തീവ്രവാദികൾ ബദുഗറിലെ അഹ്മദിയ്യാ മസ്ജിദിനു നേരെയും അക്രമം നടത്തി. ലോകത്തിലെ നിരവധി രാജ്യങ്ങളും മനുഷ്യാവകാശ സംഘടനകളും ബംഗ്ലാദേശിൽ മുസ്ലിം തീവ്രവാദികൾ അഹ്മദികൾക്ക് നേരെ നടത്തുന്ന അക്രമണങ്ങളിൽ ആശങ്ക ബംഗ്ലാദേശ് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. (കടപ്പാട് : The Daily Star Website Dhakka - English - 25 June 05)

# മുഹമ്മദ് നബി(സ)

## ഹദ്റത്ത് അഹ്മദ്(അ)

"വിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും റസൂൽതിരുമേനിയെ നിയോഗിച്ചയക്കുകയും ചെയ്ത അല്ലാഹു ഇന്നും ജീവിച്ചിരിപ്പുണ്ട്... എന്നാൽ ആ പുണ്യാത്മാവിന്റെ മഹനീയ പദവികളെയും സ്ഥാനമാനങ്ങളെയും കുറിച്ചു ലോകം മനസ്സിലാക്കുന്നില്ല. ഈസാനബി ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന അജ്ഞന്മാരുടെ അന്ധവിശ്വാസം എന്തുമാത്രം അന്യായമാണ്? എന്നാൽ ജീവിച്ചിരിക്കുന്നതിനുള്ള എല്ലാ അടയാളങ്ങളും തെളിവുകളും നമ്മുടെ നബിതിരുമേനിയിലാണ് കാണപ്പെടുന്നത്. ജനങ്ങളുടെ ദൃഷ്ടികളിൽ അദൃശ്യനായിരുന്ന ദൈവത്തെ ഞങ്ങൾക്കു ആ പുണ്യാത്മാവ് മുഖേനയാണ് കാണുവാൻ സാധിച്ചത്. മറ്റു സമുദായങ്ങൾക്കായി അടക്കപ്പെട്ടിരുന്ന വഹ്യുകളുടെയും ദൈവഭാഷണത്തിന്റെയും വാതിലുകൾ ആ പുണ്യപുരുഷന്റെ അനുഗ്രഹാശിസ്സുകൾ മുഖേനയാണ് ഞങ്ങൾക്കായി തുറക്കപ്പെട്ടിരിക്കുന്നത്. ഇതരസമുദായങ്ങളിൽ വെറും കഥകളായവശേഷിച്ചിരുന്ന മഹാത്ഭുതങ്ങൾ ഞങ്ങൾക്കു നബികരീം (സ) മൂലമാണ് നേരിട്ടു ദർശിക്കുവാൻ സാധിച്ചത്. എല്ലാ സ്ഥാനമാനങ്ങളെക്കാൾ അതിമഹത്തായ പദവികൾ ഞങ്ങൾക്കാ പ്രവാചകനിൽ ദർശിക്കുവാൻ കഴിഞ്ഞു. എന്നാൽ അത്ഭുതമെന്നു പറയട്ടെ, ലോകം അവിടുത്തെ കണ്ടറിയുന്നില്ല".....

*ചശ്മയെ മസീഹ്*

(34 -ാം പേജിൽ നിന്ന് തുടർച്ച)

ന്ന വിനാശകരമായ പ്രതിഭാസങ്ങൾ എത്ര സൂക്ഷ്മമായും വിശദമായു മാണ് ഖുർആൻ വിവരിച്ചിരിക്കുന്നത് എന്ന് കാണുക. സൂറ ഹുമസയിൽ പറയുന്നു:

"പരദൂഷകനും അപവാദം പറ ഞ്ഞുപരത്തുന്നവനുമായ ഓരോരു ത്തനും നാശം. ധനം ശേഖരിച്ചുവെ ക്കുകയും എണ്ണിയെണ്ണി കണക്കാക്കി ക്കൊണ്ടിരിക്കുകയും ചെയ്തിട്ടുള്ള വൻ. തന്റെ ധനം അവനെ ശാശ്വത നാക്കിയിരിക്കുകയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല തീർച്ച യായും ആ തകർക്കുന്ന ശിക്ഷ (ഹുതമ)യിൽ അവൻ പിടിച്ചു തള്ള പ്പെടും. ആ തകർപ്പൻ ശിക്ഷ എന്താ ണെന്ന് നിനക്കെന്തറിയാം? അല്ലാ ഹുവിന്റെ കത്തി ജ്വലിപ്പിക്കപ്പെടുന്ന അഗ്നിയാണത്. ഹൃദയങ്ങളിൽ മേൽ ആളിപ്പടരുന്ന (അഗ്നി) അത് (ആ അഗ്നി) നീണ്ട സ്തംഭങ്ങളിലായി അവരുടെ മേൽ അടച്ചുമൂടപ്പെട്ടിരി ക്കും." (104;2–10).

ഈ സൂറത്തിൽ ആറ്റംബോംബി നെപറ്റിയുള്ള സൂക്ഷ്മമായ വിവരണ ങ്ങൾ അടങ്ങിയിരിക്കുന്നു. 'ഹുതമ' എന്ന പദത്തിന് രണ്ട് വിധത്തിലുള്ള നിഷ്പത്തിയുണ്ട്. ഒന്ന് 'ഹതമ' ഖണ്ഡിക്കുക, ഏറ്റവും ചെറിയ കണ ങ്ങളാക്കി പൊടിക്കുക എന്നിവയാണ് അത്. മറ്റൊന്ന് 'ഹിതമ' ചെറിയ ഘട കങ്ങളാക്കി പൊടിക്കുക എന്നും. ആറ്റംബോംബിൽ നടക്കുന്ന പ്രവർ ത്തനവും ഇത് തന്നെയാണ്. ഭാരമേ റിയ ഒരു ആറ്റത്തിന്റെ കേന്ദ്രത്തെ ഒരു ന്യൂട്രോണുപയോഗിച്ചു ഖണ്ഡി ക്കു (Nuclear Fission) മ്പോൾ ആ ആറ്റത്തിൽ അടങ്ങിയിരിക്കുന്ന വമ്പിച്ച ഊർജ്ജം മോചിതമാവുന്നു. ഇതാണല്ലോ ആറ്റംബോംബിന്റെ തത്ത്വം. വാസ്തവത്തിൽ ആറ്റം' എന്ന ഇംഗ്ലീഷ് പദം 'ഹതമ' എന്ന അറബിമൂലത്തിന്റെ ഒരു അന്യഭാഷാ രൂപാന്തരണമാണ്. ഇനിയും വിഭജി ക്കാൻ കഴിയാത്തത് എന്ന സങ്കല്പ ത്തിലാണ് 'ആറ്റം' എന്ന പദം ഉപ യോഗിച്ചത്. പിന്നീട് ആറ്റവും പിളർത്താമെന്നായി. അങ്ങനെ ആറ്റം വിഘടനത്താൽ മോചിപ്പിക്കപ്പെടുന്ന നാരകീയമായ താപം. അതാണ് ഇവിടെ 'തകർക്കുന്ന ശിക്ഷ' അഥവാ 'ഹുതമ' എന്ന പദം കൊണ്ട് വിവക്ഷി ക്കുന്നത്. ആ അഗ്നിയുടെ മറ്റൊരു ഗുണമായി ഖുർആൻ ഇവിടെ പറയു ന്നത് ശ്രദ്ധേയമാണ്. 'ഹൃദയങ്ങളിൽ ആളിപ്പടരുന്ന അഗ്നി' എന്നാണ്. ഈ പ്രയോഗത്തിലടങ്ങിയിരിക്കുന്ന ശാസ്ത്രീയ സത്യവും നമ്മെ അത്ഭു തപ്പെടുത്തും. ആറ്റംബോംബ് വർഷിച്ചാൽ വമ്പിച്ച താപത്തോ ടൊപ്പം അൽഫാ, ബീറ്റാ, ഗാമാ, എക്സ്–റേ, എന്നീ രശ്മികൾ ന്യൂട്രോണുകൾക്കൊപ്പം അതി ശീഘ്രം പ്രസരിക്കും. ശബ്ദതരംഗ ങ്ങൾ സഞ്ചരിക്കുന്നതിനേക്കാൾ വേഗതയിലായിരിക്കും ഇവയുടെ സഞ്ചാരം. ഈ താപതരംഗങ്ങൾ അതിവേഗത ഷോക്ക് വെയ്‌വും (ആ ഘാത തരംഗങ്ങൾ) സൃഷ്ടിക്കും. അത്യന്തം മാരകവും തുളഞ്ഞുകയറു ന്നതുമായ ഗാമാകിരണങ്ങൾ പ്രകാ ശത്തിന്റെ വേഗതയിലാണ് സഞ്ചരി ക്കുക. താപതരംഗങ്ങളെ മറികടന്നു കൊണ്ട് ഗാമാകിരണങ്ങളുടെ ദ്രുതസഞ്ചാരം പരിസരത്തെ മുഴുവൻ കിടിലം കൊള്ളിക്കും. തുളഞ്ഞുകയ റുന്ന ഈ തരംഗാഘാതം മനുഷ്യന്റെ ഹൃദയത്തെയാണ് ബാധിക്കുക – ആറ്റം ബോംബ് വർഷിക്കപ്പെട്ടാൽ ചൂടുകൊണ്ട് കരിയുന്നതിന് മുമ്പേ ആളുകൾ ഹൃദയാഘാതം കൊണ്ട് മരിക്കുന്നത് അതുകൊണ്ടാണ്. വിശുദ്ധ ഖുർആനിലെ പ്രയോഗം നോക്കൂ ''ഹൃദയങ്ങളിൽ ആളിപട രുന്ന തീ' തുടർന്നു പറയുന്ന 'നീണ്ട സ്തംഭങ്ങളിലായും അവരുടെ മേൽ അടച്ചുമൂടപ്പെട്ടിരിക്കും' ഇത് മുമ്പ് വിവരിച്ച കൂണു പോലെ അഗ്നിധൂമ ങ്ങൾ ആകാശത്തേക്ക് വിരിഞ്ഞുപൊ ങ്ങി ഒരു ഭീകരസ്തംഭം സൃഷ്ടിക്കു ന്നതിന്റെ വിവരണമാണ്.

വീണ്ടും ഖുർആൻ രണ്ട് ശാക്തി കച്ചേരികളെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നു. ''നിങ്ങൾക്കെതിരിൽ തീജ്വാലയും ധൂമവും അയക്കപ്പെടും. അപ്പോൾ നിങ്ങൾക്ക് സ്വയം സഹായിച്ച് രക്ഷ പ്പെടാൻ സാധിക്കുകയില്ല... അങ്ങനെ ആകാശം പൊട്ടിപ്പിളരുകയും അത് ചെമന്ന തോൽപോലെ ആയിത്തീരു കയും ചെയ്തുകഴിഞ്ഞാൽ... അന്ന് ഇൻസിനോടും ജിന്നുകളോടും അവ രുടെ പാപത്തെ പറ്റി ചോദിക്കപ്പെടു കയില്ല... കുറ്റവാളികൾ അവരുടെ അടയാളങ്ങൾകൊണ്ട് തിരിച്ചറിയപ്പെ ടും. അപ്പോൾ ശിഖാരോമങ്ങളും പാദ ങ്ങളും കൂട്ടിപ്പിടിപ്പിക്കപ്പെടും... കുറ്റ വാളികൾ നിഷേധിച്ചുകൊണ്ടിരി ക്കുന്ന നരകമാണിത്" (55:36–44).

ആസന്നഭാവിയിൽ മനുഷ്യവംശ ത്തിന്നുമേൽ വന്നുഭവിക്കുന്ന അതി ഭയാനകമായ ഒരു യുദ്ധത്തെ സംബ ന്ധിച്ചും ആ യുദ്ധത്തിൽ പ്രയോഗിക്ക പ്പെടുന്ന അതിമാരകമായ ആറ്റം ബോംബുകളെ സംബന്ധിച്ചുമുള്ള താക്കീതാണ് അല്ലാഹു വിശുദ്ധ ഖുർ ആനിലൂടെ നൽകിയിരിക്കുന്നത്. ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടി രിക്കുന്ന പാപം മൂലം മനുഷ്യൻ ചെയ്തുകൂട്ടുന്ന അകൃത്യങ്ങളാണ് ഒരു മഹായുദ്ധത്തിലേക്ക് നയി ക്കുന്നത് – യഅ്ജൂജ് മഅ്ജൂജ് എന്ന പരസ്പരം മത്സരിക്കുന്ന രണ്ട് ശക്തി കളായിരിക്കും ഈ പാപങ്ങൾക്കും ധർമ്മച്യുതിക്കും നേതൃത്വം നൽകു ന്നത്. അവരുടെ ലോകമേധാവിത്വം ഒരു ആറ്റം യുദ്ധത്തിലൂടെ അവസാ നിക്കുമെന്ന് ഖുർആൻ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. ഈ വിപത്തുക ളിൽ നിന്ന് വിശ്വാസികളെ അല്ലാഹു രക്ഷിക്കുമെന്നും നീതിപൂർണ്ണവും ധാർമ്മികമൂല്യങ്ങളിലധിഷ്ഠിതവു മായ പുതിയ ലോകക്രമം വിശ്വാസി കളുടെ നേതൃത്വത്തിൽ നിലവിൽ വരുമെന്നും അത് സുവിശേഷമറിയി ക്കുന്നു. ഇതെല്ലാം മനസ്സിലാക്കി ദൈവഭക്തിയോടെ ജീവിക്കാനും ഈ ഭയാനകമായ ആണവയുദ്ധത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷി ക്കാനും നമുക്ക് പ്രാർത്ഥിക്കാം.

(തുടരും) ■